01
ആഗസ്റ്റ് 2024
വ്യാഴം
1446 മുഹറം 26
1199 കർക്കിടകം 17
പേജ് 12
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal



# കണ്ണീർ മഴയത്ത്

ഉരുൾപൊട്ടൽ ദുരന്തമുണ്ടായ വയനാട് മുണ്ടക്കൈയിൽ കേന്ദ്ര സേന ഹെലികോപ്റ്ററിൽ അവശ്യസാധനങ്ങൾ എത്തിക്കുന്നു
കെ. ശശി

## മരണം 253

- 96 പേരെ തിരിച്ചറിഞ്ഞു
- 61 മൃതദേഹാവശിഷ്ടങ്ങൾ
- 1500 ലേറെ പേരെ രക്ഷിച്ചു
- താൽക്കാലിക പാലം നിർമ്മിച്ച് പട്ടാളം
- വൃഷ്ടിപ്രദേശങ്ങളിലെ മഴ തിരച്ചിലിന് പ്രതിസന്ധിയാവുന്നു
- അതിഥി സംസ്ഥാന തൊഴിലാളികൾ സുരക്ഷിതർ

മേപ്പാടി: മരണത്തുരുത്തായ മുണ്ടക്കൈയിൽ നിന്നും കൂട്ടത്തോടെ മൃതദേഹങ്ങൾ കണ്ടെത്തിയതോടെ പ്രദേശത്തുണ്ടായ ഉരുൾപൊട്ടലിൽ മരണപ്പെട്ടവരുടെ എണ്ണം 250 കടന്നു. ഒറ്റരാത്രി കൊണ്ട് ഇല്ലാതായ മുണ്ടക്കൈയിലെ കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ നിന്നടക്കം ഇന്നലെയും നിരവധിപേരെ മരിച്ച നിലയിൽ കണ്ടെത്തി. ഏറ്റവുമൊടുവിൽ ലഭിക്കുന്ന വിവരമനുസരിച്ച് 253 പേരാണ് മരിച്ചത്. മരിച്ചവരിൽ 96 പേരെ തിരിച്ചറിഞ്ഞതായാണ് ഔദ്യോഗികമായ കണക്ക്. ഇതിൽ 77പേർ പുരുഷൻമാരും 67 പേർ സ്ത്രീകളുമാണ്. 22 കുട്ടികളും ഉൾപ്പെടുന്നു.

166 മൃതദേഹങ്ങൾ ഇതിനകം പോസ്റ്റുമോർട്ടം ചെയ്തിട്ടുണ്ട്. 61 മൃതദേഹാവശിഷ്ടങ്ങൾ ലഭിച്ചതിൽ 49 എണ്ണവും പോസ്റ്റുമോർട്ടം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. 75 മൃതദേഹങ്ങൾ ഇതിനകം ബന്ധുക്കൾക്ക് വിട്ടു നൽകി. 219 പേരെയാണ് ദുരന്തപ്രദേശത്തുനിന്ന് ആശുപത്രികളിൽ എത്തിച്ചത്. ഇതിൽ 78 പേർ വിവിധ ആശുപത്രികളിൽ ചികിത്സയിൽ തുടരുന്നുണ്ട്. 142 പേരെ ചികിത്സക്ക് ശേഷം ക്യാമ്പുകളിലേക്ക് മാറ്റിയിട്ടുണ്ട്. വയനാട്ടിൽ 73 പേരും മലപ്പുറത്ത് അഞ്ചു പേരുമാണ് ഔദ്യോഗിക കണക്കുകൾപ്രകാരം ചികിത്സയിലുള്ളത്.

ഇന്നലെ രാവിലെ മുതലാണ് മുണ്ടക്കൈയിലെ ദുരന്തഭൂമിയിൽ തകർന്നടിഞ്ഞ വീടുകൾക്കും കെട്ടിടങ്ങൾക്കും ഇടയിൽ കുടുങ്ങിക്കിടക്കുന്നവർക്കായി തെരച്ചിൽ ആരംഭിച്ചത്. സാഹസികവും ദുഷ്ക്കരവുമായിരുന്നു രക്ഷാപ്രവർത്തനം. രക്ഷാപ്രവർത്തകരുടേതുൾപ്പെടെ കണ്ണുനിറക്കുന്നതായിരുന്നു പൊട്ടിയടർന്ന മുണ്ടക്കൈയിലെ കാഴ്ചകൾ.

## പുനരധിവാസത്തിൽ മുസ്‌ലിംലീഗും പങ്കാളിത്തം വഹിക്കും: സാദിഖലി ശിഹാബ് തങ്ങൾ

കോഴിക്കോട്: വയനാട് ദുരന്തത്തിൽ അകപ്പെട്ട കുടുംബങ്ങളെയും വ്യക്തികളെയും പുനരധിവസിപ്പിക്കുന്നതിന് മുസ്‌ലിംലീഗും പങ്കാളിത്തം വഹിക്കുമെന്ന് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പ്രസ്താവിച്ചു. ചൂരൽമലയിലെയും മുണ്ടക്കൈയിലെയും ഉരുൾപൊട്ടലിൽ മരണസംഖ്യ ഉയരുകയാണ്. വീടുകളും സ്വത്തുവകകളും കൂടപ്പിറപ്പികളും നഷ്ടമായി നിരവധി മനുഷ്യരാണ് ദുരന്തമുഖത്ത് സഹായത്തിന് വേണ്ടി കാത്തിരിക്കുന്നത്. സകലതും നഷ്ടമായ സഹോദരങ്ങളെ ചേർത്തുപിടിക്കാൻ മുസ്‌ലിം ലീഗ് പ്രതിജ്ഞാബദ്ധമാണ്. സംഭവമറിഞ്ഞ ഉടൻ പാർട്ടിയുടെ സംവിധാനങ്ങൾ സജീവമായി രക്ഷാപ്രവർത്തനത്തിനും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും രംഗത്തുണ്ട്. മേപ്പാടിയിൽ മുസ്‌ലിംലീഗിന്റെ പ്രത്യേക കൺട്രോൾ റൂം തന്നെ പ്രവർത്തിക്കുന്നുണ്ട്. സ്ഥിതിഗതികൾ വിലയിരുത്തിയ ശേഷം സർക്കാർ സംവിധാനം ഉൾപ്പെടെയുള്ള മറ്റു പുനരധിവാസ പദ്ധതികളോടൊപ്പം മുസ്‌ലിംലീഗും പ്രത്യേക പാക്കേജ് നടപ്പിലാക്കും. വീടുകളുടെ പുനർനിർമ്മാണവും പുതിയ വീടുകളുടെ നിർമ്മാണവും വിദ്യാഭ്യാസ, സാമ്പത്തിക സഹായങ്ങളും പാക്കേജിന്റെ ഭാഗമായിരിക്കുമെന്നും തങ്ങൾ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട സഹായങ്ങൾ മുസ്‌ലിംലീഗിന്റെ ദുരിതാശ്വാസ നിധിയായ താഴെ കാണുന്ന അക്കൗണ്ടിലേക്കാണ് അയക്കേണ്ടത്:

Indian union Muslim league Kerala State committee
A/c no. 4258001800000024, IFSC code: PUNB0425800
PNB Calicut main Branch KPK MENON ROAD CALICUT

പുനരധിവാസ പദ്ധതി വിജയിപ്പിക്കുക: പി.എം.എ സലാം



## ശിഹാബ് തങ്ങളുടെ ഓർമകൾക്ക് ഒന്നര പതിറ്റാണ്ട്

മലപ്പുറം: പാണക്കാട് കൊടപ്പനക്കൽ വീട്ടിലെ മുഹമ്മദലി ശിഹാബ് തങ്ങളെന്ന സൂര്യതേജസ് അസ്തമിച്ചിട്ട് ഇന്നേക്ക് പതിനഞ്ച് ആണ്ട്. മത, രാഷ്ട്രീയ, സമൂഹിക, സാംസ്കാരിക രംഗത്തെ തങ്ങളുടെ അസാന്നിധ്യം നിഴലിച്ച ഒന്നരപ്പതിറ്റാണ്ട് കാലമാണ് കടന്നുപോയത്. സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ വിയോഗം ഒരു ജനതക്ക് നൽകിയത് നികത്താനാവാത്ത നഷ്ടമാണ്. തങ്ങളുടെ വിയോഗത്തിന് ഒരു വർഷം മുമ്പ് ഇതേ ദിവസത്തിലാണ് സയ്യിദ് ഉമർബാഫഖി തങ്ങളും നമ്മെ വിട്ടുപിരിഞ്ഞത്. പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ അനുസ്മരിക്കുന്നു.

നഷ്ടങ്ങളുടെ ആഗസ്റ്റ് ഒന്ന് (പേജ് 4)

## മുസ്തഫയുടെ സ്മൃതികളിൽ നിറയെ ശിഹാബ് തങ്ങൾ

# ഭൂമിയുടെ ആധാരങ്ങളിലെല്ലാം തങ്ങളാണ് രക്ഷിതാവ്

ഇഖ്ബാൽ കല്ലുങ്ങൽ
മലപ്പുറം

കോഴിച്ചെനയിലെ പൊതുവത്ത് മുസ്തഫക്കും കുടുംബത്തിനും പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ രക്ഷിതാവായിരുന്നു. ശിഹാബ് തങ്ങളുടെ വേർപാടിനു പതിനഞ്ച് വർഷം തികയുമ്പോൾ സ്മൃതികൾ മുസ്തഫക്ക് പകരുന്ന ഊർജം ചെറുതല്ല. ഭൂമിയുടെ ആധാരങ്ങളിൽ ശിഹാബ് തങ്ങളായിരുന്നു രക്ഷിതാവായി രേഖപ്പെടുത്തപ്പെട്ടത്. ഭൂമിയുടെ കൈമാറ്റങ്ങളെല്ലാം തീരുമാനിച്ചതും തങ്ങൾ തന്നെയെന്ന് മുസ്തഫ പറയുന്നു. ശിഹാബ് തങ്ങളുടെ വേർപാട് കുടുംബത്തിനു ഇന്നും താങ്ങാനാവുന്നില്ല. മരിക്കുന്നത്‌വരെ പാണക്കാട്ട് നിന്നായിരുന്നു തങ്ങളുടെ കുടുബപരമായ എല്ലാ കാര്യങ്ങളും തീരുമാനിച്ചിരുന്നത്. ഓരോ സന്ദർഭങ്ങളിലും മുസ്തഫക്ക് ശിഹാബ് തങ്ങൾ എഴുതിയ കത്തുകൾ നിധി പോലെ സൂക്ഷിക്കുന്നു. ശിഹാബ് തങ്ങൾ രക്ഷിതാവായതിന്റെ ചരിത്രം മുസ്തഫ അയവിറക്കുന്നതിങ്ങനെ.

പിതാവ് പൊതുവത്ത് മരക്കാർ ഹാജി പൂക്കോയതങ്ങളുടെ കാലത്തേ പാണക്കാട് കൊടപ്പനക്കൽ വീടുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു. പിതാവിന് കുവൈത്തിൽ പാർട്ണർഷിപ്പിൽ അർറൂബി ഹോട്ടലുണ്ടായിരുന്നു. 1977ൽ പിതാവ് മരണപ്പെടുമ്പോൾ തനിക്കും സഹോദരൻമാരായ അബ്ദുൽ റഹ്മാനും അബ്ബാസിനും 12ൽ താഴെ മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. പിതാവിന്റെ ഉടമസ്ഥതയിൽ ഏതാനും ഭൂമികളും കോഴിച്ചെന മേഖലയിലുണ്ടായിരുന്നു. കുട്ടികളായ ഞങ്ങൾ മൂന്ന് പേർ മൈനർമാരായിരുന്നു. ഇതുമൂലം ഭൂമിയുടെയും ഹോട്ടലിന്റെയും സാമ്പത്തിക കാര്യങ്ങൾക്ക് എല്ലാം ശിഹാബ് തങ്ങൾ നേതൃത്വം നൽകണമെന്നാണ് കുടുംബത്തിന്റെ ആഗ്രഹമെന്ന് പരേതനായ കോഴിച്ചെന കുഞ്ഞുഹാജി ശിഹാബ് തങ്ങളുടെ ശ്രദ്ധയിൽ പെടുത്തി. ശിഹാബ് തങ്ങൾ സമ്മതിച്ചു.

കുവൈത്തിലെ ഹോട്ടൽ ശിഹാബ് തങ്ങളുടെ കൈപ്പടിയിൽ എഴുതിയ കരാർ പ്രകാരം മേൽവാടകക്ക് നടത്താൻ നൽകി. പ്രതിമാസം വാടക ശിഹാബ് തങ്ങളുടെ പേരിലേക്ക് കുവൈത്തിൽനിന്ന് അയച്ച് കൊടുത്തു. ശിഹാബ് തങ്ങൾ ഈ കണക്കുകൾ കൃത്യമായി പുസ്തകത്തിൽ രേഖപ്പെടുത്തി. ശിഹാബ് തങ്ങളുടെ പേരിൽ അയക്കുന്ന ഡ്രാഫ്റ്റുകൾ ശിഹാബ് തങ്ങളുട ബാങ്ക് എക്കൗണ്ടിൽ തങ്ങൾ തന്നെ നിക്ഷേപിച്ചു. സംഖ്യ വലുതാകുമ്പോൾ കോഴിച്ചെന മേഖലയിൽ മുസ്തഫയുടെ കുടുംബത്തിന് വേണ്ടി ഭൂമി വാങ്ങുകയായിരുന്നു പതിവ്. സ്ഥലം തിരഞ്ഞെടുക്കുന്നതും വില നിശ്ചയിച്ചിരുന്നതുമെല്ലാം ശിഹാബ്തങ്ങളായിരുന്നു. ഇക്കാര്യങ്ങൾ നോക്കുന്നതിന് ഹൈദരലി ശിഹാബ് തങ്ങളെയും ഉമറലിശിഹാബ് തങ്ങളെയും ശിഹാബ് തങ്ങൾ ചുമതലപ്പെടുത്തിയിരുന്നു. ആറിടങ്ങളിലായി ഇത്തരത്തിൽ ഭൂമി വാങ്ങി. ശിഹാബ് തങ്ങളായിരുന്നു ഈ ഭൂമിയുടെ ആധാരങ്ങളിലെല്ലാം രക്ഷിതാവായി രേഖപ്പെടുത്തപ്പെട്ടത്.



മുസ്തഫ

പാണക്കാട് സയ്യിദ് പൂക്കോയതങ്ങളുടെ മകൻ സയ്യിദ് മുഹമ്മദ് അലി ശിഹാബ് തങ്ങൾ രക്ഷിതാവായ.............. എന്ന് തുടങ്ങുന്ന വരികളാണ് ആധാരങ്ങളിൽ എഴുതിയിട്ടുള്ളത്. ഈ ഭൂമികൾ ക്രയവിക്രയം നടത്തുമ്പോഴും ശിഹാബ് തങ്ങൾ എല്ലാ തിരക്കുകളും മാറ്റിവെച്ച് ഒരു രക്ഷിതാവിന്റെ സ്ഥാനം നിറവേറ്റി. ഇതിനിടെ കുവൈത്തിലെ ഹോട്ടൽ നടത്തിയിരുന്ന കൈപുറത്ത് മുഹമ്മദാജി മരണപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ മകൻ കെ.സി അബ്ദുൽ അസീസിനോടും തന്നോടും ഹോട്ടൽ നടത്താൻ തങ്ങൾ ആവശ്യപ്പെട്ടു. തുടർന്ന് കുവൈത്തിലേക്ക് തിരിച്ചു. അപ്പോഴും ഹോട്ടലിൽ നിന്നുള്ള വരുമാനം ശിഹാബ് തങ്ങളുടെ പേരിൽ അയച്ച് കൊണ്ടിരുന്നു. ഇതിനിടെ കുവൈത്തിൽ യുദ്ധമുണ്ടാപ്പോൾ ഹോട്ടൽ നഷ്ടപ്പെട്ടു. വിവരം അറിയിച്ചപ്പോൾ നാട്ടിൽ സ്ഥാപനം തുടങ്ങാൻ ശിഹാബ് തങ്ങൾ നിർദേശിച്ചു. ഓരോ സന്ദർഭത്തിലും മുസ്തഫ കുവൈത്തിൽനിന്ന് ശിഹാബ് തങ്ങൾക്ക് കത്തുകളയച്ചു. ഇവക്കെല്ലാം കൃത്യമായി തങ്ങൾ മറുപടി അയച്ചു. ഇതെല്ലാം പറയുമ്പോൾ മുസ്തഫക്ക് കണ്ണുകൾ നിറഞ്ഞു. അടുത്തകാലം വരെയും ആധാരങ്ങൾ സൂക്ഷിച്ചിരുന്നത് പാണക്കാട്ട് തന്നെയായിരുന്നു. അന്ന് ശിഹാബ് തങ്ങൾ രക്ഷിതാവായി മുന്നോട്ട്‌വന്നതിനാൽ ഭൂമികൾ അന്യാധീനപ്പെട്ട് പോയില്ല. എല്ലാം സുരക്ഷിതമായി ലഭിച്ചുവെന്നും ശിഹാബ് തങ്ങൾ ഞങ്ങളുടെ കുടുംബത്തിന് വേണ്ടി വിലമതിക്കാനാവാത്ത സേവനമാണ് അർപ്പിച്ചതെന്നും മുസ്തഫ പറയുന്നു.

## ഇസ്മാഈൽ ഹനിയ്യ കൊല്ലപ്പെട്ടു



- ഇസ്രാഈൽ കൊന്നത് സമാധാനത്തെ
- ശൈഖ് യാസീൻ, റൻതീസി, ഹനിയ്യ...

തെഹ്റാൻ: ഹമാസ് രാഷ്ട്രീയ കാര്യ സമിതി തലവൻ ഇസ്മാഈൽ ഹനിയ്യ കൊല്ലപ്പെട്ടു. തെഹ്റാനിലുണ്ടായ ആക്രമണത്തിലാണ് കൊല്ലപ്പെട്ടതെന്ന് ഇറാൻ സൈന്യം അറിയിച്ചു. ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാന്റെ സത്യപ്രതിജ്ഞാചടങ്ങിൽ പങ്കെടുക്കാൻ എത്തിയതായിരുന്നു ഹനിയ്യ. ചൊവ്വാഴ്ച നടന്ന ചടങ്ങിന് മുമ്പ് ഇരുവരും കൂടിക്കാഴ്ച നടത്തിയിരുന്നു. ഇറാൻ പരമോന്നത നേതാവ് ആയത്തുല്ല ഖാംനഈയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. ഹനിയ്യ താമസിച്ച വീടിന് നേരെയുണ്ടായ ഡ്രോൺ ആക്രമണത്തിൽ ഇദ്ദേഹത്തിന്റെ അംഗരക്ഷകനും കൊല്ലപ്പെട്ടിട്ടുണ്ട്. ആക്രമണത്തിനുപിന്നിലെ കൂടുതൽ വിവരങ്ങൾ ഇറാൻ പുറത്തുവിട്ടിട്ടില്ല. കൊലപാതകത്തിനു പിന്നിൽ ഇസ്രാഈലാണെന്ന് ഹമാസ് ആരോപിച്ചു. ഖത്തറിൽ താമസിച്ചാണ് ഹമാസിന്റെ പ്രവർത്തനങ്ങൾക്ക് ഹനിയ്യ നേതൃത്വം നൽകിയിരുന്നത്. ഗസ്സയിൽ ഇസ്രാഈൽ നടത്തിയ ആക്രമണത്തിൽ ഹനിയ്യയുടെ മക്കളും പേരമക്കളും കൊല്ലപ്പെട്ടിരുന്നു. 2006ൽ ഫലസ്തീൻ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടിരുന്നു. 1989ൽ ഇസ്രാഈൽ ജയിലിലടച്ച ഹനിയ്യയെ മൂന്ന് വർഷത്തിന് ശേഷമാണ് മോചിപ്പിച്ചത്. പിന്നീട് ലബനനിലേക്ക് നാടു കടത്തി. ഒരു വർഷത്തിന് ശേഷം ഓസ്‌ലോ കരാർ വ്യവസ്ഥയനുസരിച്ചാണ് വിട്ടയച്ചത്. ഫലസ്തീനിലേക്ക് മടങ്ങിയ ഹനിയ്യ സുരക്ഷ കണക്കിലെടുത്താണ് പിന്നീട് ഖത്തറിലേക്ക് താമസം മാറ്റിയത്. സംഭവത്തിൽ ഇസ്രാഈൽ ഇതുവരെ പ്രതികരിച്ചിട്ടില്ല.

## പത്ത് ജില്ലകളിൽ ഇന്ന് അവധി

തിരുവനന്തപുരം: കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ കാസർകോട്, കണ്ണൂർ, തൃശ്ശൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട്, പത്തനംതിട്ട, എറണാകുളം, ഇടുക്കി ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. ശനിയാഴ്ച വരെ അതിശക്തമായ മഴക്ക് സാധ്യതയെന്നാണ് മുന്നറിയിപ്പ്. കടൽ കൂടുതൽ പ്രക്ഷുബ്ധമാകാൻ സാധ്യതയുണ്ടെന്നും മുന്നറിയിപ്പിൽ പറയന്നു.

## മന്ത്രി വീണാ ജോർജിന്റെ കാർ അപകടത്തിൽ പെട്ടു

മഞ്ചേരി: ആരോഗ്യ മന്ത്രി വീണാ ജോർജ്ജ് സഞ്ചരിച്ച കാർ അപകടത്തിൽപെട്ട് മന്ത്രിയടക്കം മൂന്ന് പേർക്ക് പരിക്കേറ്റു. ഇന്നലെ രാവിലെ ഏഴോടെ മഞ്ചേരി - അരീക്കോട് റോഡിൽ പുല്ലൂർ പള്ളിക്ക് സമീപമാണ് അപകടം. മന്ത്രിയും സംഘവും വയനാട്ടിലെ ദുരന്തഭൂമിയിലേക്ക് പോകുന്നതിനിടെയാണ് കാർ സ്കൂട്ടറുകളിലിടിച്ചാണ് അപകടം. സ്കൂട്ടർ യാത്രക്കാരായ കാവനൂർ പണിക്കശ്ശേരി പത്മജ (45), ആക്കപ്പറമ്പ് മടപ്പള്ളി ഇബ്രാഹീം (55) എന്നിവർക്കാണ് പരിക്കേറ്റത്. ഇവരെ മഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പത്മജയുടെ തലക്കാണ് പരിക്കേറ്റത്. ഇബ്രാഹീമിന് മുഖത്തും കൈയ്ക്കും കാലിനും പരിക്കേറ്റു. എതിർദിശയിൽ നിന്നും വരികയായിരുന്ന സ്കൂട്ടുകളിലിടിച്ച വാഹനം റോഡരികിലെ വൈദ്യുതി പോസ്റ്റിലിടിച്ചാണ് നിന്നത്. ഓടിക്കൂടിയ നാട്ടുകാരാണ് രക്ഷാപ്രവർത്തനം നടത്തിയത്.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ആഗസ്റ്റ് 01 വ്യാഴം
ഗൾഫ് ചന്ദ്രിക

## യുഎഇയിൽ ഇന്ന് മുതൽ ഇന്ധന വിലയിൽ നേരിയ വർധന



അബുദാബി: യുഎഇ ഇന്ധന വില സമിതി 2024 ആഗസ്റ്റ് മാസത്തെ പെട്രോൾ, ഡീസൽ വിലകൾ പ്രഖ്യാപിച്ചു. ജൂലൈയിലെ വില അനുസരിച്ച് നേരിയ നിരക്കു വർദ്ധനവാണ് ആഗസ്റ്റിലുള്ളത്. പുതിയ നിരക്കുകൾ ഇന്നു മുതൽ ബാധകമാകും. സൂപ്പർ 98 പെട്രോൾ ലിറ്ററിന് 3.05 ദിർഹമായിരിക്കും പുതിയ വില. ജൂലൈയിൽ 2.99 ദിർഹമായിരുന്നു ഈടാക്കിയിരുന്നത്. സ്പെഷ്യൽ 95 പെട്രോൾ ലിറ്ററിന് 2.93 ദിർഹമായിരിക്കും പുതിയ വില. നിലവിൽ 2.88 ദിർഹമായിരുന്നു. ഇപ്ലസ് 91 പെട്രോൾ ലിറ്ററിന് 2.86 ദിർഹമാണ് പുതിയതായി നിശ്ചയിച്ചത്. ജൂലൈയിൽ ലിറ്ററിന് 2.80 ദിർഹവുമായി താരതമ്യം ചെയ്യുമ്പോൾ 0.6 ഫിൽസിന്റെ വർദ്ധധവുണ്ട്. അതേസമയം ഡീസൽ ലിറ്ററിന് നിലവിലെ നിരക്കായ 2.89 ദിർഹത്തെ അപേക്ഷിച്ച് 2.95 ദിർഹമാണ് ആഗസ്റ്റിൽ ഈടാക്കുക.



### കറൻസി മൂല്യം

1 യു.എ.ഇ ദിർഹം 22.78 ₹
1 ഒമാനി റിയാൽ 217.39 ₹
1 സൗദി റിയാൽ 22.31 ₹
1 ഖത്തർ റിയാൽ 22.92 ₹
1 കുവൈത്ത് ദിനാർ 273.86 ₹
1 ബഹ്റൈൻ ദിനാർ 222.05 ₹



### സ്വർണവില
(ഗ്രാമിന്-ദിർഹം)

24 കാരറ്റ് 293.00
22 കാരറ്റ് 271.25
21 കാരറ്റ് 262.50
18 കാരറ്റ് 225.00

ഗൾഫ് വാർത്തകൾ

## ഞെട്ടൽ മാറാതെ പ്രവാസ ലോകം

# പുനരധിവാസത്തിന് തയാറായി സംഘടനകൾ



**സ്വന്തം ലേഖകൻ**
ദുബൈ

മലനാടിനെ നെടുകെ പിളർന്ന മലവെള്ളപ്പാച്ചിലിൽ വയനാടിന് സർവ്വതും നഷ്ടപ്പെട്ടപ്പോൾ തേങ്ങലടക്കാനാവാതെ പ്രവാസ ലോകവും. ഇന്നലെ മുണ്ടക്കൈ ഭാഗത്ത് രക്ഷാപ്രവർത്തനങ്ങൾ തുടങ്ങിയപ്പോഴാണ് വയനാടൻ ദുരന്തത്തിന്റെ വ്യാപ്തി ഒന്നുകൂടി വ്യക്തമായത്. സർവ്വതും നഷ്ടപ്പെട്ട വയനാടൻ ജനത എന്തുചെയ്യണമെന്നറിയാതെ പരക്കം പായുന്ന കാഴ്ചയായിരുന്നു. ദുരന്തമുഖമായി മാറിയ മേപ്പാടി പഞ്ചായത്താകെ മരണത്തിന്റെ മണം മാത്രം. ആർക്ക് ആരെയൊക്കെ നഷ്ടപ്പെട്ടുവെന്നോ, ആരൊക്കെ മണ്ണിലടിയിലായെന്നോ, ആരൊക്കെ ജീവനോടെ ഉണ്ടെന്നോ അറിയാനാവാത്ത അവസ്ഥ.

മുണ്ടക്കൈ എന്ന പ്രദേശമാകെ മണ്ണിനടിയിലായ കാഴ്ചയാണ് ഇന്നലെ രാവിലെ ദൃശ്യമായത്. ഇവിടെയുണ്ടായിരുന്ന നാനൂറിലധികം വീടുകൾ എവിടെ പോയെന്ന് ഒരു നിശ്ചയവുമില്ല. രണ്ട് ഗ്രാമങ്ങൾ മുഴുവനായും ശ്മശാനമായി മാറിയിരിക്കുന്നു. വയനാടിനായി എന്തു ചെയ്യാൻ കഴിയുമെന്ന് ആർക്കും പറയാനാവാത്ത സാഹചര്യം. പ്രവാസ ലോകത്തും ഇന്നലെയും തേങ്ങലായിരുന്നു. ദുരന്തത്തിന്റെ ആഴം പുറംലോകമറിഞ്ഞതോടെ പ്രവാസി കുടുംബങ്ങൾ കടുത്ത ആശങ്കയിലാണ്. കേരളമാകെ കനത്ത മഴ തുടരുമ്പോൾ ഇവിടെ ഓരോ പ്രവാസിയും പ്രാർത്ഥനയിലാണ്.

കുടുംബങ്ങളെയും ഉറ്റവരെയും ഓർത്ത് ഉറക്കമില്ലാത്ത രാത്രികൾ. ഒപ്പം വയനാടിനെ ദുരന്തത്തിൽ നിന്നും പിടിച്ചുയർത്താൻ ജീവൻ നൽകാൻ വരെ തയ്യാറായി നിൽക്കുകയാണ് പ്രവാസ ലോകം. രക്ഷാപ്രവർത്തനങ്ങൾ കഴിഞ്ഞാൽ വയനാടിന് വേണ്ടി എന്തിനും തയ്യാറായി നിൽക്കുകയാണ് പ്രവാസികൾ. മുഖ്യമന്ത്രി പിണറായി വിജയൻ ദുരിതാശ്വാസ പ്രവർത്തനം പ്രഖ്യാപിച്ചതോടെ യുഎഇയിലെ പ്രമുഖ വ്യവസായികളായ എം.എ യൂസുഫലി, രവി പിള്ള, ജോയ് ആലുക്ക, കല്യാണ രാമൻ എന്നിവരും മലബാർ ഗോൾഡ് എം.പി എ.പി അഹമ്മദ് തുടങ്ങിയവർ ധനസഹായം പ്രഖ്യാപിച്ചു കഴിഞ്ഞു. യുഎഇ കെഎംസിസിയുടെ ആഭിമുഖ്യത്തിൽ വിവിധ കെഎംസിസി ഘടകങ്ങളെ ഏകോപിപ്പിച്ച് പ്രത്യേക പാക്കേജ് നടപ്പാക്കുമെന്ന് പ്രസിഡന്റ് ഡോ.പുത്തൂർ റഹ്മാൻ, ജനറൽ സെക്രട്ടറി പി.കെ അൻവർ നഹ, ട്രഷറർ നിസാർ തളങ്കര എന്നിവർ അറിയിച്ചു. ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന് ഡോ.പുത്തൂർ റഹ്മാൻ ആവശ്യപ്പെട്ടു. വിവിധ പ്രവാസി സംഘടനകളുടെ ആഭിമുഖ്യത്തിൽ വയനാടിന് വേണ്ടി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമെന്ന് നേതാക്കൾ അറിയിച്ചു.

### 'ഡയസ്പോറ സമ്മിറ്റ് ഇൻ ഡൽഹി' മാറ്റിവെച്ചു




അബുദാബി: അനിയന്ത്രിതമായ യാത്രാക്കൂലി വർധനവിനെതിരെ അബുദാബിയിലെ മുപ്പതോളം പ്രവാസി സംഘടകളുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 8ന് ഡൽഹിയിൽ നടത്താനിരുന്ന പ്രത്യേക സമ്മിറ്റ് മാറ്റിവെച്ചതായി സംഘാടകർ അറിയിച്ചു. ഡയസ്പോറ സമ്മിറ്റ് ഇൻ ഡൽഹി പരിപാടിക്ക് എല്ലാ ഒരുക്കങ്ങളും പൂർത്തിയായിരുന്നു. എന്നാൽ വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പരിപാടി മാറ്റിവെക്കുകയായിരുന്നു. അബുദാബി കെഎംസിസിയുടെ നേതൃത്വത്തിൽ വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിലാണ് ഡയസ്പോറ ഇൻ ഡൽഹി ഒരുക്കിയിരുന്നത്. ഈ സാഹചര്യത്തിൽ പുനരധിവാസ പദ്ധതികൾക്ക് പ്രാമുഖ്യം നൽകുമെന്ന് നേതാക്കൾ അറിയിച്ചു. വയനാട് പുനരധിവാസ പാക്കേജുകൾ തയ്യാറാക്കാനുള്ള ഒരുക്കത്തിലാണ് ഓരോ സംഘടനകളും.

## അറബ് മീഡിയ ഉച്ചകോടി ദുബൈയിൽ

അബുദാബി: മിഡിൽ ഈസ്റ്റിലെ ഏറ്റവും വലിയ മാധ്യമ സമ്മേളനമായ അറബ് മീഡിയ ഉച്ചകോടി 2025 മെയ് 26 മുതൽ 28 വരെ ദുബൈയിൽ നടക്കും. ദുബൈയിലെ രണ്ടാമത്തെ ഡെപ്യൂട്ടി ഭരണാധികാരിയും ദുബായ് മീഡിയ കൗൺസിൽ ചെയർമാനുമായ ശൈഖ് അഹമ്മദ് ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമിന്റെ രക്ഷാകർതൃത്വത്തിലാണ് ഉച്ചകോടി നടക്കുക. ദുബൈ പ്രസ് ക്ലബ് സംഘടിപ്പിക്കുന്ന ഉച്ചകോടി, അറബ് മീഡിയ ഫോറം (എഎംഎഫ്), അറബ് യൂത്ത് മീഡിയ ഫോറം (എഐഎംഎഫ്) അറബ് സോഷ്യൽ മീഡിയ ഇൻഫ്ലുവൻസേഴ്സ് സമ്മിറ്റും ഉൾപ്പെടെ മാധ്യമ വ്യവസായത്തിലെ വിജ്ഞാന വിനിമയത്തിലും സംഭാഷണത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന പ്രധാന പരിപാടികളും നടക്കും. മാധ്യമ പരിപാടിയിൽ പ്രമുഖ രാഷ്ട്രീയ നേതാക്കൾ, എഴുത്തുകാർ, ചിന്തകരായ നേതാക്കൾ, അഭിപ്രായ നിർമ്മാതാക്കൾ, പ്രശസ്ത മാധ്യമ പ്രവർത്തകർ, അറബ്, അന്തർദേശീയ മാധ്യമ സംഘടനകളുടെ മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരുൾപ്പടെ 6,000 പേർ ഉച്ചകോടിയിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അസാധാരണമായ സാങ്കേതിക മുന്നേറ്റങ്ങളാൽ മേഖലയിലെ മാധ്യമരംഗം ഗണ്യമായ പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണെന്ന് ദുബൈ പ്രസ് ക്ലബ് ഡയറക്ടർ ഡോ. മൈത ബിൻത് ഈസ ബുഹുമൈദ് പറഞ്ഞു. ഈ മേഖലയുടെ വെല്ലുവിളികൾ മനസിലാക്കുന്നതിനും വ്യവസായത്തിന്റെ നിലവിലെ അവസ്ഥയെ കൃത്യമായി പ്രതിഫലിപ്പിക്കുകയും പ്രധാന പ്രശ്നങ്ങൾ ഉയർത്തിക്കാട്ടുകയും വളർച്ചാ സാധ്യതകൾ തിരിച്ചറിയുകയും ചെയ്യുന്ന അറബ് മാധ്യമ ഉച്ചകോടിക്കായി ഒരു അജണ്ട വികസിപ്പിക്കുന്നതിന് ദുബൈ പ്രസ് ക്ലബ് പ്രതിജ്ഞാബദ്ധമാണെന്നും, അവർ കൂട്ടിച്ചേർത്തു. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി മാധ്യമങ്ങളെ രൂപപ്പെടുത്തുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളും സംഭവവികാസങ്ങളും കൈകാര്യം ചെയ്യുന്നതിൽ അറബ് മീഡിയ ഫോറം മുൻപന്തിയിലാണ്.

ഉച്ചകോടിയിൽ ഇപ്പോൾ അറബ് മീഡിയ അവാർഡ്, അറബ് സോഷ്യൽ മീഡിയ ഇൻഫ്ലുവൻസേഴ്സ് അവാർഡ്, ഇബ്ദാ അറബ് യൂത്ത് മീഡിയ അവാർഡ് എന്നിവയുൾപ്പെടെ മൂന്ന് അവാർഡുകൾ ഉൾപ്പെടുന്നു.

## സുൽത്താൻ ഇബ്രാഹിം മലേഷ്യയുടെ രാജാവായി സ്ഥാനരോഹണം ചെയ്തു



സുൽത്താൻ ഇബ്രാഹിം സത്യപ്രതിജ്ഞ ചെയ്യുന്നു

കോലാലംപൂർ: മലേഷ്യയുടെ പതിനേഴാമത്തെ രാജാവായി സുൽത്താൻ ഇബ്രാഹിം സത്യപ്രതിജ്ഞ ചെയ്തു സ്ഥാനരോഹണം നടത്തി. അറുപത്തിഅഞ്ചു വയസ്സ് കാരനായ സുൽത്താൻ ഇബ്രാഹിം മലേഷ്യയിലെ ജോഹോർ സംസ്ഥാനത്തെ രാജ്യകുടുംബാംഗമാണ്. രാജ്യതലസ്ഥാനമായ കോലാലംപൂരിൽ ഭരണ സിരാകേന്ദ്രമായ പുത്രജയ ഇസ്താന നെഗാറയിൽ മലേഷ്യയുടെ ഔദ്യോഗിക ആചാരരീതിയിലായിരുന്നു സത്യപ്രതിജ്ഞ ചടങ്ങ്. ബഹ്റൈൻ അമീർ ശൈഖ് ഹമാദ് ഇസ അൽ ഖലീഫ ഉൾപ്പെടെ വിവിധ ലോകരാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളും, രാജ്യത്തിന്റെ ഭരണകർത്താക്കൾ, മുഴുവൻ സംസ്ഥാന ഭരണകർത്താക്കൾ മറ്റു പ്രമുഖ വ്യക്തിത്വങ്ങൾ ഉൾപ്പെടെ എഴുന്നൂറോളം പേർ പങ്കെടുത്ത വലിയ സദസ്സും ഒരു ദിവസം മുഴുവൻ ആഘോഷവുമായിരുന്നു. ദൈവാനുഗ്രഹം കൊണ്ട് രാജ്യത്തിന്റെ ക്ഷേമവും, പരമാധികാരവും കാത്തുസൂക്ഷിക്കുന്നതിനായി തന്റെ കർത്തവ്യങ്ങൾ വിശ്വസ്തതയോടും സത്യസന്ധമായും നിർവഹിക്കുകയും, സമൂഹത്തിലെ എല്ലാ വിഭാഗങ്ങളോടും പൂർണ്ണ പരിഗണനയോടെ നീതിപൂർവ്വമായ ഭരണമായിരിക്കുമെന്നും ഉറപ്പ് നൽകി രാജാവ് തന്റെ രാജകീയപ്രസംഗത്തിൽ പറഞ്ഞു. ജനങ്ങളുടെ ഭാരം ലഘൂക്കരിക്കാനും, രാജ്യത്തെ കൂടുതൽ പുരോഗതിയിലേക്കും സമൃദ്ധിയിലേക്ക് വികസിപ്പിക്കാൻ സർക്കാർ തുടർന്നും പ്രവർത്തിക്കയുമെന്ന് സുൽത്താൻ ഇബ്രാഹിം പ്രത്യാശപ്രകടിപ്പിച്ചു.

## സർക്കാർ സേവനങ്ങൾ

# രാജ്യാന്തര നിലവാരം കൈവരിക്കണം: ശൈഖ് മുഹമ്മദ്



യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം ഉപപ്രധാനമന്ത്രി ശൈഖ് മൻസൂർ ബിൻ സായിദ് അൽ നഹ്യാനുമായി കൂടിക്കാഴ്ച നടത്തുന്നു

ദുബൈ: സർക്കാർ സേവനങ്ങൾ ഏറ്റവും ഉയർന്ന നിലയിൽ രാജ്യാന്തര നിലവാരം കൈവരിക്കണമെന്ന് യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം നിർദേശിച്ചു. പാർപ്പിടം, ജോലി, വിദ്യാഭ്യാസം എന്നിവയ്ക്കു പ്രാധാന്യം നൽകി രാജ്യത്തിന്റെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കണമെന്നും അദ്ദേഹം പറഞ്ഞു. വൈസ് പ്രസിഡന്റും ഉപപ്രധാനമന്ത്രിയും പ്രസിഡൻഷ്യൽ കോർട്ട് ചെയർമാനുമായ ശൈഖ് മൻസൂർ ബിൻ സായിദ് അൽ നഹ്യാനുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം. ജനങ്ങളുടെ ഉയർന്ന ജീവിത നിലവാരം നിലനിർത്താനുള്ള പരിശ്രമം തുടരണം. ലോകത്തിലെ ഏറ്റവും മികച്ച രാജ്യങ്ങളിൽ ഒന്നായി മാറാനുള്ള യുഎഇയുടെ പരിശ്രമം ഇനിയും മുന്നോട്ടുപോകണം. മികച്ച സേവനം നൽകുന്ന മന്ത്രിമാരെയും സർക്കാർ സ്ഥാപനങ്ങളെയും ശൈഖ് മുഹമ്മദ് അഭിനന്ദിച്ചു. നിലവിലുള്ള വികസന പദ്ധതികൾ യോഗത്തിൽ ചർച്ച ചെയ്തു.

# ഫലസ്തീനിലുള്ള അർബുദ രോഗികളെ അബുദാബിയിലെത്തിച്ച് ചികിത്സിക്കും

അബുദാബി: ഗസ്സയിൽ ദുരിതമനുഭവിക്കുന്നവർക്ക് വേണ്ടിയുള്ള യുഎഇയുടെ മനുഷ്യത്വത്തിലൂന്നിയ സഹായവും പിന്തുണയും തുടരുന്നു. അർബുദ രോഗികളും ഗുരുതരമായി പരുക്കേറ്റവരുമായ 85 പലസ്തീനികളെ അബുദാബിയിലേയ്ക്ക് മാറ്റാൻ യുഎഇ അടിയന്തര നടപടി സ്വീകരിച്ചു. ഇസ്രായേലിലെ റാമോൺ വിമാനത്താവളത്തിൽ നിന്ന് കരം അബു സലേം ക്രോസിങ് വഴിയാണ് ഇവരെ കൊണ്ടുവരിക. കൂടാതെ അടിയന്തര മെഡിക്കൽ സാഹചര്യം ആവശ്യമുള്ളവരെ ഗസ്സ മുനമ്പിലെ ആശുപത്രികളിലേയ്ക്കും ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളിലേയ്ക്കും മാറ്റും. ടൺ കണക്കിന് മെഡിക്കൽ സപ്ലൈകളും മരുന്നുകളും ഇവിടേക്ക് എത്തിക്കുകയും ചെയ്തു. ഈ ഉദ്യമങ്ങൾ ഗസ്സയിലെ ജനങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള യുഎഇയുടെ അചഞ്ചലമായ പ്രതിബദ്ധത വീണ്ടും സ്ഥിരീകരിക്കുന്നു. ഇതുവരെ ഗസ്സയിൽ നിന്ന് 709 രോഗികളെയും അവരുടെ 787 കുടുംബാംഗങ്ങളെയും വൈദ്യചികിത്സയ്ക്കായി യുഎഇയിലെത്തിച്ചിട്ടുണ്ട്. പരുക്കേറ്റവരും അർബുദ രോഗികളുമായ 2000 പേർക്ക് പരിചരണം നൽകാനുള്ള യുഎഇ പ്രസിഡന്റ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാന്റെ നിർദേശത്തെ തുടർന്നാണിത്.

ഗസ്സയിൽ നിന്ന് രോഗികളും പരുക്കേറ്റവരുമായ ആളുകളെ അവർക്ക് ആവശ്യമായ അടിയന്തര പരിചരണം ലഭ്യമാക്കുന്നതിന് സഹായിച്ചതിന് യുഎഇയോട് ലോകാരോഗ്യ സംഘടനയുടെ ഡയറക്ടർ ജനറൽ ഡോ. ടെഡ്രോസ് അദാനോം ഗെബ്രിയേസസ് നന്ദി പറഞ്ഞു. കിഴക്കൻ ജറുസലേം ഉൾപ്പെടെയുള്ള വെസ്റ്റ് ബാങ്കിലേയ്ക്കുള്ള പലായനം പുനഃസ്ഥാപിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഇതുവരെ, 8 സഹായ കപ്പലുകൾ, 337 വിമാനങ്ങൾ, 50 എയർഡ്രോപ്പുകൾ, 1,271 ട്രക്കുകൾ എന്നിവയിലൂടെ ഭക്ഷണം, ദുരിതാശ്വാസം, മെഡിക്കൽ ഉപകരണങ്ങൾ എന്നിവയുൾപ്പെടെ 40,000 ടണ്ണിലധികം നിർണായക സഹായം യുഎഇ നൽകിയിട്ടുണ്ട്. 5,340 ടൺ മാനുഷിക സാമഗ്രികളുമായി നാലാമത്തെ യുഎഇ ദുരിതാശ്വാസ കപ്പൽ ഈ ആഴ്ച അൽ അരിഷിൽ എത്തി. ഡോക്ടർമാർ, റെഡ് ക്രോസ്, അൽ അവ്ദ ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ 20 ടൺ അവശ്യ സാധനങ്ങൾ ഈ ആഴ്ച ആരംഭിച്ച ഓപറേഷനിലൂടെ എത്തിച്ചു. ഗസ്സയിലെ ആരോഗ്യസംരക്ഷണ സംവിധാനത്തിന്റെ തകർച്ചയെ തുടർന്നുള്ള മെഡിക്കൽ സേവനങ്ങൾ ഏറെ സഹായകമായി. യുഎഇ ഫലസ്തീനിനായി നൽകിയ ആകെ സഹായം ഇപ്പോൾ 400 ടണ്ണിൽ കൂടുതലാണ്.

വയോജനങ്ങൾക്കും ഹൃദ്രോഗികൾക്കുമുള്ള മരുന്നുകൾ, വേദനസംഹാരികൾ, ആന്റിബയോട്ടിക്കുകൾ, ശ്വസന, ദഹനവ്യവസ്ഥയുടെ മരുന്നുകൾ, കുട്ടികളുടെ അവശ്യ മരുന്നുകൾ, ചർമരോഗങ്ങൾക്കുള്ള തൈലങ്ങൾ, വിവിധ പ്രഥമശുശ്രൂഷാ സാമഗ്രികൾ എന്നിവ സഹായത്തിൽ ഉൾപ്പെടുന്നു. ഗാസ മുനമ്പിലെ മോശം അവസ്ഥകൾ കാരണം മെഡിക്കൽ സപ്ലൈസ് പ്രവേശനം നിർത്തിവച്ചിട്ടും പലസ്തീൻ ജനതയ്ക്ക് സമയബന്ധിതവും ആവശ്യവുമായ സഹായം നൽകാനുള്ള പ്രതിബദ്ധതയാണ് യുഎഇയുടെ നടപടികൾ തെളിയിക്കുന്നത്.

## കോഴിക്കോട് സ്വദേശിയെ കൊലപ്പെടുത്തിയ കേസിൽ

# അഞ്ച് പേരുടെ വധശിക്ഷ നടപ്പാക്കി

**അഷ്റഫ് ആളത്ത്**
ദമ്മാം



കൊല്ലപ്പെട്ട സമീർ

പ്രവാസിയായ മലയാളി യുവാവിനെ കൊലപ്പെടുത്തിയ കേസിൽ സഊദികൾ ഉൾപ്പടെ പ്രതികളായ അഞ്ചുപേരുടെ വധശിക്ഷ നടപ്പിലാക്കി. പ്രതികളിലും ഒരാൾ മലയാളിയാണ്. സഊദി കിഴക്കൻ പ്രവിശ്യയിലെ ജുബൈലിൽ ബുധനാഴ്ചയാണ് ശരീഅത്ത് കോടതിയുടെ ശിക്ഷാവിധി നടപ്പിലാക്കിയത്. തൃശൂർ സ്വദേശി ചേനിക്കാപ്പുറത്ത് സിദ്ദീഖ്, സഊദി പൗരന്മാരായ ജാഫർ ബിൻ സാദിഖ് ബിൻ ഖാമിസ് അൽ ഹാജി, ഹുസൈൻ ബിൻ ബാകിർ ബിൻ ഹുസൈൻ അൽ അവാദ്, ഇദ്രിസ് ബിൻ ഹുസൈൻ ബിൻ അഹമ്മദ് അൽ സമീൽ, ഹുസൈൻ ബിൻ അബ്ദുല്ല ബിൻ ഹാജി അൽ മുസ്ലിമി എന്നിവരെയാണ് കുറ്റകൃത്യം സംശയാതീതമായി തെളിയിക്കപ്പെട്ട സാഹചര്യത്തിൽ വധശിക്ഷക്ക് വിധേയമാക്കിയത്. കോഴിക്കോട് കൊടുവള്ളി മാനിപുരം സ്വദേശി സമീറിനെയാണ് പ്രതികൾ ഗൂഢാലോചന ചെയ്ത് ദാരുണമായി കൊലപ്പെടുത്തിയത്. ചുള്ളിയാട്ട്പൊയിൽവീട്ടിൽ അഹമ്മദ് കുട്ടി ഖദീജ ദമ്പതികളുമകനാണ് സമീർ. 2016 ജൂലൈ ആറിന് കാണാതായ സമീറിനെ പിറ്റേന്ന് കൊലപ്പെടുത്തിയ നിലയിൽ കണ്ടെത്തുകയായിരുന്നു. കുഴൽപ്പണ നടത്തിപ്പിലെ കണ്ണിയാണെന്ന് തെറ്റിദ്ധരിച്ച് ഭീഷണിപ്പെടുത്തി പണംതട്ടാൻ പ്രതികൾ സംഘം ചേർന്ന് സമീറിനെ തട്ടിക്കൊണ്ടുപോവുകയായിരുന്നു. ക്രൂരമർദനത്തിൽ കൊല്ലപ്പെട്ട സമീറിനെ പിന്നീട് പ്രതികൾ വർക്ക്ഷോപ്പ് ഏരിയയിൽ ഉപേക്ഷിച്ച് കടന്നു. എന്നാൽ പഴുതടച്ച അന്വേഷണത്തിലൂടെ 17 ദിവസംകൊണ്ട് മുഴുവൻ പ്രതികളും ജുബൈൽ പൊലീസിന്റെ വലയിലായി. കുഴൽപ്പണ സംഘത്തേയും മദ്യവാറ്റുകാരേയും ബ്ലാക്ക്മെയിൽ ചെയ്ത് കൊള്ളയടിക്കുന്ന സംഘമായിരുന്നു അഞ്ചംഗ പ്രതികൾ. ക്രിമിനൽ കോടതി വിധിച്ച വധശിക്ഷ അപ്പീൽ കോടതി ശരിവെക്കുകയും സഊദികൾ ഉൾപ്പടെയുള്ള പ്രതികളുടെ ദയാഹരജി രാജഭരണകൂടം തള്ളുകയും ചെയ്തിരുന്നു. തുടർന്നാണ് ബുധനാഴ്ച വധശിക്ഷ നടപ്പിലാക്കിയത്. മാപ്പ് നൽകാൻ കൊല്ലപ്പെട്ട സമീറിന്റെ കുടുംബം മുഖേനയും പ്രതികളുടെ ബന്ധുക്കൾ ശ്രമം നടത്തിയിരുന്നു. വധശിക്ഷക്ക് വിധേയനായ അഞ്ചാമൻ ചേനിക്കാപ്പുറത്ത് സിദ്ദീഖ് തൃശൂർ ഏറിയാട് സ്വദേശിയാണ്.

# വാടക കെട്ടിട കരാർ റദ്ദാക്കാതിരുന്നാൽ നിയമക്കുരുക്കിലാവും

**ഗഫൂർ ബേക്കൽ**
ഷാർജ



കെട്ടിട വാടക കരാർ റദ്ദ് ചെയ്യുന്നതിൽ അലസ സമീപനം സ്വീകരിച്ച് നിരവധി പേർ നിയമക്കുരുക്കിലായി. നഗരസഭ എഗ്രിമെന്റ് ചെയ്ത ഫ്ലാറ്റ്, ഷോപ്പ് മുറി വാടക സംബന്ധമായ കേസിൽ മലയാളികൾ ഉൾപ്പെടെ ആയിരങ്ങൾ പ്രതിസന്ധിയിൽ. ഇതിൽ പലരുടെയും നാട്ടിലേക്കുള്ള യാത്രയടക്കം മുടങ്ങി കിടക്കുന്നു. കുടുംബ സമേതം കഴിയുന്നവരുമുണ്ട് കൂട്ടത്തിൽ. കേസും പൊല്ലാപ്പുമായി മക്കളുടെ പഠനമടക്കം മുടങ്ങിയ സാഹചര്യവുമുണ്ട്. വാടക ഫ്ലാറ്റിൽ നിന്നും താമസം ഒഴിയുന്നതോടെ രക്ഷപ്പെട്ടു എന്ന് കരുതി മറ്റു റൂമുകളിലേക്ക് ചേക്കേറിയവർക്ക് നാട്ടിലേക്കുള്ള യാത്ര സമയത്തും മറ്റുമാണ് കഴുത്തിൽ നിയമക്കുരുക്ക് വീണ വിവരമറിയുന്നത്. സാമ്പത്തിക ഞെരുക്കത്തിൽ നിന്നും ആശ്വാസം കിട്ടാൻ സ്വന്തം ഫ്ലാറ്റ് മറ്റൊരാൾക്ക് മറിച്ചു വാടകക്ക് നൽകി, കുടുസ്സു മുറികളിലേക്ക് ഒതുങ്ങിയവരും കുടുക്കിലായ അനുഭവവുമുണ്ട്. താമസത്തിനെടുത്തവർ യഥാസമയം വാടക തുക നൽകാതെ പറ്റിച്ചതാണ് കാരണം. വ്യക്തിഗത രേഖകളും ബാങ്ക് ചെക്കുകൾ ഉൾപ്പെടെ ഗ്യാരണ്ടിയും നൽകിയാണ് കെട്ടിട ഉടമകളിൽ നിന്ന് നേരിട്ടോ, റിയൽ എസ്റ്റേറ്റ് ഏജൻസികൾ മുഖേനയോ താമസത്തിന് ഫ്ലാറ്റുകളെടുക്കുന്നത്. ജോലി നഷ്ടപ്പെടുക പോലുള്ള കാരണത്താൽ വരുമാനം നിലക്കുകയോ കുറയുകയോ ചെയ്താൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാതെ ഫ്ലാറ്റൊഴിവാക്കി താമസം മാറുന്ന പ്രവണതയാണ് നടപടികൾ ക്ഷണിച്ച് വരുത്തുന്നത്.

കോവിഡ് 19 വ്യാപന കാലത്തിന് ശേഷമാണ് ഇത്തരം കേസുകളുടെ എണ്ണം ഗണ്യമായി ഉയർന്നത് എന്ന് ഈ രംഗത്ത് പ്രവർത്തിക്കുന്നവർ പറയുന്നു. ജോലി നഷ്ടപ്പെട്ടും, വരുമാന മാർഗങ്ങൾ നിലച്ചും നിൽക്കകള്ളിയില്ലാതായതോടെ സ്വന്തം പേരിൽ വാടക കരാറുകളുണ്ടാക്കിയ ഫ്ലാറ്റുകൾ പലരും ഉപേക്ഷിച്ചു. വാടക കുടിശ്ശിക സംബന്ധമായി റിയൽ എസ്റ്റേറ്റ്, കെട്ടിട ഉടമകളുമായി ധാരണയുണ്ടാക്കാതെ ഫ്ലാറ്റ് വിട്ടു പലരും. ഇതോടെ റിയൽ എസ്റ്റേറ്റ് ഏജൻസികൾ നഗരസഭയിൽ പരാതി നൽകുന്നു. പരാതി അധികൃതരുടെ മുന്നിലെത്തിയാൽ നഗരസഭയുടെ വാടക നിയന്ത്രണ ഡിപ്പാർട്ട്മെന്റിലെ തർക്ക മധ്യസ്ഥ വിഭാഗത്തിലൂടെ കെട്ടിട ഉടമകൾക്കും വാടകക്കാർക്കും പ്രശ്നം പരിഹരിക്കുന്നതിനുള്ള അവസരമുണ്ട്. ഈ ആനുകൂല്യവും ഉപയോഗപ്പെടുത്താതെ വരുന്നതോടെ തർക്കം കോടതി നടപടികളിലേക്ക് മാറ്റുന്നു.

ഫ്ലാറ്റുകൾ ഒഴിഞ്ഞാൽ കെട്ടിട ഉടമയുടെ, റിയൽ എസ്റ്റേറ്റ് ഏജൻസിയുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് താമസക്കാരൻ കൈപറ്റണം. അതിന് വാടക കുടിശ്ശിക ഉൾപ്പെടെ മുഴുവൻ ബാധ്യതയും അടച്ച് തീർത്തിരിക്കേണ്ടതുണ്ട്. ഈ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിച്ചതിന് ശേഷമാണ് നഗരസഭയിൽ നിന്നും വാടക കരാർ റദ്ദ് ചെയ്യേണ്ടത്. മാത്രമല്ല, ഇത്തരത്തിൽ വാടക കരാർ റദ്ദാക്കിയാൽ മാത്രമേ പ്രസ്തുത ഫ്ലാറ്റ് മറ്റൊരാൾക്ക് എഗ്രിമെന്റ് ചെയ്ത് വാടകയ്ക്ക് നൽകാൻ കെട്ടിട ഉടമക്ക് നഗരസഭ അനുവാദം നൽകൂ. ഇതാണ് കെട്ടിട ഉടമകളെ കേസ് നടപടികളിലേക്ക് നീങ്ങാൻ നിർബന്ധിതമാക്കുന്നത്. കേസ് നീണ്ട് പോയാൽ അത്രയും സമയത്തെ വാടകയും താമസക്കാരന്റെ തലയിൽ വന്ന് ചേരും. ഇങ്ങിനെ മൂന്നും നാലും വർഷത്തെ വാടക സംഖ്യ കുടിശ്ശികയായവരും നിരവധി. ഫ്ലാറ്റുകളിൽ നിന്നും മാറിയതിനാൽ ഉപയോഗിക്കാത്ത മാസങ്ങളിലെ വാടക സംഖ്യയും കുടിശ്ശികയായി തലയിൽ വരുന്ന അവസ്ഥ. സമാന രീതിയിൽ ഷോപ്പ് മുറികളുടെ കാരണത്താൽ കേസിൽ പ്രതികളായവരും ഏറെ. ഷോപ്പ് അടച്ചിട്ട് പോയതല്ലാതെ വാടക കരാറുകൾ കാൻസൽ ചെയ്തിരുന്നില്ല. സാമ്പത്തിക ഞെരുക്കമാണ് ഇങ്ങിനെ പലരെയും ഫ്ലാറ്റുകളും ഷോപ്പുകളും പാതിവഴിയിലിട്ട് മുങ്ങാൻ നിർബന്ധിതമാക്കിയത്. കോവിഡ് പ്രതിസന്ധിയിൽ ജോലി നഷ്ടമായതിനെ തുടർന്ന് വാടക കുടിശ്ശിക ബാക്കി വെച്ച്, താമസ വാടക കരാർ റദ്ദാക്കാതെ നാട് പിടിച്ചു പലരും.

വർഷങ്ങൾക്ക് ശേഷം ജീവിത മാർഗം തേടി യുഎഇ വിമാനത്താവളത്തിൽ വീണ്ടും ഇറങ്ങിയ ഇവരെ നേരെ ജയിലിലേക്കാണ് കൊണ്ട് പോയത്. ഓരോ ദിവസവും നിരവധി പേരാണ് ഫ്ലാറ്റ് കേസിൽ എയർപോർട്ടിൽ പിടിയിലാവുന്നത്. ഇങ്ങിനെയുള്ള പലരുടെയും വാടക കുടിശ്ശിക ലക്ഷം ദിർഹമിനും മുകളിലാണ്. വാടക തർക്ക കേസുകളിൽ ഒരുവിധ ഒത്തുതീർപ്പിനും റിയൽ എസ്റ്റേറ്റ് ഏജൻസികളും കെട്ടിട ഉടമകളും സന്നദ്ധരാവുന്നില്ല. യാതൊരു വിട്ടുവീഴ്ചയുമില്ല എന്ന ഉറച്ച നിലപാടാണ് ഇവർ സ്വീകരിക്കുന്നത്. നിയമ നടപടി നീണ്ട് പോവുന്ന വർഷങ്ങളത്രയും ഫ്ലാറ്റുകൾ മറ്റൊരാൾക്ക് മറിച്ചു നൽകാനാവാതെ ഒഴിച്ചിടേണ്ടി വരുന്നതാണ് കെട്ടിട ഉടമകളെ നിലപാട് കർശനമാക്കാൻ പ്രേരിപ്പിക്കുന്നത്.



## ശരത് പവാർ പറഞ്ഞത് സത്യം

മുംബൈ: കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായ്ക്കെതിരെ എൻ.സി.പി തലവൻ ശരത് പവാർ പറഞ്ഞത് സത്യമായ കാര്യമാണെന്ന് ശിവസേന (ഉദ്ദവ് താക്കറെ വിഭാഗം) നേതാവ് സഞ്ജയ് റാവത്ത്. പവാറിന്റെ വിമർശനം കൃത്യമാണ്. വ്യാജ ഏറ്റുമുട്ടൽ കേസിൽ ജയിലിൽ കിടന്നയാളാണ് അമിത് ഷാ. സുപ്രീംകോടതിയല്ലേ അമിത് ഷായ്ക്കെതിരായ കേസുകൾ ഗുജറാത്തിനു പുറത്തേക്കു മാറ്റിയത്. കുറച്ചുകാലം അമിത് ഷായ്ക്കു ജയിലിൽ കിടക്കേണ്ടിവന്നിരുന്നില്ലേ? മോദി സർക്കാർ അധികാരത്തിലെത്തിയ ശേഷമാണ് അയാൾക്കെതിരായ എല്ലാ കേസുകളും റദ്ദാക്കിയത്. ഇതെല്ലാം രാജ്യത്തെ ജനങ്ങൾക്ക് വ്യക്തമായി അറിയാം.




## ക്രമസമാധാന നില തകർന്നു

ജയ്പൂർ: രാജസ്ഥാനിൽ ബി.ജെ.പി സർക്കാർ അധികാരത്തിലെത്തിയതോടെ കുറ്റകൃത്യങ്ങൾ വർധിച്ചതായി കോൺഗ്രസ് നേതാവും മുൻ മുഖ്യമന്ത്രിയുമായ അശോക് ഗെഹ്‌ലോട്ട്. സംസ്ഥാനത്ത് ക്രമസമാധാന നില തകർന്ന നിലയിലാണ്. ദലിതുകൾ, ന്യൂനപക്ഷങ്ങൾ, ഗോത്രവർഗക്കാർ എന്നിവർക്ക് നേരെ അക്രമം വർധിച്ചു. കുറ്റക്കാർക്കെതിരെ നടപടിയെടുക്കാൻ പൊലീസും മറ്റും തയ്യാറാകുന്നില്ല. ഈ സംഭവങ്ങൾ സംസ്ഥാനത്തിന് കളങ്കമാണ്. ഉത്തരവാദിത്തത്തിൽ നിന്ന് സർക്കാരിന് ഒഴിഞ്ഞുമാറാനാകില്ല. ദലിതുകളുടെയും ഗോത്രവർഗക്കാരുടെയും ന്യൂനപക്ഷങ്ങളുടെയും സുരക്ഷ മുഖ്യമന്ത്രി തന്നെ നേരിട്ട് ഇടപെട്ട് ഉറപ്പാക്കണം.

# ഇന്ത്യ വാർത്തകൾ

ചുരുക്കത്തിൽ

### പ്രീതി സുദാൻ യു.പി.എസ്.സി ചെയർപേഴ്സൺ



ന്യൂഡൽഹി: മുൻ കേന്ദ്ര ആരോഗ്യ സെക്രട്ടറി പ്രീതി സുദാനെ യൂനിയൻ പബ്ലിക് സർവിസ് കമീഷൻ (യു.പി.എസ്.സി) ചെയർപേഴ്സണായി നിയമിച്ചു. പ്രീതി സുദാനെ ഇന്ന് യു.പി.എസ്.സി ചെയർപേഴ്സണായി ചുമതലയേൽക്കും. വ്യക്തിപരമായ കാരണങ്ങൾ ചൂണ്ടിക്കാട്ടി 2029വരെ കാലാവധിയുള്ള മനോജ് സോണി രാജിവച്ച് ആഴ്ചകൾക്ക് ശേഷമാണ് അവരെ നിയമിച്ചത്. വ്യാജ ജാതി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് തട്ടിപ്പ് നടത്തിയെന്ന് ആരോപണമുള്ള പ്രൊബേഷണറി ഐ.എ.എസ് ഓഫീസർ പൂജ ഖേദ്കറിനെ ചുറ്റിപ്പറ്റിയുള്ള വിവാദങ്ങൾക്കിടയിലാണ് മുൻ ചെയർമാന്റെ രാജി. 1983 ബാച്ച് ഐ.എ.എസ് ഉദ്യോഗസ്ഥയാണ് പ്രീതി സുദാൻ. 2025 ഏപ്രിൽ 29 വരെ കാലാവധി ഉണ്ടാകും. പ്രസിഡന്റ് ദ്രൗപതി മുർമു അംഗീകരിച്ചതിനെ തുടർന്നാണ് പ്രീതി സുദാന്റെ നിയമനം.

### കെജ്‌രിവാൾ, സിസോദിയ കസ്റ്റഡി നീട്ടി

ന്യൂഡൽഹി: മദ്യനയ അഴിമതിക്കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ, മുതിർന്ന എ.എ.പി നേതാവ് മനീഷ് സിസോദിയ, ബി.ആർ.എസ് നേതാവ് കെ. കവിത എന്നിവരുടെ ജുഡീഷ്യൽ കസ്റ്റഡി ആഗസ്റ്റ്ഒമ്പത് വരെ നീട്ടി. സി.ബി.ഐ രജിസ്റ്റർ ചെയ്ത കള്ളപ്പണം വെളുപ്പിക്കൽ കേസിൽ പ്രത്യേക ജഡ്ജി കാവേരി ബാജ്‌വയാണ് കസ്റ്റഡി നീട്ടിയതായി ഉത്തരവിറക്കിയത്. തിഹാർ ജയിലിൽ നിന്ന് മൂന്നുപേരെയും വിഡിയോ കോൺഫറൻസിങ് വഴിയാണ് ഡൽഹി റൗസ് അവന്യൂകോടതിയിൽ ഹാജരാക്കിയത്. സി.ബി.ഐ രജിസ്റ്റർ ചെയ്ത കേസിൽ കെജ്‌രിവാൾ സമർപ്പിച്ച ജാമ്യഹരജിയിൽ വിധി പറയുന്നത് തിങ്കളാഴ്ച ഡൽഹി കോടതി മാറ്റി വെച്ചിരുന്നു. കേസിൽ കെജ്‌രിവാളിനെതിരെ സി.ബി.ഐ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിരുന്നു. മദ്യനയത്തിന്റെ മുഖ്യ സൂത്രധാരൻ കെജ്‌രിവാൾ ആണെന്നായിരുന്നു സി.ബി.ഐ കുറ്റപത്രത്തിൽ ചൂണ്ടിക്കാട്ടിയത്. നേരത്തേ കെജ്‌രിവാളിനെ പ്രതിയാക്കി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും കുറ്റപത്രം സമർപ്പിച്ചിരുന്നു. ഇ.ഡി കേസിൽ ജൂലൈ 12ന് സുപ്രീംകോടതി കെജ്‌രിവാളിന് ജാമ്യം അനുവദിച്ചിരുന്നു. എന്നാൽ സി.ബി.ഐ കേസ് നിലനിൽക്കുന്നതിനാൽ അദ്ദേഹത്തിന് ജയിലിൽ നിന്ന് പുറത്തിറങ്ങാൻ സാധിച്ചില്ല.

### കോച്ചിങ് സെന്ററുകളെ നിയന്ത്രിക്കാൻ നിയമം വേണം: എ.എ.പി

ന്യൂഡൽഹി: കോച്ചിങ് സെന്ററുകളെ നിയന്ത്രിക്കാൻ കേന്ദ്ര സർക്കാർ നിയമം കൊണ്ടുവരണമെന്ന് ആം ആദ്മി പാർട്ടി രാജ്യസഭാ എം.പി സഞ്ജയ് സിങ്. വിഷയത്തിൽ രക്ഷിതാക്കളുടെ അഭിപ്രായം തേടാൻ എല്ലാ പാർട്ടികളുടെയും നേതാക്കളെ ഉൾപ്പെടുത്തി ഒരു പാർലമെന്റ് സമിതി രൂപീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കോച്ചിങ് സെന്ററുകളുടെ പ്രവർത്തനം സംബന്ധിച്ച് നിയമം പാസാക്കണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് കത്തെഴുതിയതായും അദ്ദേഹം അറിയിച്ചു. ഓൾഡ് രജീന്ദർ നഗറിലെ കോച്ചിങ് സെന്ററിന്റെ ബേസ്മെന്റിൽ മൂന്ന് സിവിൽ സർവീസ് ഉദ്യോഗാർത്ഥികൾ മുങ്ങി മരിച്ച സംഭവത്തിന്റെ പശ്ചാത്തലത്തിലാണ് ആവശ്യം. അനധികൃതമായി പ്രവർത്തിക്കുന്ന കോച്ചിങ് സെന്ററുകൾക്കെതിരെ ഡൽഹി സർക്കാർ ശക്തമായ നടപടി തുടരുമെന്നും സഞ്ജയ് സിങ് വ്യക്തമാക്കി.

# ശൈഖ് യാസീൻ, റൻതീസി, ഹനിയ്യ...

ഗസ്സ: ഫലസ്തീൻ വിമോചന പോരാട്ടത്തിന്റെ ശക്തി സ്രോതസ്സായിരുന്നു തെഹ്റാനിൽ കൊല്ലപ്പെട്ട ഇസ്മാഈൽ ഹനിയ്യ. ഗസ്സ കൂട്ടക്കുരുതി പത്താം മാസത്തോട് അടുക്കുമ്പോൾ ഹമാസിന്റെ നെടുംതൂണാണ് ഇസ്രാഈൽ തകർത്തിരിക്കുന്നത്.

ഹമാസ് സ്ഥാപകൻ ശൈഖ് അഹ്മദ് യാസീനിന്റെയും പിൻഗാമി ഡോ. അബ്ദുൽ അസീസ് റൻതീസിയുടെയും രക്തസാക്ഷിത്വത്തിനു ശേഷം കൊല്ലപ്പെടുന്ന ഹമാസിന്റെ കരുത്തനായ നേതാവാണ് 62കാരനായ ഹനിയ്യ. ഇറാന്റെ പുതിയ പ്രസിഡന്റ് മസ്ഊദ് പെസഷ്കിയാനോടൊപ്പം ഒരു ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തതിനുശേഷമാണ് അദ്ദേഹം കൊല്ലപ്പെട്ടത്.

1948ൽ ഇസ്രാഈൽ രൂപീകരണത്തെ തുടർന്ന് അഷ്കലോണിൽ നിന്ന് കുടിയിറക്കപ്പെട്ട മാതാപിതാക്കളുടെ മകനായി ഗസ്സയിലെ ഷാത്തി അഭയാർത്ഥി ക്യാമ്പിലായിരുന്നു ഹനിയ്യയുടെ ജനനം. ഗസ്സ സിറ്റിയിലെ ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ ഫലസ്തീൻ വിമോചന പോരാട്ടത്തിൽ പങ്കാളിയായിരുന്നു. അറബി സാഹിത്യമായിരുന്നു പഠന വിഷയം. 1983ൽ ഹമാസിന്റെ മാതൃസംഘടനയായ ഇസ്‌ലാമിക സ്റ്റുഡന്റ് ബ്ലോക്കിൽ ചേർന്നു. 1987ലെ ഒന്നാം ഇൻതിഫാദയിൽ ഇസ്രാഈലി അധിനിവേശ പ്രവർത്തനത്തിനെതിരെയുള്ള പോരാട്ടത്തിൽ പങ്കാളിയായി. മൂന്ന് തവണ ഇസ്രാഈലിന്റെ തടവറയിൽ അടക്കപ്പെട്ടു. ദീർഘകാലത്തെ ജയിൽ വാസത്തിനുശേഷം 1992ൽ റൻതീസി ഉൾപ്പെടെയുള്ള പ്രമുഖരായ ഹമാസ് നേതാക്കളോടൊപ്പം ലബനാനിലേക്ക് നാടുകടത്തപ്പെട്ടു. ആദ്യ ഓസ്ലോ കരാറിനുശേഷം ഗസ്സയിലേക്ക് തിരിച്ചെത്തി. അഹ്മദ് യാസീന്റെ വിശ്വസ്തനായി പ്രവർത്തിച്ചു. ഇസ്രാഈലിന്റെ ഹിറ്റ്‌ലിസ്റ്റിലെ പ്രധാനികളിൽ ഒരാളായിരുന്നു ഹനിയ്യ.

2003 സെപ്തംബറിൽ യാസീനും ഹനിയ്യയും ഒരു വധശ്രമത്തിൽനിന്ന് അത്ഭുതകരായി രക്ഷപ്പെട്ടു. ഗസ്സയിൽ അവർ താമസിച്ചിരുന്ന കെട്ടിടം ഇസ്രാഈൽ ബോംബിട്ട് തകർക്കുന്നതിന് സെക്കന്റുകൾക്കു മുമ്പായി ഇരുവരും പുറത്തുകടന്നു. പക്ഷേ, മാസങ്ങൾക്കുശേഷം ഗസ്സയിലെ ഒരു പള്ളിയിൽനിന്ന് സുബ്ഹി നിസ്കാരം കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ ശൈഖ് യാസീൻ കൊല്ലപ്പെട്ടു. തൊട്ടടുത്ത മാസം ഇസ്രാഈലി ഹെലികോപ്ടറിന്റെ മിസൈലാക്രമണത്തിൽ റൻതീസിയും കൊല്ലപ്പെട്ടു.

2007ൽ ഹനിയ്യ തലവനായി ഹമാസിന്റെ നേതൃത്വത്തിൽ സ്വതന്ത്ര ഫലസ്തീൻ ഭരണകൂടം അധികാരത്തിൽ വന്നു. അതോടെ ഗസ്സക്കെതിരെ ഇസ്രാഈൽ ഉപരോധം പ്രഖ്യാപിച്ചു. കരയും ആകാശവും ഒരുപോലെ ഉപരോധിച്ച് ഗസ്സയെ ഒറ്റപ്പെടുത്തിയപ്പോൾ അന്താരാഷ്ട്രതലത്തിൽ ഓടി നടന്ന് ഫലസ്തീനികൾക്കായി ലോക രാഷ്ട്രങ്ങളോട് സഹായം അഭ്യർത്ഥിച്ചും മറ്റും പിടിച്ചുനിൽക്കാൻ ശ്രമം നടത്തി. 10 മാസമായി തുടരുന്ന കൂട്ടക്കുരുതിയിൽ ഹനിയ്യയുടെ 60 ബന്ധുക്കളെയാണ് ഇസ്രാഈൽ കൊലപ്പെടുത്തിയത്. ഏപ്രിലിൽ അദ്ദേഹത്തിന്റെ മൂന്ന് മക്കളും നാല് പേരമക്കളും വ്യോമാക്രമണത്തിൽ കൊല്ലപ്പെട്ടു. അവർ സഞ്ചരിച്ചിരുന്ന വാഹനം ഇസ്രാഈൽ ബോംബിട്ട് തകർക്കുകയായിരുന്നു.

## യു.എസിന് പങ്കെന്ന് ഇറാൻ; നിഷേധിച്ച് ബ്ലിങ്കൻ

തെഹ്റാൻ: ഹമാസ് മേധാവി ഇസ്മാഈൽ ഹനിയ്യയെ കൊലപ്പെടുത്തിയതിൽ ഇസ്രാഈലിന്റെ സഹായിയെന്ന നിലയിൽ അമേരിക്കക്കും പങ്കുണ്ടെന്ന് ഇറാൻ ആരോപിച്ചു.

ഹമാസ് മേധാവി കൊല്ലപ്പെട്ടതോടെ ഗസ്സയിൽ വെടിനിർത്തൽ അനിവാര്യമായിരിക്കുകയാണെന്ന് യു.എസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കൻ വ്യക്തമാക്കി. എന്നാൽ അമേരിക്കയുടെ അറിവോടെയോ പങ്കാളിത്തത്തോടെയോ അല്ല ഇസ്രാഈൽ ഹനിയ്യയെ കൊലപ്പെടുത്തിയതെന്ന് അദ്ദേഹം പറഞ്ഞു. പശ്ചിമേഷ്യയെ വലിയൊരു യുദ്ധത്തിലേക്ക് തള്ളിവിടാതെ ബന്ധപ്പെട്ട എല്ലാ കക്ഷികളും പരമാവധി സംയമനം പാലിക്കണമെന്ന് ജർമനി ആവശ്യപ്പെട്ടു. പരസ്പരം പ്രതികാരം ചെയ്യുകയെന്ന യുക്തി അബദ്ധമായിരിക്കുമെന്ന് ജർമൻ വിദേശ മന്ത്രാലയ വക്താവ് മുന്നറിയിപ്പുനൽകി.

## ഇസ്രാഈലിന് കഠിന ശിക്ഷ നൽകും: ഹമാസ്

തെഹ്റാൻ: ഹമാസ് മേധാവി ഇസ്മാഈൽ ഹനിയ്യയെ തങ്ങളുടെ മണ്ണിൽ വെച്ച് കൊലപ്പെടുത്തിയതിന് പ്രതികാരമായി ഇസ്രാഈലിനെ കഠിനമായി ശിക്ഷിക്കുമെന്ന് ഇറാൻ. ഭീരുത്വം നിറഞ്ഞ നടപടിക്ക് ഇസ്രാഈൽ വേദിക്കേണ്ടിവരുമെന്ന് ഇറാൻ പ്രസിഡന്റ് മസ്ഊദ് പെസഷ്കിയാനും മറുപടി നൽകാതെ വിടില്ലെന്ന് ഹമാസും വ്യക്തമാക്കി. കഠിനവും ഇസ്രാഈലിനെ ദു:ഖത്തിൽ നിറക്കുകയും ചെയ്യുന്ന പ്രത്യേക നടപടികളിലൂടെയായിരിക്കും ഇതിന് മറുപടി നൽകുകയെന്ന് ഇറാന്റെ യു.എൻ അംബാസഡർ വ്യക്തമാക്കി. ഹനിയ്യയുടെ മരണം തങ്ങളെ കൂടുതൽ കരുത്തരാക്കുകയാണ് ചെയ്യുന്നതെന്ന് ഹമാസ് പ്രതികരിച്ചു. കെട്ടുറപ്പോടെ ഇസ്രാഈൽ അധിനിവേശത്തിനെതിരെ പോരാട്ടം തുടരുമെന്നും ഹമാസ് വക്താവ് വ്യക്തമാക്കി. ഇസ്രാഈൽ നടപടിക്കെതിരെ ഫലസ്തീൻ സംഘടനകൾ പൊതു പണിമുടക്കിന് ആഹ്വാനം ചെയ്തു. ഹമാസിന്റെ പ്രധാന രാഷ്ട്രീയ എതിരാളിയായ ഫലസ്തീൻ അതോറിറ്റിയുടെ പ്രസിഡന്റ് മഹ്മൂദ് അബ്ബാസും ഒരു ദിവസത്തെ ദു:ഖാചരണം പ്രഖ്യാപിച്ചു. ഫലസ്തീൻ പതാകകൾ പകുതി താഴ്ത്തിക്കെട്ടി. അധിനിവേശ വെസ്റ്റ്ബാങ്കിലെ നിരവധി നഗരങ്ങളിൽ കടകളും ഓഫീസുകളും അടഞ്ഞുകിടന്നു. കൊലപാതകത്തെ ശ്രീലങ്കൻ പ്രസിഡന്റ് റനിൽ വിക്രമസിംഗെ അപലപിച്ചു. ഇത്തരം പ്രവൃത്തികളെ ഒരു നിലയ്ക്കും അംഗീകരിക്കാനാവില്ലെന്ന് അദ്ദേഹം പറഞ്ഞു.



കൊല്ലപ്പെടുന്നതിന് തൊട്ടുമുമ്പ് ഇറാൻ പരമോന്നത നേതാവ് അലി ഖാംനഈയുമായി തെഹ്റാനിൽ കൂടിക്കാഴ്ച നടത്തുന്ന ഇസ്മാഈൽ ഹനിയ്യ

## ഇസ്രാഈൽ കൊന്നത് സമാധാനത്തെ

തെഹ്റാൻ: ഇസ്മാഈൽ ഹനിയ്യയെ കൊലപ്പെടുത്തിയതിലൂടെ ഒൻപത് മാസം പിന്നിട്ട ഗസ്സ കൂട്ടക്കുരുതി നീട്ടിക്കൊണ്ടുപോയി പശ്ചിമേഷ്യയിൽ യുദ്ധം വ്യാപിപ്പിക്കാനാണ് ഇസ്രാഈൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഹനിയ്യയെ ഇറാനിൽ വെച്ച് കൊലപ്പെടുത്തി അമേരിക്കയെക്കൂടി യുദ്ധത്തിൽ പങ്കാളിയാക്കാനാണ് ഇസ്രാഈൽ ആലോചിക്കുന്നതെന്ന് നയതന്ത്ര വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് പാർട്ടിയെ പ്രതിരോധത്തിലാക്കുകയും യുദ്ധം മൂർദ്ധന്യത്തിലാക്കി ഡൊണാൾഡ് ട്രംപിനെ സഹായിക്കാനും നെതന്യാഹുവിന് പദ്ധതിയുള്ളതായി അവർ പറയുന്നു. ഹനിയ്യയെ കൊലപ്പെടുത്തി സമാധാന സാധ്യതകളുടെ വാതിലുകളെല്ലാം ഇസ്രാഈൽ കൊട്ടിയടക്കുകയാണ്. പശ്ചിമേഷ്യയിൽ തങ്ങളുടെ ശത്രുക്കളെ മുഴുവൻ പ്രകോപിപ്പിച്ച് യുദ്ധം നീട്ടിക്കൊണ്ടുപോകാൻ പറ്റുമെന്ന് നെതന്യാഹു കണക്കുകൂട്ടുന്നു.

ലോകത്ത് ഏത് ഭാഗത്തായാലും ഹമാസിന്റെയും ഹിസ്ബുല്ലയുടെയും നേതാക്കളെ ലക്ഷ്യംവെക്കാൻ തങ്ങൾക്ക് സാധിക്കുമെന്ന സന്ദേശം കൂടിയാണ് ഇസ്രാഈൽ നൽകിയത്. ഹനിയ്യയെ കൊലപ്പെടുത്താൻ ഇറാന്റെ തലസ്ഥാനമായ തെഹ്റാൻ തന്നെ അവർ തിരഞ്ഞെടുക്കാനുള്ള കാരണവും ഇതാകാം. നയതന്ത്രതലത്തിൽ ഹമാസിനുള്ള സ്വാധീനം തകർക്കാൻ കൂടിയാണ് ഹനിയ്യയെ കൊലപ്പെടുത്തിയത്. വെടിനിർത്തൽ ചർച്ച മുന്നോട്ടുകൊണ്ടുപോകാനും ഹമാസിനെ അതിൽ സജീവമാക്കി നിലനിർത്താനും ഹനിയ്യ പ്രധാന പങ്ക് വഹിച്ചിരുന്നു. അദ്ദേഹത്തെ ഇല്ലാതാക്കുന്നതോടെ നയതന്ത്രതലത്തിൽ ഹമാസ് ഒറ്റപ്പെടുമെന്നും അവർ പ്രകോപിതരാകുന്നതോടെ യുദ്ധം നീട്ടിക്കൊണ്ടുപോകാമെന്നുമാണ് ഇസ്രാഈൽ ഭരണകൂടം ആലോചിക്കുന്നത്. ഹമാസിനുവേണ്ടി വെടിനിർത്തൽ ചർച്ചയിൽ പങ്കെടുത്തിരുന്ന പ്രധാന കൂടിയാലോചകനെ കൊലപ്പെടുത്തിയതിലൂടെ മധ്യസ്ഥശ്രമങ്ങൾ വഴിമുട്ടിയിരിക്കുയാണെന്ന് ഖത്തർ പ്രധാനന്ത്രി ഷെയ്ഖ് മുഹമ്മദ് ബിൻ അബ്ദുറഹ്മാൻ ബിൻ ജിസിം അൽത്താനി പറഞ്ഞു.

ഒരു കക്ഷി മറു ഭാഗത്തെ കൂടിയാലോചകനെ കൊലപ്പെടുത്തുമ്പോൾ എങ്ങനെ മധ്യസ്ഥത വിജയിക്കുമെന്ന് അദ്ദേഹം ചോദിച്ചു. വെടിനിർത്തൽ ചച്ചയിലെ പ്രധാന മധ്യസ്ഥ രാഷ്ട്രമാണ് ഖത്തർ.

വിവാദ പ്രസംഗം ഷെയർ ചെയ്തു

# മോദിക്കെതിരെ പ്രതിഷേധം

- അനുരാഗ് ഠാക്കൂറിനെ പിന്തുണച്ചു
- അവകാശ ലംഘനമെന്ന് പ്രതിപക്ഷം
- നടപടി വേണമെന്ന് സ്പീക്കർക്ക് കത്ത്
- സഭയെ അവഹേളിച്ചെന്ന് ഛന്നി

ന്യൂഡൽഹി: ലോക്സഭയിൽ ബി.ജെ.പി എം.പി അനുരാഗ് ഠാക്കൂറിന്റെ വിവാദ പ്രസംഗത്തിന്റെ വീഡിയോ സോഷ്യൽ മീഡിയയിൽ പങ്കുവെച്ചതിന് പ്രധാനമന്ത്രി മോദിക്കെതിരെ അവകാശ ലംഘന നോട്ടീസ് നൽകി കോൺഗ്രസ്. സഭാ രേഖകളിൽ നിന്ന് നീക്കം ചെയ്ത പ്രസംഗമാണ് പ്രധാനമന്ത്രി സോഷ്യൽ മീഡിയയിലൂടെ പ്രചരിപ്പിച്ചതെന്നും മോദിക്കെതിരെ നടപടി വേണമെന്നും കോൺഗ്രസ് എം.പി ചരൺജിത് സിങ് ഛന്നി സ്പീക്കർ ഓം ബിർളയ്ക്ക് എഴുതിയ കത്തിൽ ആവശ്യപ്പെട്ടു.

ചൊവ്വാഴ്ച ബജറ്റ് ചർച്ചക്കിടയിൽ ജാതിസെൻസസ് സംബന്ധിച്ച് അനുരാഗ് ഠാക്കൂർ നടത്തിയ പരാമർശം ഏറെ വിവാദമായിരുന്നു. സ്വന്തം ജാതി ഏതെന്ന് അറിയാത്തവരാണ് ജാതി സെൻസസിനെക്കുറിച്ച് പറയുന്നതെന്നായിരുന്നു ഠാക്കൂറിന്റെ പരാമർശം. ഇന്ത്യാ സഖ്യം അധികാരത്തിൽവന്നാൽ ഈ സഭയിൽവച്ചുതന്നെ ജാതി സെൻസസ് തീരുമാനം പാസാക്കുമെന്ന പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ പ്രഖ്യാപനത്തിനെതിരെയായിരുന്നു ഈ പരാമർശം. ഇതേത്തുടർന്ന് പ്രതിപക്ഷം കടുത്ത പ്രതിഷേധമുയർത്തി. മുൻ കേന്ദ്രമന്ത്രി കൂടിയായ അനുരാഗ് ഠാക്കൂർ തന്നെ അപമാനിച്ചെന്ന് ചൂണ്ടിക്കാട്ടി രാഹുൽ ഗാന്ധിയും രംഗത്തെത്തി. തുടർന്ന് രാഹുലിനെ സംസാരിക്കാൻ പാനൽ അംഗം ജഗദംബിക പാൽ അനുവദിച്ചു. അനുരാഗ് ഠാക്കൂറിൽനിന്ന് താൻ ക്ഷമാപണം പ്രതീക്ഷിക്കുന്നില്ലെന്ന് രാഹുൽ പറഞ്ഞു.



മോദി, അനുരാഗ് ഠാക്കൂർ

ഒരാളോട് എങ്ങനെയാണ് ജാതി ചോദിക്കുക എന്ന് അഖിലേഷ് യാദവും ഭരണപക്ഷബെഞ്ചിനെ നോക്കി ചോദിച്ചു. താൻ ആരുടെയും പേരെടുത്ത് പറഞ്ഞില്ലെന്ന് അനുരാഗ് ഠാക്കൂർ ന്യായീകരിച്ചെങ്കിലും പരാമർശം രേഖകളിൽ നിന്ന് നീക്കുമെന്ന് സ്പീക്കർ അറിയിച്ചതോടെയാണ് രംഗം ശാന്തമായത്. ഇതിന് പിന്നാലെയാണ് താക്കൂറിന്റെ വിവാദ പ്രസംഗത്തിന്റെ വീഡിയോ പ്രധാനമന്ത്രി എക്സിൽ പങ്കുവെച്ചത്. യുവാവും ഊർജ്ജസ്വലനുമായ തന്റെ സഹപ്രവർത്തകൻ അനുരാഗ് ഠാക്കൂറിന്റെ ഈ പ്രസംഗം തീർച്ചയായും കേൾക്കേണ്ടതാണ്, ഇന്ത്യാ സഖ്യത്തിന്റെ രാഷ്ട്രീയം തുറന്നുകാട്ടുന്ന വസ്തുതകളുടെയും നർമ്മത്തിന്റെയും സമ്പൂർണ്ണ മിശ്രണം എന്ന തലക്കെട്ടോടെയാണ് മോദി ഇത് പങ്കുവെച്ചത്.

സഭാ രേഖകളിൽ നിന്ന് നീക്കം ചെയ്ത പ്രസംഗം പ്രധാനമന്ത്രി സമൂഹ മാധ്യമങ്ങളിൽ പ്രചരിപ്പിച്ചത് ഞെട്ടിപ്പിക്കുന്നതാണെന്നും ഇതിന് പുറമെ പ്രസംഗത്തിലെ ആക്ഷേപകരമായ മറ്റ് പരാമർശങ്ങളും ടീറ്റ് ചെയ്തിട്ടുണ്ടെന്നും ഛന്നി പറഞ്ഞു. പ്രധാനമന്ത്രിയുടെ നടപടി പദവിയുടെ വ്യക്തമായ ലംഘനവും സഭയെ അവഹേളിക്കുന്നതമാണെന്നും അദ്ദേഹം പറഞ്ഞു.

## ജയിക്കുന്നത് സർക്കാരിന്റെ മികവുകൊണ്ടല്ല; യോഗി ആദിത്യനാഥിനെതിരെ മൗര്യ വീണ്ടും

ന്യൂഡൽഹി: ഉത്തർപ്രദേശ് ബിജെപിയിലെ ചേരിപ്പോരിൽ കേന്ദ്രനേതൃത്വം ഇടപെട്ടു നടത്തിയ അനുനയ ചർച്ചയ്ക്കു പിന്നാലെ മുഖ്യമന്ത്രി യോഗി ആദിത്യനാഥിനെതിരെ രൂക്ഷ വിമർശനവുമായി ഉപമുഖ്യമന്ത്രി കേശവ് പ്രസാദ് മൗര്യ. സർക്കാരിന്റെ മികവു കൊണ്ടല്ല തിരഞ്ഞെടുപ്പു ജയിക്കുന്നതെന്നാണു മൗര്യയുടെ പുതിയ പരാമർശം. സ്വന്തം സർക്കാരുള്ളപ്പോഴാണോ 2014 ൽ കേന്ദ്രത്തിലും 2017 ൽ യുപിയിലും ബിജെപി ജയിച്ചതെന്ന് ചോദിച്ച മൗര്യ സർക്കാരുണ്ടെങ്കിൽ അതിന്റെ ബലത്തിൽ ജയിക്കാമെന്നാണു ചിലരുടെ വിചാരമെന്നും എന്നാൽ പാർട്ടിയാണു മത്സരിക്കുന്നതും ജയിക്കുന്നതും. സർക്കാരിന്റെ ബലത്തിൽ ജയിക്കാൻ കഴിയില്ലെന്ന് ചിലർ മനസിലാക്കണമെന്നും ലക്നൗവിൽ ഒബിസി മോർച്ച സംസ്ഥാന പ്രവർത്തക സമിതി യോഗത്തിൽ സംസാരിക്കവെ മൗര്യ പറഞ്ഞു. സർക്കാരും ഉദ്യോഗസ്ഥരും പാർട്ടിപ്രവർത്തകരെ ഗൗനിക്കാതിരുന്നതാണു കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ യുപിയിൽ ബിജെപിക്കു തിരിച്ചടിയേൽക്കാൻ കാരണമെന്നാണു കേശവ് പ്രസാദ് മൗര്യയുടെ നിലപാട്. ഗ്രൂപ്പുവഴക്കു തീർക്കാൻ ഞായറാഴ്ച കേന്ദ്ര നേതൃത്വം ഇരു നേതാക്കളുമായി ചർച്ച നടത്തിയിരുന്നു. 10 നിയമസഭാ സീറ്റുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പു കഴിയും വരെ യുപിയിൽ നേതൃമാറ്റം വേണ്ടെന്നാണു കേന്ദ്ര നേതൃത്വത്തിന്റെ തീരുമാനം.

### വിദ്യാർത്ഥികളുടെ മരണം; വിമർശനവുമായി ഹൈക്കോടതി

ന്യൂഡൽഹി: ഐ.എ.എസ് അക്കാദമി ബേസ്മെന്റിലെ വെള്ളക്കെട്ടിൽ മൂന്ന് ഉദ്യോഗാർത്ഥികൾ മുങ്ങി മരിച്ച സംഭവത്തിൽ ഡൽഹി മുൻസിപ്പൽ കോർപറേഷനെതിരെയും ഡൽഹി ഡെവലപ്മെന്റ് അതോറിറ്റിക്കെതിരെയും സിറ്റി ഗവർമെന്റിനെതിരെയും ഡൽഹി പൊലീസിനെതിരെയും രൂക്ഷ വിമർശനവുമായി ഡൽഹി ഹൈക്കോടതി. അന്വേഷണം ശരിയായ ദിശയിലല്ലെന്നും ഇത് അശ്രദ്ധ കാരണം ഉണ്ടായ അപകടമാണെന്നും കോടതി നിരീക്ഷിച്ചു. അന്വേഷണ ഉദ്യോഗസ്ഥൻ, ഡി.സി.പി, എം.സി.ഡി കമ്മീഷണർ എന്നിവരോട് അടുത്ത ഹിയറിങ് നടക്കുന്ന വെള്ളിയാഴ്ച കോടതിയിൽ ഹാജരാകാനും കോടതി നിർദേശിച്ചു.

## പൂജ ഖേദ്കറിന് ആജീവനാന്ത വിലക്കുമായി യു.പി.എസ്.സി



ന്യൂഡൽഹി: വഞ്ചന, വ്യാജ രേഖ ചമയ്ക്കൽ എന്നീ ആരോപണങ്ങൾ നേരിടുന്ന ഐ.എ.എസ് ഉദ്യോഗസ്ഥ പൂജ ഖേദ്കറുടെ പ്രൊവിഷണൽ കാൻഡിഡേച്ചർ( ഉപാധികളോട പരീക്ഷ എഴുതാൻ നൽകിയ അനുമതി) റദ്ദാക്കി യു.പി.എസ്.സി. പരീക്ഷകളിൽ ആജീവനാന്തം വിലക്കും ഏർപ്പെടുത്തിയിട്ടുണ്ട്. ഭാവിയിൽ യു.പി.എസ്.സി നടത്തുന്ന ഒരു പരീക്ഷയും ഇവർക്ക് എഴുതാനാകില്ല.

പൂജ ഖേദ്കർ നിയമങ്ങൾ ലംഘിച്ചതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് നടപടിയെന്ന് യുപിഎസ്സി അറിയിച്ചു. ലഭ്യമായ രേഖകൾ ശ്രദ്ധാപൂർവ്വം പരിശോധിച്ചതിൽ നിന്നും സി.എസ്.ഇ–2022 നിയമങ്ങളുടെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അവർ പ്രവർത്തിച്ചതായി കണ്ടെത്തി. അതുപ്രകാരം പൂജയുടെ പ്രൊവിഷണൽ കാൻഡിഡേച്ചർ റദ്ദാക്കി. കൂടാതെ ഭാവിയിലെ യു.പി.എസ്.സിയുടെ എല്ലാ പരീക്ഷകളിൽ നിന്നും അവരെ സ്ഥിരമായി ഡിബാർ ചെയ്തു- അധികൃതർ അറിയിച്ചു. പൂജ കാഴ്ചാപരിമിതിയുണ്ടെന്ന് വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കിയതായും പരീക്ഷാ അപേക്ഷയിൽ മാതാപിതാക്കളുടെ പേരുമാറി രേഖപ്പെടുത്തിയതായും യു.പി.എസ്.സി കണ്ടെത്തിയിരുന്നു.

സിവിൽ സർവീസ് പരീക്ഷയിൽ ദേശീയ തലത്തിൽ 841–ാം റാങ്കുകാരിയാണ് പൂജ. സ്വകാര്യ കാറിൽ അനധികൃതമായി ബീക്കൺ ലൈറ്റ് ഘടിപ്പിച്ചതിനും അധികാര ദുർവിനിയോഗം നടത്തിയതിനും കേന്ദ്ര പഴ്സനൽ മന്ത്രാലയം പൂജയ്ക്കെതിരെ നടപടിയെടുത്തിരുന്നു. പ്രൊബേഷനറി കാലഘട്ടത്തിൽ ബീക്കൺ ലൈറ്റ് അനുവദനീയമല്ല. വിവാദമുണ്ടായതിനു ശേഷം പൂജയെ പൂനെയിൽനിന്ന് വാഷിമിലേക്ക് സ്ഥലം മാറ്റിയിരുന്നു.

ഇതിനു പിന്നാലെയാണു വ്യാജ ഒബിസി സർട്ടിഫിക്കറ്റും കാഴ്ചാപരിമിതിയുണ്ടെന്ന് തെളിയിക്കാൻ വ്യാജ മെഡിക്കൽ രേഖയും ഹാജരാക്കിയതിന് പൂജയ്ക്ക് എതിരെ അന്വേഷണം നടത്തിയത്. അതിനിടെ, പൂനെയിൽ കർഷകനെ തോക്ക് ചൂണ്ടി ഭീഷണിപ്പെടുത്തിയ സംഭവത്തിൽ പൂജയുടെ അമ്മ മനോരമ ഖേദ്കർ അറസ്റ്റിലാണ്. പൂജയുടെ അച്ഛൻ ദിലീപ് ഖേദ്കർ അനധികൃത സ്വത്ത് സമ്പാദന കേസിൽ വിജിലൻസിന്റെ അന്വേഷണം നേരിടുന്നുണ്ട്.

## വയനാട് ഉരുൾപൊട്ടൽ; ആദരാഞ്ജലി അർപ്പിച്ച് കോൺഗ്രസ് എം.പിമാർ

ന്യൂഡൽഹി: വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തത്തിനിരയായവർക്ക് ആദരാഞ്ജലി അർപ്പിച്ച് കോൺഗ്രസ് പാർലമെന്ററി പാർട്ടി യോഗം. പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ നടന്ന യോഗം ദുരന്തത്തിൽ മരിച്ചവർക്കും ഡൽഹി സിവിൽ സർവിസ് അക്കാദമിയിൽ മുങ്ങിമരിച്ച മൂന്ന് ഉദ്യോഗാർഥികൾക്കും വേണ്ടി മൗനം ആചരിച്ചു. പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, മുൻ അധ്യക്ഷ സോണിയ ഗാന്ധി, ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവർ യോഗത്തിൽ സംബന്ധിച്ചു. വയനാട്ടിലെ ഭയാനകമായ ദുരന്തത്തിൽ നിരാശ്രയരായ കുടുംബങ്ങൾക്ക് അഗാധമായ അനുശോചനം അറിയിക്കുന്നു. നാശത്തിന്റെ വ്യാപ്തി ഞെട്ടിപ്പിക്കുന്നതാണ്. എല്ലാ സഹായവും നൽകാൻ സംസ്ഥാനത്തെ ഞങ്ങളുടെ സഹപ്രവർത്തകർ അണിനിരന്നിട്ടുണ്ട്. ദുരന്തബാധിതരായ കുടുംബങ്ങൾക്ക് ഞങ്ങളുടെ അനുശോചനം അറിയിക്കുന്നു- സോണിയ ഗാന്ധി പറഞ്ഞു.

## മുഡ ഭൂമിയിടപാട്; ബി.ജെ.പിക്കൊപ്പം സമരത്തിനില്ലെന്ന് ജെ.ഡി.എസ്

ബെംഗളൂരു: മൈസൂരു അർബൻ ഡിവലപ്മെന്റ് അതോറിറ്റി(മുഡ)യുടെ ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട ആരോപണത്തിൽ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യക്കെതിരെ ബി.ജെ.പിക്കാപ്പം സമരത്തിനില്ലെന്ന് സഖ്യകക്ഷിയായ ജെ.ഡി. എസ്.

മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് ബെംഗളൂരുവിൽനിന്ന് മൈസൂരുവിലേക്ക് ബി.ജെ.പി നടത്തുന്ന പത്തു ദിവസത്തെ പദയാത്രയിൽ ജെ.ഡി.എസ് പങ്കെടുക്കില്ല. തങ്ങളോട് ആലോചിക്കാതെയാണ് ബി.ജെ.പി ഏകപക്ഷീയമായ തീരുമാനമെടുത്തതെന്ന് കേന്ദ്രമന്ത്രിയും ജെ.ഡി.എസ് നേതാവുമായ കുമാരസ്വാമി വ്യക്തമാക്കി.

സംസ്ഥാനത്ത് പ്രളയത്തിൽ വൻ നഷ്ടമാണ് ഉണ്ടായത്. ഈ അവസരത്തിൽ രാഷ്ട്രീയ റാലി നടത്തുന്നത് സാധാരണക്കാരെ ബുദ്ധിമുട്ടിക്കും. വടക്കൻ കർണാടകയിലും തീരദേശ കർണാടകയിലും നിരവധി ഗ്രാമങ്ങൾ വെള്ളത്തിനടിയിലാണ്. രക്ഷാപ്രവർത്തനത്തിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലുമാണ് ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. ഈ റാലിയിൽ നിന്ന് ബിജെപി എന്താണ് നേടാൻ പോകുന്നത്? പകരം, മുഖ്യമന്ത്രിക്കെതിരെ നിയമനടപടി സ്വീകരിക്കുകയാണ് വേണ്ടത്- കുമാരസ്വാമി കൂട്ടിച്ചേർത്തു.

ചന്നപട്ടണ ഉപതിരഞ്ഞെടുപ്പ് കണക്കിലെടുത്ത് രാഷ്ട്രീയ മുതലെടുപ്പിനൊരുങ്ങിയ ബി.ജെ.പിക്ക് കനത്ത തിരിച്ചടിയാണ് ജെ.ഡി.എസിന്റെ നിലപാട്. സിദ്ധരാമയ്യയുടെ ഭാര്യ പാർവതിക്ക് മുഡ 14 പ്ലോട്ടുകൾ അനുവദിച്ചു നൽകിയതിൽ അഴിമതിയുണ്ടെന്നാണ് ആരോപണം. സിദ്ധരാമയ്യയുടെ ഭാര്യാസഹോദരൻ മല്ലികാർജുൻ വാങ്ങി പാർവതിക്കുനൽകിയ 3.16 ഏക്കർ ഭൂമി 'മുഡ' ഏറ്റെടുക്കുകയും പകരം മൈസൂരുവിലെ കണ്ണായസ്ഥലത്ത് പ്ലോട്ടുകൾ നൽകുകയും ചെയ്തെന്നാണ് ബി.ജെ.പിയുടെ പരാതി.

2014ൽ സിദ്ധരാമയ്യ മുഖ്യമന്ത്രിയായിരിക്കെയാണ് പകരം ഭൂമിക്കായി പാർവതി അപേക്ഷ നൽകിയത്. 2022 ജനുവരി അഞ്ചിനാണ് പ്ലോട്ടുകൾ കൈമാറിയത്.

### കർണാടക സ്വദേശികളുടെ കുടുംബങ്ങൾക്ക് ധനസഹായം

ബെംഗളൂരു: വയനാട് ഉരുൾപൊട്ടലിൽ മരിച്ച കർണാടക സ്വദേശികളുടെ കുടുംബങ്ങൾക്ക് സഹായം പ്രഖ്യാപിച്ച് കർണാട സർക്കാർ. മരിച്ചവരുടെ കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം രൂപ വീതം നൽകുമെന്ന് മുഖ്യമന്ത്രി സിദ്ധരാമയ്യ അറിയിച്ചു. ഇതുവരെ ലഭിച്ച വിവരമനുസരിച്ച് ആറു കർണാടക സ്വദേശികളാണ് ദുരന്തത്തിൽ മരിച്ചതെന്നും അദ്ദേഹം പറഞ്ഞു. കോർപ്പറേറ്റ് കമ്പനികളടക്കം കർണാടകയിലെ കമ്പനികളോട് കേരളത്തിന് വേണ്ടി സർക്കാർ സഹായം തേടിയിട്ടുണ്ട്.

**അ**ല്ലാഹുവാകുന്നു നിങ്ങൾക്ക് കാണാവുന്ന അവലംബങ്ങൾ കൂടാതെ ആകാശങ്ങൾ ഉയർത്തി നിർത്തിയവൻ. പിന്നെ അവൻ സിംഹാസനത്തിൽ ആരോഹണം ചെയ്യുകയും, സൂര്യനെയും ചന്ദ്രനെയും കീഴ്പെടുത്തുകയും ചെയ്തിരിക്കുന്നു. എല്ലാം ഒരു നിശ്ചിത അവധിവരെ സഞ്ചരിക്കുന്നു. അവൻ കാര്യം നിയന്ത്രിച്ചു കൊണ്ടിരിക്കുന്നു. നിങ്ങളുടെ രക്ഷിതാവുമായി കണ്ടുമുട്ടുന്നതിനെപ്പറ്റി നിങ്ങൾ ദൃഢബോധ്യമുള്ളവരായിരിക്കുന്നതിന് വേണ്ടി അവൻ ദൃഷ്ടാന്തങ്ങൾ വിവരിച്ചുതരുന്നു.

( വിശുദ്ധ ഖുർആൻ: 03: 02 )



ഗൾഫ് ചന്ദ്രിക
1446 മുഹറം 26 • 1199 കർക്കിടകം 17

## ഈ ദുരന്തത്തിന് സമാനതകളില്ല

കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ദുരന്തമായി മാറിയിരിക്കുകയാണ് വയനാട് ഉരുൾപ്പൊട്ടൽ. മരണപ്പെട്ടവരുടെയും കാണാതായവരുടെയും എണ്ണം എല്ലാ കണക്കുകൂട്ടലുകളും അസ്ഥാനത്താക്കിക്കൊണ്ടാണ് ഉയർന്നുകൊണ്ടിരിക്കുന്നത്. ദുഷ്കരമായ സാഹചര്യത്തോടൊപ്പം ഇടവിട്ടുള്ള കനത്ത മഴയും രക്ഷാപ്രവർത്തനത്തെ കാര്യമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. നിരവധി വീടുകൾ മണ്ണിനടിയിലായിപ്പോയ മടിക്കൈ പ്രദേശത്തിന്റെ പല ഭാഗങ്ങളിലും രക്ഷാ പ്രവർത്തനം ഇന്നലെ രാത്രിയിലും അസാധ്യമായിത്തുടരുകയാണ്. പ്രദേശത്തെ പുറംലോകവുമായി ബന്ധിപ്പിക്കുന്ന പാലം പൂർണമായും തകർന്നുപോയതാണ് ഈ ദാരുണമായ സാഹചര്യത്തിന് കാരണം. കൂടുതൽ മണ്ണുമാന്തി യന്ത്രങ്ങളും ഉപകരണങ്ങളും എത്തിക്കാൻ സാധിച്ചാൽ മാത്രമേ ഇവിടെ രക്ഷാപ്രവർത്തനം കാര്യക്ഷമമായി നടത്താൻ കഴിയുകയുള്ളൂ. എന്നാൽ കഴിഞ്ഞ ദിവസം നിർമിച്ച താൽക്കാലിക പാലം തന്നെ ഇപ്പോൾ വെള്ളംകയറി തകർന്നിരിക്കുകയാണ്. മുണ്ടക്കൈയിലെ രക്ഷാ പ്രവർത്തനത്തിൽ നാഴികക്കല്ലായി മാറുമെന്നതിനാൽ ഇന്നലെ രാത്രിയിലും സൈന്യം പാലത്തിന്റെ പ്രവൃത്തിയിൽ മുഴുകിയിരിക്കുകയാണ്. സ്ഥലത്തെത്തിയ മന്ത്രിമാരോട് പ്രദേശവാസികൾ നടത്തിയ പ്രതികരണം അവർ അനുഭവിക്കുന്ന നരക തുല്യമായ അവസ്ഥാ വിശേഷത്തിന്റെ പ്രതിഫലനമാണ്.

രക്ഷാ പ്രവർത്തനം മൂന്നാം ദിവസത്തിലേക്ക് കടക്കുമ്പോൾ ഇന്നത്തെ ദിനം അതീവ പ്രധാന്യമർഹിക്കുന്നുണ്ട്. മണ്ണിൽ പുതഞ്ഞുകിടക്കുന്ന തങ്ങളുടെ പ്രിയപ്പെട്ടവരുടെ ചലനമറ്റ ശരീരമെങ്കിലും പുറത്തെടുത്തു തരൂ എന്ന തദ്ദേശ വാസികളുടെ ഹൃദയംപൊട്ടുന്ന വിലാപങ്ങൾക്കു മുന്നിൽ ഇനിയും പകച്ചു നിൽക്കാൻ നമുക്കാവില്ല. മന്ത്രിമാരും പ്രതിപക്ഷ നേതാവുൾപ്പെടെയുള്ള ജനപ്രതിനിധികളും സ്ഥലത്ത് ക്യാമ്പ് ചെയ്ത് പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതും രാഹുൽ ഗാന്ധിയും മുഖ്യമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ സ്ഥലത്തെത്തുന്നതും ഇന്നത്തെ ദിവസം കൂടുതൽ സജീവമായ പ്രവർത്തനങ്ങൾക്ക് വഴിയൊരുക്കുമെന്ന് പ്രതീക്ഷയിലാണ് വയനാടും കേരളവും. ഔദ്യോഗിക സംവിധാനങ്ങൾക്കൊപ്പം ഇന്നലെയും സന്നദ്ധപ്രവർത്തകർ നടത്തിയ രക്ഷാപ്രവർത്തനങ്ങൾ വിസ്മയകരമായിരുന്നു. സൈന്യത്തിനും മറ്റു സംവിധാനങ്ങൾക്കുമൊന്നും എത്തിച്ചേരാൻ കഴിയാത്ത ഇടങ്ങളിൽ ജീവൻതന്നെ പണംയവെച്ച് എത്തിച്ചേർന്ന ഇവർ നിരവധി മൃതദേഹങ്ങൾ കണ്ടെത്തുകയും നിരവധി പേരെ രക്ഷപ്പെടുത്തുകയുമുണ്ടായി. കാഴ്ച്ചക്കാരായെത്തുന്നവരെ വിലക്കുന്നതിന്റെ പേരിൽ സർവസജ്ജരായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് കിലോമീറ്ററുകൾ സഞ്ചരിച്ചെത്തിയ പലരേയും ഉദ്യോഗസ്ഥർ തടയുന്നതായുള്ള പരാതികൾ ഇന്നലെ ഉയരുകയുണ്ടായി. ഇങ്ങനെയുള്ളവരെ ദുരിത ബാധിത പ്രദേശങ്ങളിലേക്ക് കടത്തിവിടാനുള്ള സജ്ജീകരണങ്ങൾ ഉണ്ടാവേണ്ടതുണ്ട്.

സംസ്ഥാനം അതീവ ദുഷ്കരമായ സാഹചര്യത്തിലൂടെ കടന്നുപോകുമ്പോൾ കൈയ്യയച്ചുള്ള സഹായവുമായി ഒപ്പം നിൽക്കാൻ കേന്ദ്ര സർക്കാർ തയാറാവേണ്ടതുണ്ട്. വിവിധ മേഖലകളിൽ സംസ്ഥാനത്തോട് വെച്ചുപുലർത്തുന്ന അവഗണനയും വിരോധവും ഈ ഘട്ടത്തിലെങ്കിലും കേന്ദ്രം മാറ്റിവെക്കേണം. ദുരന്തത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകിയിട്ടും കേരളം എന്ത്കൊണ്ട് മുൻകരുതലുകളെടുത്തില്ല എന്ന ആഭ്യന്തര മന്ത്രി അമിത്ഷായുടെ പാർലമെന്റിലെ ചോദ്യം ഈ ഘട്ടത്തിൽ തീർത്തും അനൗചിത്യം നിറഞ്ഞതാണ്. മാത്രമല്ല അദ്ദേഹത്തിന്റെ വിമർശനം വസ്തുതാവിരുദ്ധമാണെന്ന്കൂടി തെളിഞ്ഞതോടെ മാപ്പർഹിക്കാത്ത പാതകമായി അത് മാറിയിരിക്കുകയാണ്. ആയുസിന്റെ ബാക്കിയായി ജീവൻ മാത്രമാണ് ദുരന്തത്തെ അതിജീവിച്ചവർക്ക് കൈമുതലായിട്ടുള്ളത്. വീടും നാടുമുൾപ്പെടെ നഷ്ടപ്പെട്ടുപോയതിൽ നിന്ന് മനുഷ്യ സാധ്യമായതെല്ലാം തിരിച്ചു നൽകുകയെന്നത് നമ്മൾ മലയാളികളുടെ മുഴുവൻ ഉത്തരവാദിത്തമാണ്. അടിയന്തിര സഹായങ്ങൾക്കൊപ്പം അവരുടെ പുനരധിവാസത്തിനുള്ള പദ്ധതികളും അനിവാര്യമാണ്. സർക്കാർ സംവിധാനങ്ങൾക്കുപുറമെ രാഷ്ട്രീയ പാർട്ടികളും സന്നദ്ധ സംഘടനകളുമെല്ലാം ഇക്കാര്യത്തിൽ മുന്നിട്ടിറങ്ങിയിരിക്കുകയാണ്. ജീവകാരുണ്യ പ്രവർത്തന രംഗത്ത് അതുല്യ മാതൃക തീർത്ത ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളുടെ നേതൃത്വത്തിൽ പ്രസ്തുത ലക്ഷ്യവുമായി രംഗത്തുവന്നു കഴിഞ്ഞിരിക്കുകയാണ്. ഈ ഉദ്യമത്തിന്റെ സാക്ഷാൽക്കാരത്തിനായി വരുംനാളുകളിൽ നമുക്കൊന്നായി കൈകോർക്കാം.

### അടിക്കുറിപ്പ്

**ഹൃ**ദയം തകർക്കുന്ന ഒരു ദുരന്തമാണ് സംഭവിച്ചിട്ടുള്ളത്. ജാതിമതങ്ങൾക്കും കക്ഷി രാഷ്ട്രീയങ്ങൾക്കുമൊക്കെ അതീതമായി മനുഷ്യർ ജീവനുവേണ്ടി പ്രകൃതിയോട് പൊരുതുകയാണ്. സഭയിലും വയനാടിനെ ചേർത്തുപിടിക്കാൻ കഴിവിന്റെ പരമാവധി ശ്രമിക്കുന്നു കേരളത്തിൽ നിന്നുള്ള പ്രതിപക്ഷ എംപിമാർ. അതിനിടയിലും രാഷ്ട്രീയ മുതലെടുപ്പും വ്യക്തിപരമായ ആക്രമണവും ലക്ഷ്യമാക്കുന്ന ചിലർക്കെതിരെ കരൾ പിടയുന്ന വേദനയ്ക്കിടയിലും പ്രതികരിക്കേണ്ടി വരികയാണ്.

**കെ.സി വേണുഗോപാൽ**

### ചരിത്രത്തിൽ ഇന്ന്

1834 ബ്രിട്ടീഷ് സാമ്രാജ്യത്തിൽ അടിമത്തം നിരോധിച്ചു.
1894 പ്രഥമ ചൈന ജപ്പാൻ യുദ്ധം കൊറിയയിൽ ആരംഭിച്ചു.
1902 പനാമ കനാലിന്റെ നിയന്ത്രണം ഫ്രാൻസിൽ നിന്നും അമേരിക്കൻ ഐക്യനാടുകൾ സ്വന്തമാക്കി.
1914 ഒന്നാം ലോകമഹായുദ്ധം: ജർമ്മനി റഷ്യക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു.
1941 ആദ്യത്തെ ജീപ്പ് നിർമ്മാണം പൂർത്തിയായി.
1944 നാസി അധിനിവേശത്തിനെതിരെ പോളണ്ടിലെ വാഴ്സോയിൽ കലാപം പൊട്ടിപ്പുറപ്പെട്ടു.
1960 പാകിസ്താന്റെ തലസ്ഥാനമായി ഇസ്ലമാബാദിനെ പ്രഖ്യാപിച്ചു.
1967 കിഴക്കൻ ജെറുസലേമിനെ ഇസ്രയേൽ തങ്ങളുടെ അധീനതയിലാക്കി.

# നഷ്ടങ്ങളുടെ ആഗസ്റ്റ് ഒന്ന്



**സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ**

**ആ**ഗസ്റ്റ്ഒന്നിന്റെ നഷ്ടങ്ങളാണ് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളും ഉമർ ബാഫഖി തങ്ങളും. ഒരൊറ്റ വർഷത്തിന്റെ ഇടവേളകളിൽ വേർപ്പെട്ടുപോയ രണ്ടു പ്രിയപ്പെട്ടവർ, നേതാക്കൾ. ജീവിതയാത്രയിലും ചരിത്രത്തിലും കുറിക്കപ്പെട്ട നാമങ്ങളാണ് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെയും ഉമർ ബാഫഖി തങ്ങളുടെയും. ജീവിതം കൗമാരത്തിലേക്ക് കടക്കുന്നതിന് മുമ്പെ ഞങ്ങളിൽ നിന്നും അസ്തമിച്ചുപോയ പിതാവ് പി.എം.എസ്.എ പൂക്കോയ തങ്ങൾക്ക് പകരം ജീവിതത്തിൽ കെടാവിളക്കായി ജ്വലിച്ചു പ്രിയ സഹോദരൻ സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ. പിതാവിനോളം തന്നെ ജീവിതത്തിൽ സ്വാധീനമുണ്ടാക്കി. മുഹമ്മദലി ശിഹാബ് തങ്ങൾ ഞങ്ങൾക്കെല്ലാം അത്ഭുതവും അഭിമാനവുമായിരുന്നു. ഈജിപ്തിൽ പോയി ഉന്നത വിദ്യാഭ്യാസം നേടിയ, പിതാവിന്റെ വിയോഗത്തിന് ശേഷം വീടിന്റെയും സമുദായത്തിന്റെയും സമൂഹത്തിന്റെയും ചുമതലകൾ യൗവനത്തിൽ തന്നെ ഏറ്റെടുത്തവർ. പിതാവ് നടന്ന വഴിയിലൂടെ ആത്മാഭിമാനത്തോടെ തലയുയർത്തി നടന്നു അദ്ദേഹം, ഞങ്ങൾക്കുമാവഴി കാണിച്ചു തന്നു. ചുമതലകൾ ഓരോന്ന് വന്നുചേരുമ്പോഴും പിതാവ് നടന്ന, ശിഹാബ് തങ്ങൾ കാണിച്ചുതന്ന ആ വഴി മുന്നിലുണ്ടെന്നത് എളുപ്പമായിരുന്നു.

ജൂലൈ ആറിനാണ് പിതാവ് ഇഹലോകവാസമവസാനിപ്പിച്ച് ചരിത്രത്താളുകളിലേക്ക് മടങ്ങിയത്. സെപ്തംബർ ഒന്നിന് മുഹമ്മദലി ശിഹാബ് തങ്ങൾ മുസ്ലിംലീഗിന്റെ സാരഥ്യമേറ്റെടുക്കുകയും ചെയ്തു. കേരളത്തിന്റെ മത, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗങ്ങളുടെയെല്ലാം നേതൃപദവിയിൽ അദ്ദേഹമുണ്ടായി. കേരളത്തിലെ നൂറ് കണക്കിന് മഹല്ലുകളുടെ ഖാസിയായും അദ്ദേഹം അവരോധിതനായി. ഓരോ പുതിയ പദവികളും പുതിയ ചുമതലകളും ഉത്തരവാദിത്തങ്ങളുമായിരുന്നു. വന്നുചേർന്ന ഉത്തരവാദിത്തങ്ങളെല്ലാം അത്രമേൽ ഭംഗിയായി നിർവഹിച്ചു.

ഇന്ത്യാ മഹാരാജ്യത്തിന്റെ മതേതരത്വത്തിന് പരിക്കുകൾ പറ്റാതിരിക്കാൻ ഇടപെടലുകൾ നടത്തി. ബാബരി മസ്ജിദ് തകർക്കപ്പെട്ട സാഹചര്യത്തിൽ അദ്ദേഹത്തിന്റെ ആജ്ഞയനുസരിച്ച് മുസ്ലിം സഹോദരങ്ങൾ ക്ഷേത്രങ്ങൾക്ക് കാവൽ നിന്നു. അങ്ങാടിപ്പുറം തളിക്ഷേത്രത്തിന്റെ ഗോപുര വാതിൽ സാമൂഹ്യ ദ്രോഹികൾ തീവെച്ചപ്പോൾ മുഹമ്മദലി ശിഹാബ് തങ്ങൾ ഓടിയെത്തി രംഗം ശാന്തമാക്കി. വർഗീയ ധ്രുവീകരണത്തിന് ശ്രമിച്ചവരിൽ തീരാവേദന തീർത്ത് അദ്ദേഹം പ്രഖ്യാപനം നടത്തി. ഗോപുരവാതിൽ പൂർവസ്ഥിതിയിലാക്കാൻ ഞങ്ങൾ മുൻകൈയെടുക്കും. ഇത്തരം അനേകം സന്ദർഭങ്ങൾ. അതുകൊണ്ട് തന്നെയാണ് അദ്ദേഹത്തെ കുറിച്ചുള്ള ലേഖനത്തിന് 'മതേതര രാഷ്ട്രീയത്തിന്റെ പ്രവാചകൻ' എന്ന് ദേശീയ പത്രം തലക്കെട്ട് കുറിച്ചത്. അദ്ദേഹം തുടങ്ങിവെച്ച സ്ഥാപനങ്ങളും ആ തണലിൽ വളർന്ന സ്ഥാപനങ്ങളും ഇന്നും നാടിന്റെ അഭിമാന ഗോപുരങ്ങളായി നിലകൊള്ളുന്നു. അനാഥകൾക്കും അഗതികൾക്കും അത്താണിയാകുന്നു. ആയിരക്കണക്കിന് വിദ്യാർഥികൾക്ക് അറിവിൻ മധുരം പകർന്നുനൽകുന്നു.

നാടിന്റെ മുഴുവൻ പ്രത്യാശയുടെ കിരണമാണ് മുഹമ്മദലി ശിഹാബ് തങ്ങൾ. ജീവിച്ചിരിക്കുമ്പോഴും വിയോഗാനന്തരവും ലക്ഷക്കണക്കിന് ആളുകളുടെ ജീവിതത്തിൽ പ്രഭ പരത്തിക്കൊണ്ടിരിക്കുന്നു. ഭൂമിയിൽ സൂര്യവെളിച്ചമെത്തും മുമ്പ് തന്നെ കൊടപ്പനക്കൽ തറവാട്ടിൽ വെളിച്ചം പരക്കും. സുബ്ഹി നിസ്കാരത്തിന് ശേഷം കാണാനെത്തിയ അനേകായിരം പാവങ്ങൾക്ക് നടുവിൽ ആ വട്ടമേശക്ക് മുന്നിൽ ഇരിക്കും. പരാതികൾക്കും പരിവേദനകൾക്കും ചെവികൊടുക്കും. ചെറിയ സൗന്ദര്യ പിണക്കങ്ങൾ മുതൽ വലിയ സ്വത്ത് തർക്കങ്ങൾ വരെയുണ്ടാകുമതിൽ. വ്യക്തിഗത പ്രശ്നങ്ങളും സംഘടനാ പ്രശ്നങ്ങളും. പ്രാരാബ്ധങ്ങളും ജോലിയിലെ പ്രയാസങ്ങളുമുണ്ടാകും. എല്ലാത്തിനുമുള്ള പരിഹാരങ്ങളും അവിടുന്നുണ്ടാകും. മത്സ്യ തൊഴിലാളികൾക്ക് മീൻ ലഭിക്കുന്നില്ലെന്ന സങ്കടം വന്നുപറയും. പ്രാർത്ഥനയുണ്ടാകും, ഒപ്പം ബറകത്തിന് സൂക്ഷിക്കാനുള്ള തുകയും ഏലസും. ആർത്തലക്കുന്ന കടലിലെ കഷ്ടതകൾ വിവരിക്കുമ്പോൾ ഉള്ളുരുകി പ്രാർത്ഥിക്കും. അവരുടെ വേദനകൾ ഒപ്പിയെടുക്കും.



ഇന്നും ആയിരക്കണക്കിനാളുകൾക്ക് ആശ്വാസം പകരുകയാണ് ശിഹാബ് തങ്ങൾ. അദ്ദേഹത്തിന്റെ സ്മരണാർത്ഥം പ്രഖ്യാപിച്ച ബൈത്തുറഹ്മ പദ്ധതിയിലൂടെ ആയിരക്കണക്കിന് നിർധനരായ ഭവനരഹിതർക്ക് മുസ്ലിംലീഗ് പ്രവർത്തകർ വീട് നിർമിച്ചുനൽകി. റിലീഫ്, ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തി ഇന്നും പ്രതീക്ഷയറ്റവരുടെ ജീവിതത്തിൽ പ്രത്യാശയുടെ വെളിച്ചമാകുന്നു.

2008 ആഗസ്റ്റ് ഒന്നിന് ചരിത്രത്തിലേക്ക് മടങ്ങിയ ഉമർ ബാഫഖി തങ്ങളും ജനസാമാന്യത്തെ മുന്നോട്ട് നയിച്ച നേതാവായിരുന്നു. മത, സാമൂഹിക, രാഷ്ട്രീയ രംഗത്ത് നിറഞ്ഞുനിന്ന വ്യക്തിത്വം. സമരോത്സുകനായ നേതാവ്, വിദ്യാഭ്യാസ വിചക്ഷണൻ എന്നെല്ലാമുള്ള പ്രയോഗങ്ങൾ അദ്ദേഹത്തിനും നന്നായി ചേരുന്നതാണ്. മുസ്ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ്, സംസ്ഥാന ജനറൽ സെക്രട്ടറി, ട്രഷറർ എന്നീ നിലകളിലെല്ലാം പ്രവർത്തിച്ചു. കമ്യൂണിസ്റ്റ് മന്ത്രിസഭക്കെതിരായ വിമോചന സമരത്തിൽ പങ്കെടുത്തതിനും അടിയന്തരാവസ്ഥക്കെതിരെ പ്രസ്താവന നടത്തിയതിനും ജയിലിൽ കിടന്നു. ആദ്യം 14 ദിവസവും അടിയന്തരാവസ്ഥക്കാലത്ത് ഒരുവർഷവും രണ്ട് മാസവുമായിരുന്നു ജയിൽവാസം.

നിയമസഭാ സാമാജികനെന്ന നിലയിലും തിളക്കമാർന്ന പ്രവർത്തനങ്ങൾ നടത്തി. 1967ൽ കൊണ്ടോട്ടിയിൽ നിന്നും 1971ൽ താനൂരിൽ നിന്നും ജനവിധിതേടി. വഖഫ് ബോർഡ് ചെയർമാൻ എന്ന നിലയിൽ കേരളത്തിലാദ്യമായി മുക്രി പെൻഷൻ അനുവദിച്ച് ചരിത്രപരമായ തീരുമാനമെടുത്തു. ചന്ദ്രികയുടെ വളർച്ചയിലും അദ്ദേഹം സുപ്രധാന പങ്കാണ് വഹിച്ചത്. രാഷ്ട്രീയ പാർട്ടിയുടെ അമരത്തും, മതസംഘടനയുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും നേതൃനിരയിലും അദ്ദേഹമുണ്ടായിരുന്നു. കേരളത്തിന്റെ മത, രാഷ്ട്രീയ, സാംസ്കാരിക, സാമൂഹിക രംഗത്തെ തിളക്കമുള്ള രണ്ട് അധ്യായങ്ങളാണ് ആഗസ്റ്റ് ഒന്നിന് അവസാനിച്ചത്. ആ അധ്യാപനങ്ങൾ ഒരു സമൂഹം ഏറ്റെടുക്കുന്ന കാഴ്ചയാണ് കഴിഞ്ഞ ഒന്നര പതിറ്റാണ്ടായി നാം കാണുന്നത്. അവരുടെ പ്രവർത്തനങ്ങൾക്ക് തുടർച്ചയുണ്ടായിക്കൊണ്ടേയിരിക്കുന്നു. സർവശക്തൻ മഹാരഥന്മാരായ നമ്മുടെ നേതാക്കളുടെ ദറജ ഉയർത്തട്ടെ. ആമീൻ.

## നിലാവോർമ



**സയ്യിദ് ബഷീറലി ശിഹാബ് തങ്ങൾ**

**പി**താവ് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളെന്ന സ്നേഹത്തണലിന്റെ ഓർമ്മകൾക്ക് 15 വർഷം തികയുന്നു. ഒന്നര പതിറ്റാണ്ട്, അതൊരു വലിയ കാലമാണ്. പക്ഷേ എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ മനസ്സിലേക്ക് തികട്ടി വരുന്നുണ്ട്. വർഷങ്ങൾ പിന്നിടുമ്പോഴും ആ ഓർമ്മകളുടെ പ്രഭ വർധിച്ചു വരികയാണ്. അദ്ദേഹത്തെ അനുഭവിച്ചവർ, അദ്ദേഹത്തിന്റെ സ്നേഹ സാന്ത്വനമേറ്റവർ, സ്നേഹ വാത്സല്യം ഓർമ്മകളായി കൊണ്ടു നടക്കുന്നവർ അങ്ങനെയുള്ള ഒരുപാട് മുഖങ്ങളെ കണ്ടും കേട്ടുമാണ് ഓരോ ദിവസവും അവസാനിക്കുന്നത്.

പല മഹാരഥന്മാരും നിര്യാണം പ്രാപിക്കുമ്പോൾ അവരുടെ പേരിൽ നാമമാത്രമായി മന്ദിരങ്ങളും സ്മാരകങ്ങളും പണിയാറുണ്ട്. പിതാവിന്റെ പേരിൽ പണിതതൊക്കെ സ്നേഹത്തിന്റെ ഗോപുരങ്ങളായിരുന്നു. ആയിരങ്ങൾക്ക് അന്തിയുറങ്ങാൻ വഴിയൊരുക്കിയ ബൈത്തുറഹ്മ കാരുണ്യ ഭവനങ്ങൾ സമാനതകളില്ലാത്ത മാതൃക പദ്ധതിയാണ്. അതിന്നും നിർബാധം തുടരുന്നു. നൂറുകണക്കിന് ഡയാലിസിസ് കേന്ദ്രങ്ങൾ, പാലിയേറ്റീവ് കെയർ സെന്ററുകൾ, ആംബുലൻസുകൾ എന്നിവ അദ്ദേഹത്തിന്റെ ഓർമ്മകളെ അനശ്വരമാക്കിക്കൊണ്ടിരിക്കുന്നു. ആ സാന്നിധ്യത്തിന്റെ അഭാവം ഹൃദയത്തിലെവിടെയോ ഒരു ശൂന്യതയായിത്തന്നെ ബാക്കിയാണ്, എനിക്കു മാത്രമല്ല, ആ സാമീപ്യം ഒരു നിമിഷമെങ്കിലും അനുഭവിക്കുകയും അറിയുകയും ചെയ്ത എല്ലാവർക്കും അങ്ങനെ തന്നെയാവണം. ശിഹാബ് തങ്ങൾ എന്ന രണ്ടു വാക്ക് പിതാവിനെ അറിഞ്ഞവർക്കൊന്നും വെറും രണ്ടുവാക്ക് മാത്രമായിരുന്നില്ല, മറിച്ച് തങ്ങളെ ആഴത്തിൽ സ്വാധീനിച്ച, ഹൃദയത്തിൽ രൂഢമൂലമായ സ്നേഹത്തിന്റെയും ആദരവിന്റെയും പര്യായങ്ങൾ കൂടിയായിരുന്നു.

സ്വന്തം സമയം സാധാരണക്കാരനു വേണ്ടി വീതിച്ച് നൽകിയ നേതാവ്, അദ്ദേഹത്തെ ഇങ്ങിനെ വിശേഷിപ്പിക്കാനാണ് താൽപര്യം. സമൂഹത്തിന് വേണ്ടി ഓടിനടക്കുന്നതിനിടയിൽ പലപ്പോഴും കുടുംബത്തിനൊപ്പം ചെലവിടാൻ സമയം ലഭിക്കാതിരിക്കുക സ്വാഭാവികമാണല്ലോ. ഏതൊരു സാമൂഹിക പ്രവർത്തകനും അനുഭവിക്കുന്ന ആ മനഃപ്രയാസം എല്ലാവരെക്കാളുമേറെ പിതാവ് അനുഭവിച്ചിട്ടുണ്ടായിരിക്കണം. പക്ഷെ അതൊക്കെയും ജീവിതത്തിന്റെ ആത്യന്തികലക്ഷ്യമായ ദൈവികപ്രീതിയെന്ന ലക്ഷ്യത്തിനു വേണ്ടിയായതിനാൽ തന്നെ പിതാവും മക്കളായ ഞങ്ങളും കുടുംബവുമൊക്കെ തരണം ചെയ്യുകയായിരുന്നു.

സമുദായത്തിന്റെ അവസാന വാക്കായി നിലകൊള്ളുമ്പോൾ തന്നെ സാധാരണക്കാരന് സമയം വീതിച്ചു നൽകിയ പിതാവിന്റെ സ്നേഹ മനസ്കത അസാമാന്യമായിരുന്നു. അത്താഴമുണ്ണാൻ, നോമ്പു തുറക്കാൻ നേരം കൂട്ടുകുടുംബങ്ങളോടൊപ്പം തീന്മേശയിലിരിക്കുമ്പോൾ പെടുന്നനെ എഴുന്നേറ്റ് പുറത്താരെങ്കിലുമുണ്ടോ എന്ന് നോക്കി അവരെ സൽകരിക്കുന്ന നയന മനോഹരമായ കാഴ്ചക്ക് എന്റെ ജീവിതം എത്രയോ സാക്ഷ്യം വഹിച്ചിട്ടുണ്ട് ആ ഓർമ്മകൾ ഇന്നും ഇവിടത്തെ ജനമനസുകളിൽ അണയാതെ ജ്വലിക്കുന്നുണ്ട്. അദ്ദേഹം പകർന്നു തന്ന പാഠങ്ങൾ തന്നെയാണ് നാളിതുവരെ വഴി നടത്തിയത്. ആ വഴി വെളിച്ചം തന്നെയാണ് മുന്നോട്ടുള്ള പ്രയാണത്തിലെ കരുത്തും ആത്മ വിശ്വാസവും.

## തണൽ മരം



**സയ്യിദ് അഹമ്മദ് ബാഫഖി തങ്ങൾ**


രാഷ്ട്രീയ പ്രവർത്തകർക്ക് പകർത്താൻ കഴിയുന്ന പാഠങ്ങൾ പകർന്നൊരു ജീവിതം. മത, രാഷ്ട്രീയ മേഖലകളിൽ കരുത്തുറ്റ നേതൃത്വമായി കടന്നുപോയ സെയ്തുമർ ബാഫഖി തങ്ങൾ വിടപറഞ്ഞിട്ട് 16 വർഷം കടന്നുപോയി. ഓർമ്മയിൽ എന്നും സുഗന്ധമായി നിറയുകയാണ് ആ വാത്സല്യ ത്തണൽ. സമുദായത്തിനായി സമർപ്പിച്ച ആ ജീവിതത്തിന്റെ അനുഭവങ്ങളിലൂടെയാണ് ഞങ്ങളുടെ ബാല്യകൗമാരങ്ങൾ കടന്നു പോയത്. വീട്ടിലെത്തുന്ന നേതാക്കൾ, ബാപ്പയുടെ യാത്രകൾ, ചർച്ചകൾ, തിരഞ്ഞെടുപ്പുകൾ തുടങ്ങിയ കർമ്മനൈരന്തര്യങ്ങളുടെ പതിറ്റാണ്ടുകളായിരുന്നു അതെല്ലാം. ഒരർത്ഥത്തിൽ കേരള രാഷ്ട്രീയത്തിലെ മുസ്ലിം ലീഗ് രാഷ്ട്രീയ വളർച്ചയുടെ കാലമായിരുന്നു അത്.

സയ്യിദ് അബ്ദുർറഹ്മാൻ ബാഫഖി തങ്ങളുടെ സഹോദരി പുത്രനും ജാമാതാവും എന്ന നിലയിൽ കുടുംബബന്ധത്തിൽ അപ്പുറമുള്ള ആത്മബന്ധമായിരുന്നു അവർ തമ്മിൽ ഉണ്ടായിരുന്നത്. ബാഫഖി തങ്ങളുടെ രാഷ്ട്രീയ, സാമുദായിക കാര്യങ്ങളുടെ ചുക്കാൻ പിടിച്ചിരുന്നത് അക്കാലത്ത് സെയ്തുമർ തങ്ങളായിരുന്നു. കുടുംബകാര്യങ്ങളും തങ്ങളെ ഏൽപ്പിച്ചിരുന്നു. സി.എച്ചിന്റെ പരിപാടികൾക്ക് തീയതി നൽകിയിരുന്നത് കൊയിലാണ്ടിയിൽ സൈയ്തുമർ തങ്ങളുടെ ഓഫീസായിരുന്നു. സി.എച്ചും സെയ്തുമർ തങ്ങളും ബാഫഖി തങ്ങളുടെ കരുത്തായി മാറിയ കാലം. കോഴിക്കോട് കേന്ദ്രമാക്കി മുസ്ലിം ലീഗ് സാധിച്ച വിജയങ്ങളുടെയും മുന്നേറ്റങ്ങളുടെയും ചരിത്ര ചിത്രംകൂടിയാണിത്. മക്കയിലാണ് പഠിച്ചത്. നാട്ടിലെത്തിയപ്പോൾ ബാഫഖി തങ്ങൾക്കൊപ്പം രാഷ്ട്രീയ ഗോദയിലിറങ്ങി. പാർട്ടിയിലും ഭരണത്തിലും മതസംഘടനാ, സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തിക്കുമ്പോഴും ബാഫഖി തങ്ങളുമായി ബന്ധപ്പെട്ട ഉത്തരവാദിത്വങ്ങൾ അദ്ദേഹത്തിന് നിർവഹിക്കാനുണ്ടായിരുന്നു.



യുഡിഎഫ് ലൈസൻ കമ്മിറ്റിയോഗങ്ങൾക്ക് കൊരമ്പയിലുമൊത്ത് പോകുന്ന കാലത്ത് പല തവണ ഞാനും കൂടെ പോയിട്ടുണ്ട്. ഒരു തവണ മാണി സാർ ഒരു ആഗ്രഹം അറിയിച്ചു. തങ്ങൾ ഇരുന്ന സ്ഥലത്ത് എനിക്കൊന്ന് ഇരിക്കണം. എല്ലാ കക്ഷിനേതാക്കളും സ്നേഹത്തിൽ പൊതിഞ്ഞ ആദരമാണ് നൽകിയത്. അവർക്ക് ലഭിച്ചതും വലിപ്പച്ചെറുപ്പങ്ങൾ നോക്കാതെയുള്ള സ്നേഹബഹുമാനങ്ങൾ തന്നെ. ഫാറൂഖ് കോളജിലും നന്തി ദാറുസ്സലാമിലും കോഴിക്കോട്ടെ വിവിധ പള്ളികളിലും പട്ടിക്കാട് ജാമിഅ നൂരിയയിലും പൊന്നാനി മഊനത്തിലും തന്റെ സേവനങ്ങളുടെ കയ്യൊപ്പ് പതിപ്പിച്ചിട്ടുണ്ട്. യാത്രകളോട് വലിയ താല്പര്യം കാണിച്ചു. ഫോട്ടോ ആൽബം സൂക്ഷിക്കുന്നതും ഹോബിയായിരുന്നു. സൽക്കാരത്തിലും വലിയ താത്പര്യം കാണിച്ചു. ഒരു ജനതയുടെ ഉത്ഥാനത്തിനായി ജീവിതം ഉഴിഞ്ഞുവെച്ച കർമ്മയോഗിയായിരുന്നു അദ്ദേഹം.

## ഹനിയ്യ: ഹമാസിന്റെ തീപ്പന്തം



**ഉസ്മാൻ താമരത്ത്**

**ജൂ**തവിരുദ്ധ പോരാട്ടത്തിന്റെ തീപ്പന്തമായ ഇസ്മാഈൽ അബ്ദുസ്സലാം അഹ്മദ് ഹനിയ്യ തെഹ്റാനിൽ വെച്ചുണ്ടായ സയണിസ്റ്റ് ഭീകരാക്രമണത്തിൽ രക്തസാക്ഷിയായപ്പോൾ ഇസ്രാഈലിന് ഉറക്കമില്ലാ രാവുകൾ കൂടിയാണ് സമ്മാനിക്കുക. ജീവിതം മുഴുക്കെ ഫലസ്തീൻ ജനതക്കായുള്ള പോരാട്ടത്തിന് ഉഴിഞ്ഞ് വെച്ച ആ ജീവിതം അവസാനിച്ചിരിക്കുന്നു. 1948 ൽ ഇസ്രായേലി തുറമുഖ നഗരമായ അഷ്കലോനിൽ നിന്ന് കുടിയിറക്കപ്പെട്ട് ഗസ്സയിലെ അൽ ശാത്തി അഭയാർത്ഥി ക്യാമ്പിലെത്തിയതായിരുന്നു ഹനിയ്യയുടെ മാതാപിതാക്കൾ. അവിടെ വെച്ചാണ് 1963 ജനുവരി 29 ന് ഇസ്മയിൽ ഹനിയ്യ ജനിച്ചത്.

ഹമാസിന്റെ കളിത്തൊട്ടിലായ ഗസ്സ ഇസ്ലാമിക് യൂനിവേഴ്സിറ്റിയിലായിരുന്നു പഠനം. അക്കാലത്ത് തന്നെ ഹമാസിന്റെ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായി. പിന്നീട് അറബി സാഹിത്യത്തിൽ ബിരുദധാരിയായി. 1989 ൽ ഒന്നാം ഇൻതിഫാദയെ തുടർന്ന് ഫലസ്തീനിലെ ആത്മീയ നേതാവായ ശൈഖ് അഹ്മദ് യാസീൻ അടക്കമുള്ള നേതാക്കൾക്കൊപ്പം പിടിക്കപ്പെട്ട് ഇസ്രാഈൽ തടവറയിലായി. 1992 ൽ ജയിൽ മോചിതനായെങ്കിലും അബ്ദുൽ അസീസ് അൽ റൻതീസി മഹ്മൂദ് സഹാർ അടക്കമുള്ള 400 ഉന്നത ഹമാസ് പ്രവർത്തകർക്കൊപ്പം തെക്കൻ ലബനാനിലെ മർജുസ്സഹൂർ മഞ്ഞുപാടങ്ങളിലേക്ക് നാടുകടത്തപ്പെട്ടു.

ഒസ്ലോ കരാർ പ്രകാരം ഒരു വർഷത്തിന് ശേഷം സ്വതന്ത്രനായി തിരിച്ചെത്തിയ ഹനിയ്യ ഗസ്സ ഇസ്ലാമിക് യൂനിവേഴ്സിറ്റിയിലെ മതപഠന വിഭാഗം ഡീൻ ആയി ചുമതലയേറ്റു. 1997 ൽ ജയിലിൽ നിന്ന് മോചിതനായ ശൈഖ് അഹമ്മദ് യാസിന്റെ സഹായിയായി പ്രവർത്തിച്ചു. 2004 മാർച്ച് 22 ന് അഹമ്മദ് യാസീൻ പ്രഭാത നമസ്കാരം നിർവഹിച്ച് വീൽ ചെയറിൽ മടങ്ങുന്നതിനിടെ രക്തസാക്ഷിയായി. പിന്നീട് ഹമാസ് നേതൃത്വം ഏറ്റെടുത്ത റൻതീസിയും തൊട്ടടുത്ത മാസം രക്തസാക്ഷിത്വം വരിച്ചു. അന്ന് മുതൽ ഇന്നലെ കൊല്ലപ്പെടും വരെ ഹമാസ് നേതൃത്വത്തിലെ അനിഷേധ്യ സാന്നിധ്യമായിരുന്നു ഇസ്മയിൽ ഹനിയ്യ.

2006 ൽ ഫലസ്തീൻ അതോറിറ്റിയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ വൻ വിജയം നേടിയ ഹമാസ് നേതാവായ ഹനിയ്യ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. അദ്ദേഹത്തിന്റെ സ്ഥാനാരോഹണത്തിൽ അസ്വസ്ഥരായ ഇസ്രാഈൽ അമേരിക്ക ഈജിപ്ത് എന്നീ രാജ്യങ്ങളും ഫലസ്തീനിലെ ഫത്തഹ് പാർട്ടിയും മഹ്മൂദ് അബ്ബാസിന്റെ പി.എൽ.എ.യും ഹനിയ്യയെ സ്ഥാനഭ്രഷ്ടനാക്കാൻ കിണഞ്ഞ് പരിശ്രമിച്ചു. പ്രധാനമന്ത്രി സ്ഥാനത്ത് നിന്ന് പുറത്താക്കാൻ മഹ്മൂദ് അബ്ബാസ് ഉത്തരവിറക്കിയെങ്കിലും ഹമാസിന്റെ കരുത്തിൽ ഗസ്സ ഹനിയ്യയുടെ നിയന്ത്രണത്തിലായി. ഇക്കാലയളവിലാണ് ആയിരങ്ങൾ കൊല്ലപ്പെട്ട ഒന്നും (20082009) രണ്ടും (2012) ഗസ്സ യുദ്ധങ്ങൾ നടന്നത്.

2023 ഒക്ടോബർ 7 ന് തുടങ്ങിയ ഗസ്സ ആക്രമണ വേളയിലും ഇസ്രാഈൽ ലക്ഷ്യം വെച്ച നേതാവായിരുന്നു ഹനിയ്യ. 2023 ഏപ്രിൽ മാസത്തിലാണ് തന്റെ മൂന്ന് ആൺ മക്കളും നാല് പേരക്കുട്ടികളും കൊല്ലപ്പെട്ടത്. മൂന്ന് പെൺകുട്ടികളും ഒരു ആൺകുട്ടിയും. കഴിഞ്ഞ 10 മാസത്തിനിടെ ഹമാസ് രാഷ്ട്രീയ കാര്യ നായകന്റെ കുടുംബത്തിലെ 60 പേരാണ് രക്തസാക്ഷികളായത്. നിരവധി മക്കളും കുടുംബാംഗങ്ങളും കൊല്ലപ്പെട്ട അനേകം ഫലസ്തീനികളെ പോലെ തന്നെയാണ് താനും എന്നാണ് മക്കൾ കൊല്ലപ്പെട്ട വേളയിൽ ഹനിയ്യ പ്രതികരിച്ചത്. ഇറാന്റെ പുതിയ പ്രസിഡണ്ടായ മസൂദ് പെസഷ്കിയാന്റെ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കാനും ഗസ്സയിലെ വെടിനിർത്തൽ ചർച്ചക്കുമുൾപ്പെടെയാണ് ഹനിയ്യ ടെഹ്റാനിലെത്തിയത്. സയണിസ്റ്റ് ചാരക്കണ്ണുകൾ അദ്ദേഹത്തെ പിന്തുടർന്നു കൊണ്ടേയിരിക്കുകയായിരുന്നു. ഹനിയ്യയും രക്തസാക്ഷിപ്പട്ടികയിലിടം കണ്ടെത്തിയിരിക്കുന്നു. എങ്കിലും ഹമാസ് എന്ന വിപ്ലവ സംഘടന വ്യക്തികൾ അല്ല പ്രസ്ഥാനമാണെന്ന ഹമാസിന്റെ പുതിയ പത്രക്കുറിപ്പ് വന്നിരിക്കുന്നു.

RNI Reg No. KERMAL/2009/30266. Vol No.16. Issue No. 110 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikkode at Chandrika Press, Bypass road, Malappuram - 676 509.
Editor-Kamal Varadoor ( responsible for selection of news under PRB Act). Phone: 0483-2735901, 2735902, 2733283, Email-chandrikanews@gmail.com, chandrikaadmlp@gmail.com

### നിപ നിയന്ത്രണങ്ങൾ പിൻവലിച്ചു

മലപ്പുറം: പാണ്ടിക്കാട് പഞ്ചായത്തിൽ നിപ സ്ഥിരീകരിച്ച സാഹചര്യത്തിൽ ജില്ലയിൽ ഏർപ്പെടുത്തിയിരുന്ന എല്ലാ നിയന്ത്രണങ്ങളും പിൻവലിച്ചു. പുതുതായി രോഗം റിപ്പോർട്ട് ചെയ്യാത്ത സാഹചര്യത്തിലാണ് നിലവിൽ ഏർപ്പെടുത്തിയ എല്ലാ നിയന്ത്രണങ്ങളും പിൻവലിക്കാൻ ആരോഗ്യ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചത്. എന്നാൽ ആശുപത്രി സന്ദർശനങ്ങൾ നടത്തുന്നവർ മാസ്ക് ധരിക്കണമെന്നും നിലവിൽ ഐസലേഷനിൽ കഴിയുന്നവർ 21 ദിവസം തുടരണമെന്നും ആരോഗ്യപ്രവർത്തകരുടെ നിർദേശാനുസരണം മാത്രമാണ് ഐസലേഷൻ അവസാനിപ്പിക്കേണ്ടതെന്നുമാണ് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻകൂടിയായ ജില്ലാ കലക്ടർ വി.ആർ വിനോദ് ഐ.എ.എസിന്റെ ഉത്തരവിൽ പറയുന്നത്.

### എ.പി. ഉണ്ണികൃഷ്ണൻ അനുസ്മരണ സംഗമം മാറ്റി

മലപ്പുറം: വയനാട് അടക്കം കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായ പ്രകൃതിദുരന്തത്തിന്റെ സാഹചര്യത്തിൽ ദലിത് ലീഗ് മലപ്പുറം ജില്ലാ കമ്മിറ്റി ആഗസ്ത് 4 ന് മലപ്പുറത്ത് നടത്താൻ നിശ്ചയിച്ചിരുന്ന എ.പി. ഉണ്ണികൃഷ്ണൻ അനുസ്മരണ സംഗമം മാറ്റി വെച്ചതായി ദലിത് ലീഗ് ജില്ലാ പ്രസിഡന്റ് വിജയൻ ഏലങ്കുളം, ജനറൽ സെക്രട്ടറി രാജൻ അരീക്കോട് എന്നിവർ പത്രകുറിപ്പിൽ അറിയിച്ചു.

### വാഹനങ്ങളിൽ നിന്ന് ബാറ്ററി മോഷ്ടിച്ച രണ്ടുപേർ അറസ്റ്റിൽ

വളാഞ്ചേരി : ദേശീയപാത നിർമാണ കരാറുകാരായ കെ.എൻ.ആർ.സിയുടെ വാഹനങ്ങളിൽ നിന്ന് ബാറ്ററി മോഷ്ടിച്ച രണ്ടുപേരെ വളാഞ്ചേരി പൊലീസ് അറസ്റ്റ് ചെയ്തു. കരിപ്പോൾ കഞ്ഞിപ്പുരയിലെ തിരുനെല്ലി വിട്ടിൽ ഷംസുദ്ദീൻ (54),ജാർഖണ്ഡ് ഹസാരിബാഗ് സ്വദേശി അഭിമന്യു യാദവ്(26) എന്നിവരാണ് വളാഞ്ചേരി പൊലീസിന്റെ പിടിയിലായത്. റോഡരികിൽ നിർത്തിയിടുന്ന കെ.എൻ ആർ.സിയുടെ നിരവധി വാഹനങ്ങളിൽ നിന്ന് ബാറ്ററി മോഷണം പോകുന്നത് പതിവായിരുന്നു. ഇതെതുടർന്ന് കമ്പനി പൊലീസിൽ നൽകിയ പരാതിയെ തുടർന്നുള്ള അന്വേഷണത്തിലാണ് പ്രതികൾ വലയിലായത്. ഇരുവരെയും കോടതിയിൽ ഹാജരാക്കി.

കേരള വാർത്തകൾ

# ദുരന്ത മുഖത്ത് വൈറ്റ് ഗാർഡിന് നിർദേശങ്ങളുമായി ജില്ലാ യൂത്ത്‌ലീഗ് നേതൃത്വം



നിലമ്പൂർ സി.എച്ച് സെന്റർ ഓഫിസിൽ ചേർന്ന യോഗത്തിൽ യൂത്ത്‌ലീഗ് ജില്ലാ നേതാക്കൾ വൈറ്റ് ഗാർഡ് അംഗങ്ങൾക്ക് നിർദേശം നൽകുന്നു

നിലമ്പൂർ: ജില്ലാ ഹോസ്പിറ്റൽ നിലമ്പൂർ കേന്ദ്രീകരിച്ച് സന്നദ്ധ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും വയനാട്ടിൽ നിന്നും ചാലിയാറിലേക്ക് ഒഴുകിവന്ന മൃതശരീരങ്ങൾ കണ്ടെത്തുന്നതിന് ചാലിയാറിന്റെ തീരങ്ങളിൽ ഊർജിതമായ തിരച്ചിൽ നടത്തുന്നതിന് ആവശ്യമായ നിർദേശങ്ങളുമായി യൂത്ത് ലീഗ് മലപ്പുറം ജില്ലാ കമ്മിറ്റി നിലമ്പൂർ സി.എച്ച് സെന്റർ ഓഫീസിൽ യോഗം ചേർന്നു. വൈറ്റ് ഗാർഡ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നിലമ്പൂർ സി.എച്ച് സെന്റർ കേന്ദ്രീകരിച്ച് ക്യാമ്പ് ഓഫീസ് പ്രവർത്തിക്കും. സേവന സന്നദ്ധ പ്രവർത്തനങ്ങൾക്കെത്തുന്ന വൈറ്റ് ഗാർഡ് അംഗങ്ങൾ ഇവിടെ റിപ്പോർട്ട് ചെയ്യും. യോഗത്തിൽ യൂത്ത് ലീഗ് ജില്ലാ പ്രസിഡന്റ് ഷരീഫ് കുറ്റൂർ അധ്യക്ഷനായി. ദേശീയ ഓർഗനൈസിങ് സെക്രട്ടറി ടി.പി അഷ്റഫലി, ജില്ലാ ജനറൽ സെക്രട്ടറി മുസ്തഫ അബ്ദുൽ ലത്തീഫ്, മുസ്‌ലിംലീഗ് മണ്ഡലം പ്രസിഡന്റ് സി.എച്ച് ഇഖ്ബാൽ, ജനറൽ സെക്രട്ടറി മച്ചിങ്ങൽ കുഞ്ഞു, യൂത്ത് ലീഗ് ജില്ലാ ട്രഷറർ ബാവ വിസപ്പടി, സീനിയർ വൈസ് പ്രസിഡന്റ് ഗുലാം ഹസൻ ആലംഗീർ, ഭാരവാഹികളായ ടി.പി ഹാരിസ്, നിസാജ് എടപ്പറ്റ, യൂത്ത് ലീഗ് ജില്ലാ കമ്മിറ്റിയംഗങ്ങളായ ജംഷി മുത്തേടം, ലുഖ്മാൻ എടക്കര, എം.ടി അലി നൗഷാദ്, അനീസ് കൂരാട്, കൊമ്പൻ ശംസു, അബ്ബാസ് തോളിയിൽ, കെ.കെ യാസർ അറഫാത്ത്, ശുഹൈബ്, ഫവാസ് ചുള്ളിയോട്, അജ്മൽ അണക്കായി, നൗഷാദ് പാത്തിപാറ പ്രസംഗിച്ചു.

## അവശ്യ സാധനങ്ങളുമായി എം.എസ്.എഫിന്റെ നാലു വാഹനങ്ങൾ വയനാട്ടിലേക്ക്




മുണ്ടക്കൈയിലെ ദുരിതാശ്വാസ ക്യാമ്പിലേക്ക് ആവശ്യമായ സാധനങ്ങളുമായി എം.എസ്.എഫ് ജില്ലാ കമ്മിറ്റിയുടെ വാഹനങ്ങൾ വയനാട്ടിലേക്ക് തിരിക്കുന്നു

മലപ്പുറം: ഉരുൾപ്പൊട്ടലിനെ തുടർന്ന് ദുരിതത്തിൽ കഴിയുന്ന വയനാടിന് എം.എസ്.എഫിന്റെ കരുതൽ കരം. സർവവും നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിയുന്ന സഹോദരങ്ങൾക്കായി എം.എസ്.എഫ് ജില്ലാ കമ്മിറ്റി സമാഹരിച്ച അവശ്യസാധനങ്ങളുമായി നാല് വാഹനങ്ങളാണ് ചുരംകയറിയത്. 25ലക്ഷം രൂപയോളം വിലവരുന്ന വിവിധ സാധനങ്ങളുമായാണ് രണ്ട് ഭാരത് ബെൻസ്, രണ്ട് ദോസ്ത് വാഹനങ്ങൾ ഇന്നലെ വൈകീട്ട് വയനാട്ടിലേക്ക് പുറപ്പെട്ടത്. കുടിവെള്ളം, ഭക്ഷ്യധാന്യങ്ങൾ, പഴം, പച്ചക്കറി, വസ്ത്രം, പുതപ്പുകൾ, ശുചീകരണ ഉപകരണങ്ങൾ, തുടങ്ങി ആവശ്യമായ മുഴുവൻ സാധനങ്ങളും വാഹനത്തിലുണ്ട്. അപകടം നടന്ന് ഏതാനും മണിക്കൂറുകൾക്കുള്ളിൽ തന്നെ മുസ്‌ലിംലീഗ് മലപ്പുറം ജില്ലാ ഓഫീസിൽ വിഭവ സമാഹരണ കേന്ദ്രം ആരംഭിച്ചിരുന്നു. തുടർന്ന് 24 മണിക്കൂറിനുള്ളിലാണ് ഇത്രയും സാധനങ്ങൾ ശേഖരിച്ചത്. എം.എസ്.എഫ് ക്യാമ്പസ്, യൂണിറ്റ്, പഞ്ചായത്ത്, മുനിസിപ്പൽ, മണ്ഡലം കമ്മിറ്റികളുടെ നേതൃത്വത്തിൽ സമാഹരിച്ച സാധനങ്ങൾ മാത്രമാണ് ഇത്. വിഭവ സമാഹരണത്തിന് എം.എസ്.എഫ് ജില്ലാ പ്രസിഡന്റ് കബീർ മുതുപറമ്പ്, സംസ്ഥാന സെക്രട്ടറിമാരായ പി.എ ജവാദ്,അഖിൽ ആനക്കയം, ജില്ലാ ട്രഷറർ കെ.എൻ ഹക്കീം തങ്ങൾ, നവാഫ് പൂക്കോട്ടൂർ, വി.പി ജസിം എടവണ്ണ, ഷിബി മക്കരപ്പറമ്പ്, ജില്ലാ കമ്മിറ്റി അംഗങ്ങളായ ഫായിസ് അറക്കൽ, എം ഷാക്കിർ, റഹീസ് ആലുങ്ങൽ, ആസിഫ് കൂരി, അഫ്ളനൈസ്, നിഷാദ് വേങ്ങര, സൽമാൻ കടമ്പോട്ട്, ആബിദ് കൂന്തല, അർഷദ് തറയിട്ടാൽ, അലി ചേലേമ്പ്ര, ആദിൽ ചേലേമ്പ്ര, സാഹിർ കാവനൂർ നേതൃത്വം നൽകി.പെട്ടന്ന് പ്രഖ്യാപിച്ച വിഭവ സമാഹരണം വിജയിപ്പിച്ച മുഴുവൻ കീഴ്ഘടകങ്ങൾക്കും എം.എസ്.എഫ് ജില്ലാ കമ്മിറ്റി നന്ദി അറിയിച്ചു.

# മഴക്ക് ശമനം: ജലനിരപ്പ് താഴ്ന്നു തുടങ്ങി

മലപ്പുറം: കഴിഞ്ഞ മൂന്നു ദിവസങ്ങളിലായി തുള്ളി മുറിയാതെ പെയ്ത മഴക്ക് ഇന്നലെ വൈകുന്നേരത്തോടെ ശമനം വന്നു. ഇതോടെ താഴ്ന്ന പ്രദേശങ്ങളിലെ വെള്ളം താഴ്ന്നു. ചാലിയാർ, കടലുണ്ടിപ്പുഴകളിലും ജലനിരപ്പ് ഇന്നലെ വൈകിട്ടോടെ അപകടപ്പെടുത്തുന്ന രൂപത്തിൽ നിന്നും കുറഞ്ഞിട്ടുണ്ട്. അതേസമയം ശക്തമായ മഴക്ക് അൽപം ശമനം വന്നിട്ടുണ്ടെങ്കിലും മലയോര മേഖലയിൽ മഴ തുടരുകയാണ്. മഴക്ക് ശമനം കൈവന്നിട്ടുണ്ടെങ്കിലും ജാഗ്രത പാലിക്കണമെന്ന് ജില്ലാ ഭരണകൂടം മുന്നറിയിപ്പ് നൽകുന്നു. ഇന്ന് ജില്ലയിൽ ഓറഞ്ച് അലർട്ടാണ് പ്രഖ്യാപിച്ചിട്ടുള്ളത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്നും ജില്ലാ കലക്ടർ അവധി പ്രഖ്യാപിച്ചിട്ടുണ്ട്. തിങ്കളാഴ്ച രാവിലെയോടെയാണ് കനത്ത മഴ തുടങ്ങിയത്. വൈകീട്ടോടെ താഴ്ന്ന പ്രദേശങ്ങളിലെല്ലാം വെള്ളം ഉയർന്നു. ദേശീയപാത കോഴിക്കോട് - പാലക്കാട് റോഡിൽ കൊണ്ടോട്ടി, വള്ളുവമ്പ്രം, മലപ്പുറം, കൂട്ടിലങ്ങാടി എന്നിവിടങ്ങളിൽ വെള്ളം കയറി ഗതാഗതം മുടങ്ങി. മറ്റ് സംസ്ഥാന പാതകളിലും വെള്ളം കയറി ഗതാഗതം തടസ്സപ്പെട്ടിരുന്നു. അതെല്ലാം ഇന്നലെ രാവിലെയോടെ തന്നെ വെള്ളം താഴ്ന്ന് പൂർവ സ്ഥിതിയിലായി. റോഡുകളിൽ വെള്ളം കയറിയത് കാരണം ഗ്രാമീണ റൂട്ടുകളിലടക്കം മിക്ക റൂട്ടുകളിലും കെ.എസ്.ആർ.ടി.സിയടക്കം ബസ് സർവീസ് മുടങ്ങിയിരുന്നു. ഇന്നലെ മിക്ക ബസുകളും സർവീസ് നടത്തി. ബസുകളിൽ യാത്രക്കാരുടെ കുറവ് നന്നേ അനുഭവപ്പെട്ടു. പലയിടങ്ങളിലും വൈദ്യുതിബന്ധം വ്യാപകമായി താറുമാറായിരുന്നു. അതെല്ലാം മിക്കയിടങ്ങളിലും പുനഃസ്ഥാപിച്ചിട്ടുണ്ട്. ജില്ലയിൽ 31 ദുരിതാശ്വാസ ക്യാമ്പുകളാണ് തുറന്നിട്ടുള്ളത്. ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർ അവിടെ തന്നെ തുടരാൻ അധികൃതർ ആവശ്യപ്പെട്ടിട്ടുണ്ട്.

## വയനാട് ദുരന്തം; സർക്കാർ പ്രത്യേക പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കണം: എസ്.എം.എഫ്



വയനാട് മുണ്ടക്കൈ ദുരന്തത്തിൽ മരണപ്പെട്ടവരിൽ കണ്ടുകിട്ടിയവരുടെ മയ്യത്ത് നമസ്കാരത്തിന് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ നേതൃത്വം നൽകുന്നു

വയനാട്: കേരളം കണ്ടതിൽവെച്ച് ഏറ്റവും വലിയ ദുരന്തമാണ് വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല എന്നീ പ്രദേശങ്ങളിൽ നടന്നിട്ടുള്ളതെന്നും പാർപ്പിടവും ജീവിതോപാധിയുമടക്കം സർവതും നഷ്ടപ്പെട്ട ജനതക്കായി സർക്കാർ പ്രത്യേക പുനഃരധിവാസ പാക്കേജ് പ്രഖ്യാപിക്കണമെന്നും സുന്നി മഹല്ല് ഫെഡറേഷൻ സംസ്ഥാന കമ്മിറ്റി കേന്ദ്ര-സംസ്ഥാന സർക്കാറുകളോട് ആവശ്യപ്പെട്ടു. ദുരന്തഭൂമിയിലേക്കുള്ള ഏക മാർഗമായ പാലം തകർന്നതോടുകൂടി രക്ഷാപ്രവർത്തകർക്ക് പോലും പ്രസ്തുത സ്ഥലങ്ങളിലേക്ക് എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. ഇനിയും ധാരാളം മൃതദേഹങ്ങൾ വീണ്ടെടുക്കാനുണ്ട്. മരണ സംഖ്യ കുതിച്ചുയരുമെന്നാണ് പ്രദേശത്ത് സന്ദർശനം നടത്തിയ സുന്നി മഹല്ല് ഫെഡറേഷൻ നേതാക്കളോട് പ്രദേശവാസികൾ പ്രതികരിച്ചത്. തിങ്ങി നിറഞ്ഞു നിൽക്കുന്ന അഭയാർത്ഥി ക്യാമ്പുകളാണ് മേപ്പാടിയിലും പരിസരപ്രദേശങ്ങളിലുമുള്ളത്. ആശുപത്രികളിൽ ധാരാളം മൃതദേഹങ്ങൾ തിരിച്ചറിയുന്നതിന് വേണ്ടി ബന്ധുക്കളെ കാത്തിരിക്കുന്ന ദയനീയ സാഹചര്യമാണുള്ളത്.

പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ, പാണക്കാട് സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ, ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി കൂരിയാട്, ഹാജി യു. മുഹമ്മദ് ഷാഫി ചെമ്മാട്, അബ്ദുസമദ് പൂക്കോട്ടൂർ, സി.ടി അബ്ദുൽ ഖാദർ തൃക്കരിപ്പൂർ, നാസർ ഫൈസി കൂടത്തായി, അബൂബക്കർ ഫൈസി മലയമ്മ, ഹംസ ഹാജി മൂന്നിയൂർ, സലീം എടക്കര എന്നിവരടങ്ങുന്ന സംഘമാണ് ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിച്ചത്. സമസ്തയുടെയും പോഷകഘടകങ്ങളുടെയും വയനാട് ജില്ലാ ഭാരവാഹികളായ എസ്. മുഹമ്മദ് ദാരിമി, പി.സി ഇബ്രാഹിം ഹാജി, ഇബ്രാഹിം ഫൈസി പേരാൽ, ഹാരിസ് ബാഖവി കമ്പളക്കാട്, നാസർ മൗലവി, മമ്മൂട്ടി മുസ്‌ലിയാർ, മുസ്‌ലിം ലീഗ് ജില്ലാ ഭാരവാഹികളായ കെ.കെ അഹമ്മദ് ഹാജി, മുഹമ്മദ് ബത്തേരി, കെ.എം.സി.സി നേതാക്കളായ കുഞ്ഞുമോൻ കാക്കിയ, സുലൈമാൻ മാളിയേക്കൽ, അഷ്റഫ് വേങ്ങാട്, പാലക്കൻ ബഷീർ മുത്തു എന്നിവർ സംഘത്തെ അനുഗമിച്ചു. ആശുപത്രികളിലും ക്യാമ്പുകളിലും കഴിയുന്ന ദുരിതബാധിതർക്ക് വേണ്ട അവശ്യ സഹായങ്ങൾ ചെയ്തു കൊടുക്കാൻ എല്ലാവരും മുന്നിട്ടിറങ്ങണമെന്നും മരണപ്പെട്ടവർക്ക് വേണ്ടി പ്രത്യേക പ്രാർത്ഥന നടത്തണമെന്നും സമസ്ത പ്രഖ്യാപിച്ച ദുരിതാശ്വാസ ഫണ്ട് സമാഹരണം വിജയിപ്പിക്കാൻ എല്ലാവരും രംഗത്തിറങ്ങണമെന്നും നേതാക്കൾ അഭ്യർത്ഥിച്ചു.

### ഭാരതപ്പുഴയിൽ പ്രളയ മുന്നറിയിപ്പ്

എടപ്പാൾ: ഭാരതപ്പുഴയിൽ പ്രളയ മുന്നറിയിപ്പ്. കേന്ദ്ര ജല കമ്മീഷനാണ് പ്രളയ മുന്നറിയിപ്പ് നൽകിയിട്ടുള്ളത്. ജനങ്ങൾ ജാഗ്രത പാലിക്കണമെന്നാണ് മുന്നറിയിപ്പിൽ പറയുന്നത്. ഇതിനോടകം തന്നെ വിവിധ ഇടങ്ങളിലെ ലോക്ക് കംബ്രിഡ്ജുകളുടെ ഷട്ടറുകൾ പൂർണമായും തുറന്നു കഴിഞ്ഞു. ശക്തമായ ഒഴുക്ക് ഉള്ളതിനാൽ പുഴയിൽ യാതൊരു കാരണവശാലും ഇറങ്ങരുതെന്നും മുന്നറിയിപ്പിൽ പറയുന്നു.

# തദ്ദേശ ഉപതിരഞ്ഞെടുപ്പ്: യു.ഡി.എഫിന് ഉജ്ജ്വല വിജയം



ടി.പി സുഹറാബി (മൂന്നിയൂർ,വാർഡ് 2)



ഇ.കെ ജാസിർ (പൊടിയാട്)



നസീറ നാസർ (കൂട്ടിലങ്ങാടി,വാർഡ് 17)



ഇ.എസ് സുകുമാരൻ (എടപ്പാൾ ചുങ്കം)

മലപ്പുറം: ജില്ലയിൽ ഒരു നഗരസഭയടക്കം നാലു തദ്ദേശ വാർഡുകളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ ഉജ്ജ്വല വിജയം നേടി യു.ഡി.എഫ്. മുഴുവൻ വാർഡുകളിലും കഴിഞ്ഞ തവണത്തേക്കാൾ വർധിത ഭൂരിപക്ഷം യു.ഡി.എഫിനു നേടാനായി എന്നതും നേട്ടമാണ്. ഭരണവർഗത്തോടുള്ള പ്രതിഷേധം ഉപതിരഞ്ഞെടുപ്പിൽ പോലും പ്രതിഫലിക്കുന്ന കാഴ്ചയാണ് ഇന്നലെ ജില്ലയിൽ കണ്ടത്. 62 വർഷമായി സി.പി. എം കുത്തകയാക്കി വെച്ചിരുന്ന മൂന്നിയൂർ പഞ്ചായത്തിലെ രണ്ടാം വാർഡിൽ 162 വോട്ടുകൾക്ക് വിജയിച്ചാണ് യു.ഡി.എഫ് സ്വതന്ത്ര സ്ഥാനാർത്ഥി ടി.പി സുഹറാബി ചരിത്ര മുന്നേറ്റം തീർത്തത്. ടി.പി സുഹറാബി 833 വോട്ട് നേടിയപ്പോൾ എതിർ സ്ഥാനാർത്ഥി സുജിത വിനോദ് 690 വോട്ടുകൾ നേടി. മലപ്പുറം നഗരസഭയിലെ പൊടിയാട് വാർഡിൽ 716 വോട്ടുകളുടെ വർധിത ഭൂരിപക്ഷത്തിനാണ് യു.ഡി.എഫ് സ്ഥാനാർത്ഥി മുസ്‌ലിംലീഗിലെ ഇ.കെ ജാസിർ വിജയിച്ചത്. 1029 വോട്ടാണ് ഇ.കെ ജാസിറിന് ലഭിച്ചത്. എൽ.ഡി.എഫ് സ്ഥാനാർത്ഥിയായി മത്സരിച്ച ഷൗക്കത്ത് 313 വോട്ടും നേടി. കൂട്ടിലങ്ങാടി പഞ്ചായത്തിലെ 17-ാം വാർഡ് യു.ഡി.എഫ് ജനകീയ ഐക്യമുന്നണി സ്ഥാനാർത്ഥി നസീറ നാസർ 589 വോട്ടുകളുടെ ഭൂരിപക്ഷത്തിനാണ് വിജയിച്ചത്. എതിർസ്ഥാനാർത്ഥി കെ.ടി റഫിയക്ക് 185 വോട്ടുകൾ മാത്രമാണ് ലഭിച്ചത്. വട്ടംകുളം പഞ്ചായത്തിലെ എടപ്പാൾ ചുങ്കം വാർഡിൽ നടന്ന തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് പിന്തുണച്ച സ്വതന്ത്ര സ്ഥാനാർത്ഥി ഇ.എസ് സുകുമാരൻ 142 വോട്ടുകൾക്കാണ് വിജയമുറപ്പിച്ചത്. നാലു പതിറ്റാണ്ടായി സി.പി.എം സ്ഥാനാർഥിയാണു ഈ വാർഡിൽ ജയിക്കുന്നത്. ഒരിടത്തും ഫലം ഭരണത്തെ ബാധിക്കില്ല എന്നത് മാത്രമാണ് സി.പി.എമ്മിന് ആശ്വാസമായത്.

## ചരിത്ര വിജയത്തിന് പിന്നിൽ പ്രവർത്തിച്ചവർക്ക് അഭിനന്ദനങ്ങൾ: മുസ്‌ലിംലീഗ്

മലപ്പുറം: തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ ചരിത്രം കുറിച്ച വിജയക്കുതിപ്പിന് പിന്നിൽ പ്രവർത്തിച്ച മുഴുവൻ പ്രവർത്തകർക്കും അഭിനന്ദനങ്ങൾ അറിയികുന്നുവെന്ന് മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ, ജനറൽ സെക്രട്ടറി പി അബ്ദുൽഹമീദ് എം.എൽ.എ എന്നിവർ പറഞ്ഞു. ജില്ലയിൽ ഉപതിരഞ്ഞെടുപ്പ് നടന്ന നാലു വാർഡുകളിലും യു.ഡി.എഫും യു.ഡി.എഫ് പിന്തുണക്കുന്ന സ്വതന്ത്രരും വിജയിച്ചു. എടപ്പാളിലും മൂന്നിയൂരിലും എൽ.ഡി.എഫിൽ നിന്ന് സീറ്റുകൾ തിരിച്ചുപിടിച്ചു. മലപ്പുറത്തും കൂട്ടിലങ്ങാടിയിലും നിലനിർത്തി. പഞ്ചായത്തുകൾ നിലവിൽ വന്ന നാൾ മുതൽ സി.പി.എം കൈവശം വെച്ചു വരുന്ന വാർഡുകൾ തിരിച്ചുപിടിച്ചുവെന്നത് ചരിത്ര സംഭവമാണ്. സി.പി.എം നേരിട്ടുകൊണ്ടിരിക്കുന്ന തകർച്ചയുടെ തുടർച്ചയാണിതെന്നും വരുംവർഷം നടക്കാനിരിക്കുന്ന തദ്ദേശ ഭരണ തിരഞ്ഞെടുപ്പിലേക്കുള്ള ഒരു ചൂണ്ടുപലക കൂടിയാണ് ഈ തിരഞ്ഞെടുപ്പ് ഫലമെന്നും നേതാക്കൾ പറഞ്ഞു.

### ആഹ്ലാദ പ്രകടനങ്ങൾ നടത്തില്ല

മലപ്പുറം: വയനാട്ടിലുണ്ടായ ഹൃദയഭേദകമായ പ്രകൃതിദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മലപ്പുറം ജില്ലയിലെ ഉപതിരഞ്ഞെടുപ്പുകളിൽ മുഴുവൻ വാർഡുകളും യു.ഡി.എഫ് ജയിച്ചെങ്കിലും ആഹ്ലാദ പ്രകടനങ്ങൾ ഉപേക്ഷിച്ചതായി മുസ്‌ലിം ലീഗ് പ്രസിഡന്റ് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ, ജനറൽ സെക്രട്ടറി പി.അബ്ദുൽ ഹമീദ് എം.എൽ.എ, ജില്ലാ കോൺഗ്രസ് പ്രസിഡന്റ് അഡ്വ. വി.എസ് ജോയ്, യു.ഡി.എഫ് ചെയർമാൻ പി.ടി അജയ് മോഹൻ, കൺവീനർ അഷ്റഫ് കോക്കൂർ എന്നിവർ അറിയിച്ചു. പഞ്ചായത്ത് സംവിധാനം നിലവിൽ വന്ന കാലം മുതൽ സി.പി.എം കൈവശം വെച്ച് വന്നിരുന്ന 2 വാർഡുകൾ യു.ഡി.എഫ് തിരിച്ച് പിടിച്ച ചരിത്ര വിജയം കൈവരിച്ച സന്ദർഭമാണെങ്കിൽ പോലും, തിരഞ്ഞെടുപ്പ് നടന്ന വാർഡുകളിലോ ജില്ലയിൽ മറ്റൊരിടത്തോ തിരഞ്ഞെടുപ്പ് വിജയത്തിന്റെ പേരിൽ ഒരുതരത്തിലുള്ള ആഘോഷവും നടത്തരുതെന്ന് നേതാക്കൾ നിർദേശിച്ചു.

## ഭീതി വിട്ടൊഴിയാതെ റാണിയും കുടുംബവും

**പി.വി ഹസീബ് റഹ്മാൻ**
കൊണ്ടോട്ടി



വയനാട് ദുരന്തത്തിൽ നിന്ന് രക്ഷപ്പെട്ട റാണിയും കുടുംബവും കൊണ്ടോട്ടി താലൂക്ക് ആശുപത്രിയിൽ

ആശുപത്രിയിൽ പരിചരണത്തിനിടയിലും റാണിക്കും കുടുംബത്തിനും ഭീതി വിട്ടകന്നിട്ടില്ല.വയനാട് ചൂരൽ മലയിൽ നിന്ന് സൈന്യം രക്ഷപ്പെടുത്തിയ റാണിയെയും ഭർത്താവ് മഹാദേവിനെയും അച്ഛൻ മഹാദേവ് ഷെട്ടിയെയും കഴിഞ്ഞ ദിവസം ഹെലികോപ്റ്റർ വഴി കൊണ്ടോട്ടിയിലെത്തിച്ചിരുന്നു. ഇവർ കൊണ്ടോട്ടി താലൂക്ക് ആശുപത്രിയിലാണ് ചികിത്സയിൽ ഉള്ളത്. ചൂരൽമല എസ്.ആർ. എസ്റ്റേറ്റിലെ തൊഴിലാളിയാണ് റാണി.മരണ മുഖത്ത് നിന്ന് രക്ഷപ്പെട്ട ഇവരെ എസ്റ്റേറ്റിന്റെ പാടിയിലേക്ക് മാറ്റി. ഭർത്താവിന് നടക്കാൻ കഴിയാത്തതിനാൽ ഇവർ പാടിയിൽ തന്നെ തുടർന്നു.


തലേന്നു തന്നെ മഴ കനത്തിരുന്നു. തിങ്കളാഴ്ച ഉച്ചയോടെ പുഴയിൽ വെള്ളം കൂടിക്കൂടി വന്നതിനാൽ അയൽക്കാർ ബന്ധുവീടുകളിലേക്കും മറ്റും മാറിത്തുടങ്ങിയിരുന്നു. അയൽവാസികൾ നിർബന്ധിച്ചതു കൊണ്ടാണ് റാണിയും കുടുംബവും മാറിയത്. രാത്രി എട്ടരയോടെ ഇവരെ സുരക്ഷിത സ്ഥലമായ എസ്റ്റേറ്റിന്റെ ആശുപത്രിയിൽ എത്തിക്കുകയായിരുന്നു. മറ്റു കുറച്ചു പേരും ആശുപത്രിയിൽ അഭയം തേടിയെത്തിയിരുന്നു. രാത്രി ഒന്നരയോടെ വെള്ളം ഒഴുകിയെത്തുന്ന ഭീകര ശബ്ദം കേട്ട് ഇവർ ആശുപത്രിയുടെ വരാന്തയിലേക്ക് എത്തിയതോടെ ആകെ വിറങ്ങലിച്ചു. ഇരുട്ടിൽ ടോർച്ചിന്റെ ഇത്തിരി വെട്ടത്തിൽ വെള്ളത്തിൽ മരങ്ങളും മറ്റും കുത്തിയൊഴുകുന്ന ഭീകര രംഗമാണ് കണ്ടത്. പുഴയുടെ അക്കരെ ഉള്ളവരുടെ രക്ഷപ്പെടാനുള്ള ആർപ്പു വിളികൾ. പുലർച്ചെ വീണ്ടും വലിയ ശബ്ദവും കുത്തൊഴുക്കും കണ്ടു.നേരം വെളുത്തപ്പോൾ കാണാനായത് ഇവരുടെതടക്കം എല്ലാ വീടുകളും മണ്ണിനുള്ളിൽ പെട്ടിരുന്നു. ആശുപത്രിയും ഭീഷണിയിലായതോടെ രക്ഷാ പ്രവർത്തകർ എത്തി പുറത്തെത്തിച്ച് സൈന്യത്തിന്റെ ഹെലികോപ്റ്ററിൽ കരിപ്പൂരിൽ എത്തിക്കുകയായിരുന്നു. തങ്ങളെ രക്ഷപ്പെടുത്തി ആശുപത്രിയിലേക്ക് മാറ്റിയവരെ കുറിച്ച് ഒരു വിവരവുമില്ലെന്ന സങ്കടത്തിലാണ് റാണി. കൊണ്ടോട്ടി താലൂക്ക് ആശുപത്രിയിൽ ആണ് റാണിയും കുടുംബവും. പാലിയേറ്റീവ് പ്രവർത്തകരും നാട്ടുകാരുമെല്ലാം ഇവർക്ക് സഹായവും പിന്തുണയും നൽകുന്നുണ്ട്.



നിലമ്പൂർ ജില്ലാ ആശുപത്രിയിൽ വെച്ച് പ്രാർഥന നടത്തുന്ന പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ

## വയനാട് ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കണം - പി.വി അബ്ദുൽ വഹാബ് എം.പി

### ഉപരാഷ്ട്രപതിയെ കണ്ടു



പി.വി അബ്ദുൽ വഹാബ് എം.പി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറുമായി ഡൽഹിയിൽ കൂടിക്കാഴ്ച നടത്തുന്നു.

നിലമ്പൂർ: വയനാട് ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന് പി.വി. അബ്ദുൽ വഹാബ് എം.പി. ഇതുമായി ബന്ധപ്പെട്ട് രാജ്യസഭാ ചെയർമാൻകൂടിയായ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി. ദേശീയ ദുരന്തമായി പ്രഖ്യാപിച്ചാൽ മാത്രമേ കൂടുതൽ സഹായം ലഭിക്കാൻ ഇടയാവുകയുള്ളൂ. ഇല്ലെങ്കിൽ ദുരന്തത്തിലകപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ദുരിതത്തിൽ നിന്നും കരകയറാനാവില്ലെന്നും ഉപരാഷ്ട്രപതിയുമായുള്ള ചർച്ചയിൽ അദ്ദേഹം വ്യക്തമാക്കി. ഇന്നലെ വൈകീട്ട് ഡൽഹിയിൽനിന്ന് നേരെ നിലമ്പൂർ ജില്ലാ ആശുപത്രിയിലെത്തിയ അദ്ദേഹം ഡി.എം.ഒ രേണുക, ആശുപത്രി സൂപ്രണ്ട് ഡോ.ഷിനാസ് ബാബു എന്നിവരുമായി ചർച്ച നടത്തി. മുണ്ടക്കൈയിലും ചൂരൽമലയിലുമുണ്ടായ ഉരുൾപൊട്ടലിൽ മരിച്ചവരുടെ മൃതദേഹങ്ങൾ കണ്ടുവെന്നും പറഞ്ഞറിയിക്കാൻ പറ്റാത്ത, കരളലിയിപ്പിക്കുന്ന കാഴ്ചകൾക്കാണ് ആശുപത്രിയിലുള്ളവർ സാക്ഷ്യം വഹിക്കുന്നതെന്നും എം.പി മാധ്യമപ്രവർത്തകരോടു പറഞ്ഞു. ദുരന്തത്തിന്റെ ആഘാതത്തിൽനിന്ന് നാട് മുക്തമായിട്ടില്ല. ബന്ധുക്കളും നാട്ടുകാരുമെല്ലാം അതിജീവനത്തിനു വേണ്ടിയുള്ള ശ്രമങ്ങളിലാണ്. കഴിയുന്ന സഹായങ്ങൾ ചെയ്ത് എല്ലാവർക്കും കൂടെ നിൽക്കാമെന്നും പി.വി.അബ്ദുൽ വഹാബ് പറഞ്ഞു.

## ജനങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നു: അബ്ബാസലി തങ്ങൾ

നിലമ്പൂർ: വയനാട് ദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങളുടെ ദുഖത്തിൽ പങ്കുചേരുന്നുവെന്നും എല്ലാവരും ഒന്നിച്ചുനിന്ന് മരിച്ചവരുടെ കുടുംബാഗങ്ങളെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിന് പരിശ്രമിക്കണമെന്നും മുസ്‌ലിം ലീഗ് ജില്ലാ അധ്യക്ഷൻ പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ പറഞ്ഞു. നിലമ്പൂരിൽ ജില്ലാ ആശുപത്രിയിൽ സന്ദർശനം നടത്തിയ ശേഷം പ്രതികരിക്കുകയായിരുന്നു.ആശുപത്രിയിൽവെച്ച് പ്രാർഥനയും നടത്തിയാണ് തങ്ങൾ മടങ്ങിയത്. ജില്ലാ ജനറൽ സെക്രട്ടറി പി.അബ്ദുൽ ഹമീദ് എം.എൽ.എ, വൈസ് പ്രസിഡന്റ് ഇസ്മായിൽ മൂത്തേടം, സി.എച്ച്. ഇഖ്ബാൽ,ജസ്മൽ പുതിയറ, ഡോ.ബഹാഉദ്ദീൻ നദ്‌വി, യു. ശാഫി ഹാജി ചെമ്മാട്, അബ്ദുസ്സമദ് പൂക്കോട്ടൂർ, ടി.പി.അഷ്റഫലി,കെ.ടി.കുഞ്ഞാൻ, മച്ചിങ്ങൽ കുഞ്ഞു, സി.ടി.അബ്ദുൽ ഖാദർ ഹാജി തൃക്കരിപ്പൂർ,നാസർ ഫൈസി കൂടത്തായി, സലീം എടക്കര കൂടെയുണ്ടായിരുന്നു.

### ദുരന്തമുഖത്ത് എല്ലാ സഹായവും നൽകും: പി.അബ്ദുൽ ഹമീദ്

നിലമ്പൂർ: വയനാട് ഉരുൾപൊട്ടലിൽ കഷ്ടത അനുഭവിക്കുന്ന പ്രദേശങ്ങളിൽ എല്ലാ സഹായവുമായി മുസ്‌ലിം ലീഗ് രംഗത്തുണ്ടെന്ന് ജില്ലാ ജനറൽ സെക്രട്ടറി പി.അബ്ദുൽ ഹമീദ് എം.എൽ.എ. നിലമ്പൂർ ജില്ലാ ആശുപത്രിയിൽ മൃതദേഹങ്ങൾ സന്ദർശിച്ച ശേഷം മാധ്യമ പ്രവർത്തകരോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. സന്നദ്ധ പ്രവർത്തകർക്ക് സർക്കാറിന്റെ സഹായമുണ്ടാകണം. അദ്ദേഹം പറഞ്ഞു.

### നേതൃസംഗമങ്ങൾ മാറ്റി

മലപ്പുറം: മേപ്പാടിയിൽ സംഭവിച്ച ദുഃഖകരമായ പ്രകൃതിദുരന്തം കാരണം മലപ്പുറം ജില്ലാ മുസ്‌ലിം ലീഗ് കമ്മിറ്റി നടത്താൻ നിശ്ചയിച്ചിരുന്ന നിയോജകമണ്ഡലം തല നേതൃസംഗമങ്ങൾ മാറ്റി വെച്ചതായി ജനറൽ സെക്രട്ടറി പി അബ്ദുൽ ഹമീദ് എം.എൽ.എ അറിയിച്ചു. അടുത്ത തിയ്യതികൾ പിന്നീട് തീരുമാനിക്കുന്നതാണ്.



ഒറ്റരാത്രിയിൽ ഇല്ലാതായ ഒരിടം... *മലവെള്ളപ്പാച്ചിൽ മുണ്ടക്കൈയിലെ വീടുകൾ ഒലിച്ചുപോയ നിലയിൽ*

# വയനാട്ടിലെ ജനങ്ങളെ പിന്തുണയ്ക്കണമെന്ന് രാഹുൽ

- വയനാട് ദുരന്തത്തിലും വർഗീയത ആരോപിച്ച് തേജസ്വി സൂര്യ
- അമിത് ഷാ പറയിപ്പിച്ചതെന്ന് സൗഗത റോയ്
- കേരളം കണ്ണീരിൽ; പിന്തുണയ്ക്കാൻ കേന്ദ്രം തയാറാകണമെന്ന് കെ.സി വേണുഗോപാൽ

ന്യൂഡൽഹി: വയനാട്ടിലെ ജനങ്ങളെ പിന്തുണയ്ക്കേണ്ടതുണ്ടെന്നും അവരെ സഹായിക്കാൻ എല്ലാ കാര്യങ്ങളും ചെയ്യണമെന്ന് സർക്കാരിനോട് അഭ്യർഥിക്കുന്നതായി ലോക്സഭയിൽ രാഹുൽ ഗാന്ധി എം.പി. വയനാട്ടിലേത് വലിയ ദുരന്തമാണ്. സൈന്യം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. വയനാട്ടിലെ ജനങ്ങളെ പിന്തുണയ്ക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അവരെ സഹായിക്കാൻ എല്ലാ സഹായങ്ങളും ചെയ്യണമെന്ന് സർക്കാരിനോട് അഭ്യർഥിക്കുന്നു.

ഇത് രണ്ടാം തവണയാണ് ഇങ്ങനെയൊരു ദുരന്തമുണ്ടാകുന്നത്. പാരിസ്ഥിതിക പ്രശ്നമുള്ള മേഖലയാണെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. പരിഹാരങ്ങൾ കാണേണ്ടതുണ്ട്, രാഹുൽ ഗാന്ധി പറഞ്ഞു. അതേ സമയം വയനാട്ടിൽ ഉരുൾപൊട്ടലിൽ 235 പേർ മരിച്ച ദാരുണ സംഭവത്തിലും വർഗീയ കാരണങ്ങൾ തിരഞ്ഞ് ബെംഗളൂരുവിൽ നിന്നുള്ള ബി.ജെ.പി എം.പി തേജസ്വി സൂര്യ. വയനാട് എം.പിയായിരുന്ന രാഹുൽ ഗാന്ധിയ്ക്കെതിരേ വിമർശനവുമായി ഇറങ്ങിയ ബി.ജെ.പി എംപി വയനാട്ടിലെ എംപിയായിരുന്ന രാഹുൽ ഗാന്ധി ഒരു തവണപോലും മണ്ണിടിച്ചിലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പാർലമെന്റിൽ ഉന്നയിച്ചിട്ടില്ലെന്നും ആരോപിച്ചു. 2021ൽ നിയമസഭയിൽ മതസംഘടനകളിൽ നിന്ന് സമ്മർദ്ദമുള്ളതിനാലാണ് അനധികൃത കയ്യേറ്റങ്ങൾ തടയാനാവാത്തതെന്ന് വനം മന്ത്രിയായിരുന്ന കെ രാജു സമ്മതിച്ചിരുന്നതായും അദ്ദേഹം ആരോപിച്ചു. രാഹുൽ ഗാന്ധി വയനാട്ടിലെ എംപിയായതിന് ശേഷമുള്ള കഴിഞ്ഞ 1800 ദിവസത്തിൽ ഒരു തവണ പോലും മണ്ണിടിച്ചിലും പ്രളയവുമായി ബന്ധപ്പെട്ട ഒരു പ്രശ്നവും നിയമസഭയിലോ പാർലമെന്റിലോ ഉയർത്തിയിട്ടില്ല. മതസംഘടനകളിൽനിന്ന് സമ്മർദ്ദമുള്ളതിനാലാണ് അനധികൃത കയ്യേറ്റങ്ങൾ തടയാനാവാത്തതെന്ന് 2021ൽ നിയമസഭയിൽ വനം മന്ത്രിയായിരുന്ന കെ. രാജു സമ്മതിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വയനാട് ദുരന്തം രാഹുൽ ഗാന്ധിയെ രാഷ്ട്രീയമായി ആക്രമിക്കാനുള്ള ആയുധമാമാക്കാനാണ് ബി.ജെ.പി കർണാടക എം.പി തേജസ്വി സൂര്യ ഉപയോഗിച്ചത്. കേരളം കഴിഞ്ഞ 5 വർഷമായി വലിയ ദുരന്തങ്ങൾ നേരിടുന്നുവെന്നു കെ.സി. വേണുഗോപാൽ എംപി പറഞ്ഞു. കേരളത്തിൽ മാത്രമല്ല കർണാടക ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലും വലിയ ദുരന്തങ്ങളുണ്ടാകുന്നു. സംസ്ഥാനങ്ങളെ പിന്തുണയ്ക്കാൻ കേന്ദ്ര സർക്കാർ തയാറാകണമെന്നും അദ്ദേഹം ലോക്സഭയിൽ ആവശ്യപ്പെട്ടു. നമ്മൾ ജനങ്ങളെ രക്ഷിക്കാൻ ഒരുമിച്ചു നിൽക്കുന്നുവെന്ന് ഈ രാജ്യത്തിനു കാണിച്ചു കൊടുക്കണം.

അതിനുശേഷം രാഷ്ട്രീയ വാഗ്വാദങ്ങൾ നടത്താം. ചൊവ്വാഴ്ച രാവിലെ മുതൽ കേരളം കണ്ണീരിലാണ്. അപകടത്തെ രാഷ്ട്രീയവൽക്കരിക്കരുത്. ഇപ്പോൾ രക്ഷാപ്രവർത്തനത്തിന്റെ സമയമാണ്. ഈ സാഹചര്യത്തിൽ രാഷ്ട്രീയം പറയുകയല്ല വേണ്ടത്. രക്ഷാപ്രവർത്തനങ്ങൾ അവസാനിപ്പിച്ച ശേഷം നമുക്കു രാഷ്ട്രീയം സംസാരിക്കാമെന്നും കെ.സി. വേണുഗോപാൽ പറഞ്ഞു. അതേ സമയം കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ നിർദേശ പ്രകാരമാണെന്ന് ദുരന്തത്തെ രാഹുലിനെതിരായ ആക്രമണമാക്കി മാറ്റാൻ തേജസ്വി സൂര്യ തയാറായതെന്ന് തൃണമൂൽ കോൺഗ്രസ് നേതാവ് സൗഗത റോയ് ആരോപിച്ചു. രാഹുൽ ഗാന്ധിക്കെതിരെ പ്രസംഗിക്കുന്നതിന് മുമ്പും പിമ്പും തേജസ്വി സൂര്യയെ വിളിച്ചുവരുത്തി അമിത് ഷാ ദീർഘമായി സംസാരിച്ചത് ചൂണ്ടിക്കാട്ടിയാണ് സൗഗത റോയ് ഇത്തരമൊരു ആരോപണമുന്നയിച്ചത്. എന്നാൽ പ്രസംഗം ഹിന്ദിയിൽ നടത്തണമെന്ന കാര്യമാണ് താൻ തേജസ്വിയുമായി സംസാരിച്ചത് എന്നായിരുന്നു അമിത് ഷായുടെ മറുപടി. വയനാട് ദുരന്തത്തിൽ വേണുഗോപാലിന്റെ ശ്രദ്ധ ക്ഷണിക്കൽ പ്രമേയം പരിഗണിക്കുന്നതിന് മുമ്പ് ലോക്സഭയിൽ സഹമന്ത്രി നിത്യാനന്ദ് റായിക്കൊപ്പമെത്തിയ അമിത് ഷാ കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജുവിനെ കൊണ്ട് തേജസ്വി സൂര്യയെ തന്റെ ഇരിപ്പിടത്തിലേക്ക് വിളിപ്പിക്കുകയായിരുന്നു. തുടർന്ന് ഇരുവരും സംസാരിച്ച ശേഷമായിരുന്നു രാഹുൽ വയനാടിനെ കുറിച്ച് മിണ്ടിയില്ലെന്നും പശ്ചിമ ഘട്ട വിഷയം പറഞ്ഞതിന് കോൺഗ്രസ് പി.ടി തോമസിനെ പുറത്താക്കിയെന്നുമൊക്കെ ആരോപിച്ചുള്ള തേജസ്വി സൂര്യയുടെ സംസാരം. വ്യാജ ആരോപണങ്ങൾ പറയാൻ അനുവദിച്ച സ്പീക്കറെ ചോദ്യം ചെയ്ത് കോൺഗ്രസ് അംഗങ്ങൾ നടുത്തളത്തിലേക്ക് കുതിച്ചു. സഭ ബഹളത്തിൽ മുങ്ങിയതോടെ സൂര്യയുടെ പ്രസംഗം തടസപ്പെടുകയും സ്പീക്കർ മൈക്ക് ഓഫാക്കുകയും ചെയ്തു. സഭ നാലു മണി വരെ നിർത്തിവെച്ച നേരത്ത് അമിത് ഷാ വീണ്ടും തേജസ്വിയെ തന്റെ ഇരിപ്പിടത്തിനടുത്തേക്ക് വിളിച്ചുവരുത്തി സംസാരിച്ചു.

ശേഷം സഭ രണ്ടാമതും ചേർന്ന് എം.പിമാരുന്നയിച്ച ചോദ്യങ്ങൾക്ക് മറുപടി പറയാനായി അമിത് ഷാ എഴുന്നേറ്റപ്പോഴാണ് തൃണമൂൽ കോൺഗ്രസ് നേതാവ് സൗഗത റോയ് താങ്കളാണ് ഇതെല്ലാം പറയിപ്പിച്ചതെന്ന് അമിത് ഷായെ നോക്കി പറഞ്ഞത്.

**സൈന്യത്തിന്റെ രക്ഷാപ്രവർത്തനത്തെ പ്രശംസിച്ച് രാഹുൽ ഗാന്ധി**

## രാഹുലും പ്രിയങ്കയും ഇന്ന് വയനാട്ടിലെത്തും



ന്യൂഡൽഹി: വലിയ ദുരന്തമാണ് വയനാട്ടിൽ സംഭവിച്ചിരിക്കുന്നതെന്ന് മുൻ എം.പിയും ലോക്സഭാ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി. ദുരന്തമേഖലയിലെ സൈന്യത്തിന്റെ സേവനം എടുത്തുപറയേണ്ടതാണെന്നും രാഹുൽ ചൂണ്ടിക്കാട്ടി. വയനാട്ടിലെ ജനങ്ങളെ പിന്തുണക്കേണ്ടതും അവർക്ക് ആവശ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കേണ്ടതും അനിവാര്യമാണ്. വെല്ലുവിളി നേരിടുന്ന ഈയവസരത്തിൽ വയനാടിനൊപ്പം നിൽക്കണമെന്ന് സർക്കാറിനോട് അഭ്യർഥിക്കുകയാണ്. രണ്ടാം തവണയാണ് അവിടെ ദുരന്തം സംഭവിക്കുന്നത്. അഞ്ചുവർഷം മുമ്പും സമാന ദുരന്തമുണ്ടായിരുന്നു. ആ മേഖലയിൽ പാരിസ്ഥിതിക പ്രശ്നമുണ്ടെന്നാണ് മനസിലാക്കാൻ സാധിക്കുന്നത്. തീർച്ചയായും ഇതേ കുറിച്ച് അന്വേഷണവും ആവശ്യമാണ്. ദുരന്തം മറികടക്കാൻ അത്യാധുനിക സാങ്കേതിക വിദ്യകളുണ്ടെങ്കിൽ അത് ലഭ്യമാക്കേണ്ടതാണെന്നും രാഹുൽ പറഞ്ഞു. വയനാട് ഉരുൾ പൊട്ടൽ ലോക്സഭയിൽ ഉന്നയിച്ച രാഹുൽ കേന്ദ്രം പ്രഖ്യാപിച്ച ധനസഹായം വർധിപ്പിക്കണമെന്നും ലോക്സഭയിൽ ആവശ്യപ്പെട്ടിരുന്നു. വിഷയം കേന്ദ്രമന്ത്രിമാരുമായി ചർച്ച ചെയ്യുമെന്നും വയനാടിന് ആവശ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കുമെന്നും രാഹുൽ ഗാന്ധി വ്യക്തമാക്കിയിരുന്നു. അതേ സമയം രാഹുൽ ഗാന്ധിയും പ്രിയങ്ക ഗാന്ധിയും ഇന്ന് വയനാട്ടിലെത്തും. നേരത്തെ ബുധനാഴ്ച വയനാട് സന്ദർശിക്കുമെന്ന് അറിയിച്ചിരുന്നെങ്കിലും മോശം കാലാവസ്ഥ കാരണം യാത്ര മാറ്റുകയായിരുന്നു.



മുണ്ടക്കൈയിലെ ദുരന്തമുഖത്ത് ഡോഗ് സ്ക്വാഡുമായി പരിശോധന നടത്തുന്നു

**വയനാടിന്റെ നൊമ്പരം പാർലമെന്റിൽ ഉന്നയിച്ച് സമദാനി**

## കേരളത്തിലെ പ്രകൃതിദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ പഠന, പ്രതിരോധ പരിഹാരങ്ങൾ ആവിഷ്കരിക്കണം

ന്യൂഡൽഹി: വയനാട്ടിലുണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തിൽ കേന്ദ്രസഹായം വർദ്ധിപ്പിക്കണമെന്നും കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് കേരളത്തിലുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ പഠന, പ്രതിരോധ പരിഹാരങ്ങൾക്കായി സമഗ്രപദ്ധതി ആവിഷ്കരിക്കണമെന്നും ഡോ.എം.പി.അബ്ദുസ്സമദ് സമദാനി ലോക്സഭയിൽ ആവശ്യപ്പെട്ടു. ദുരന്തത്തിന്റെ ഗുരുതരാവസ്ഥ പരിഗണിച്ച് രക്ഷാപ്രവർത്തനങ്ങൾ വിപുലപ്പെടുത്തുകയും അതിനാവശ്യമായ വിഭവങ്ങളും സന്നാഹങ്ങളും വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. കൂടുതൽ സേനാംഗങ്ങളും ചികിത്സാ സൗകര്യങ്ങളും ആവശ്യമാണ്.

പുനരധിവാസത്തിനും നഷ്ടപരിഹാരത്തിനുമായി കേന്ദ്രം കൂടുതൽ ഫണ്ട് അനുവദിക്കണമെന്നും 377-ാം വകുപ്പ് പ്രകാരം വിഷയം ഉന്നയിച്ചുകൊണ്ട് സമദാനി പറഞ്ഞു. കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് കാലവർഷത്തിൽ ആപൽകരമായ മാറ്റങ്ങളാണ് സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതേത്തുടർന്ന് ഉരുൾപൊട്ടലുകൾ ആവർത്തിക്കപ്പെടുകയാണ്. ഭാരതപ്പുഴ, ചാലിയാർ, കടലുണ്ടിപ്പുഴ, തൂതപ്പുഴ എന്നിവയടക്കമുള്ള നദികൾ കരകവിഞ്ഞൊഴുകുന്നതും ആശങ്കയുണ്ടാക്കുന്നു. ഈ പശ്ചാത്തലത്തിൽ അപകടസൂചനയുള്ള സ്ഥലങ്ങൾ കാലേക്കൂട്ടി തിരിച്ചറിയാനും ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകാനും സംവിധാനമൊരുക്കണം. കനത്ത മഴയുടെയും മേഘസ്ഫോടനത്തിന്റെയും ഫലമായി വ്യാപകമായ നാശനഷ്ടങ്ങളാണ് വയനാട്ടിൽ ഉണ്ടായിരിക്കുന്നത്. നൂറ്റി അമ്പതിലേറെ പേർ മരണപ്പെടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്ത ദുരന്തത്തിൽ ഒട്ടേറെ പേരെ കാണാതായിരിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. ആയിരക്കണക്കിന് പേരുടെ സ്വത്തുക്കൾ നഷ്ടപ്പെടുകയും പലരുടെയും വീടുകൾ തുടച്ചുനീക്കപ്പെടുകയും ചെയ്തു. കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെ ക്രമീകരണത്തിന്റെയും പൊതുജനങ്ങളുടെ സന്നദ്ധപ്രവർത്തനങ്ങളുടെയും ഫലമായി രക്ഷാപ്രവർത്തനങ്ങൾ ഊർജ്ജിമായി നടക്കുന്നുണ്ട്.

എങ്കിലും അത് കൂടുതൽ വിപുലപ്പെടുത്തിക്കൊണ്ട് ദുരിതബാധിതരായ ജനങ്ങളെ സഹായിക്കാൻ ആവശ്യമായതെല്ലാം കേന്ദ്രസർക്കാർ ചെയ്യണമെന്ന് സമദാനി ആവശ്യപ്പെട്ടു. വയനാട് ദുരന്തത്തെപ്പറ്റിയുള്ള ചർച്ചയിൽ രാഷ്ട്രീയം കലർത്തിയും രാഹുൽഗാന്ധിയെ പരാമർശിച്ചും സംസാരിച്ച ബിജെപി അംഗത്തിന്റെ നടപടിയെ എതിർത്തുകൊണ്ട് മറ്റു കേരള എംപിമാർക്കൊപ്പം ഡോ.എം.പി അബ്ദുസ്സമദ് സമദാനിയും പ്രതിഷേധിച്ചു.

**ഏഴ് ദിവസംമുൻപ് മുന്നറിയിപ്പ് നൽകി, അത് അവഗണിച്ചു**

## സംസ്ഥാന സർക്കാരിനെതിരേ രാജ്യസഭയിൽ അമിത് ഷാ

ന്യൂഡൽഹി: വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിനെതിരേ കടുത്ത വിമർശനവുമായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഏഴ് ദിവസം മുമ്പ് കേരളത്തിന് പ്രളയമുന്നറിയിപ്പ് നൽകിയിരുന്നുവെന്നും സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് വലിയ വീഴ്ച ഉണ്ടായിട്ടുണ്ടെന്നും അദ്ദേഹം രാജ്യസഭയെ അറിയിച്ചു. ആവർത്തിച്ചുള്ള മുന്നറിയിപ്പ് കേരളം കണക്കിലെടുത്തില്ലെന്നും മുൻകരുതൽ നടപടികൾ സ്വീകരിച്ചില്ലെന്നും ഷാ ആരോപിച്ചു. വയനാട് ഉരുൾപൊട്ടൽ സംബന്ധിച്ച് രാജ്യസഭയിൽ ഒരു മണിക്കൂറോളം നടന്ന ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കവെയാണ് അദ്ദേഹത്തിന്റെ പ്രതികരണം. മുന്നറിയിപ്പ് കേരളം എന്തിന് അവഗണിച്ചെന്നു ചോദിച്ച അമിത് ഷാ, ജനങ്ങളെ എന്തുകൊണ്ട് മാറ്റി പാർപ്പിച്ചില്ലെന്നും സംസ്ഥാന സർക്കാർ എന്ത് ചെയ്യുകയായിരുന്നുവെന്നും വിമർശിച്ചു. ദുരന്തത്തിൽ കേന്ദ്രത്തിന് വീഴ്ചയില്ല. കേരളം അടക്കം പ്രളയ സാധ്യതയുള്ള സംസ്ഥാനങ്ങൾക്ക് മുന്നറിയിപ്പ് നൽകിയിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ആഗസ്റ്റ് 01 വ്യാഴം
ഗൾഫ് ചന്ദ്രിക




വയനാട് മേപ്പാടി ചൂരൽമലയിലുണ്ടായ ഉരുൾപൊട്ടലിലെ മൃതദേഹങ്ങൾ സൂക്ഷിച്ച എ.പി.ജെ അബ്ദുൽ കലാം കമ്മ്യൂണിറ്റി ഹാൾ മേപ്പാടി

## മുണ്ടക്കൈയിൽ തകർന്നത് 370ലധികം വീടുകൾ

കൽപ്പറ്റ: ഭീകരമായ ഉരുൾപ്പൊട്ടലിൽ അപ്പാടെ ഇല്ലാതായ മുണ്ടക്കൈയിൽ തകർന്നത് 370ലധികം വീടുകൾ. ഏറെ ഭീകരമായ സ്ഥിതിയാണ് ഇവിടെയുള്ളത്. നുറുകണക്കിന് ആളുകളാണ് മുണ്ടക്കൈയിൽ മാത്രം മരണപ്പെട്ടത്. ഇതിലധികം ആളുകളെ കണാതായിട്ടുമുണ്ട്. പഞ്ചായത്തിന്റെ രജിസ്റ്റർ പ്രകാരം 400 ലധികം വീടുകളാണ് ഇവിടെയുണ്ടായിരുന്നത്. എന്നാൽ നിലവിൽ മുണ്ടക്കൈയിൽ അവശേഷിക്കുന്നത് വെറും 30 വീടുകൾ മാത്രമെന്ന് പഞ്ചായത്ത് അധികൃതർ സാക്ഷ്യപ്പെടുത്തുന്നു.



കേരള വാർത്തകൾ

# രക്ഷാപ്രവർത്തനത്തിന് വിലങ്ങായി മഴയും ചെളിക്കൂമ്പാരവും

കൽപ്പറ്റ: അടിക്കടിയുള്ള കനത്ത മഴയും ചെളിക്കൂമ്പാരവും ദുരന്തഭൂമിയിൽ രക്ഷാപ്രവർത്തനത്തിന് പ്രതിസന്ധി സൃഷ്ടിക്കുന്നു. പ്രളയം ഏറ്റവും നാശംവിതച്ച മുണ്ടക്കൈയിൽ പലയിടത്തും ചെളികൾ കെട്ടികിടക്കുകയാണ്. ഇതിൽ പലരും കുടുങ്ങിക്കിടക്കുന്നതായി നാട്ടുകാർ പറയുന്നത്. രക്ഷാപ്രവർത്തകർ നേരിട്ട് ഇറങ്ങി ഇവിടങ്ങളിൽ തിരച്ചിൽ നടത്തുന്നത് അപകടമാണ്. ആധുനിക യന്ത്രങ്ങളും മതിയായ സാധനസാമഗ്രികൾ ഇല്ലാത്തതിനാൽ ഇവിടങ്ങളിലെ രക്ഷാപ്രവർത്തനം സാഹസികവും ദുഷ്ക്കരവുമാക്കുന്നു. ജെ സി ബി ഉൾപ്പെടെയുള്ള യന്ത്രങ്ങളും മറ്റു സാമഗ്രികളും എത്തിക്കാൻ സാധിക്കാത്തതാണ് പ്രതിസന്ധി കൂട്ടിയത്. വീടിനുള്ളിൽ ഇരിക്കുന്ന നിലയിൽ മൂന്നു മൃതദേഹങ്ങൾ കണ്ടെത്തിയിട്ടും കോൺക്രീറ്റ് പൊളിച്ച് അകത്ത് കയറാൻ കഴിയാനാവാത്തത് സഹിക്കാനാവാത്ത കാഴ്ചയായി. വീട് പൊളിച്ച് അകത്തുകയറുന്നതിനായി കോൺക്രീറ്റ് കട്ടറും, ഹാമറും ഉൾപ്പെടെയുള്ള സാധനസാമഗ്രികൾ ഇല്ലാത്തതാണ് പ്രതിസന്ധിയായത്. ഉച്ചക്ക് ശേഷമാണ് ഒരു മണ്ണുമാന്തി യന്ത്രം മുണ്ടക്കൈയിലേക്ക് എത്തിക്കാനായത്. പൂർണമായി തകർന്ന ഇവിടങ്ങളിൽ ശരിയായ രീതിയിൽ രക്ഷാപ്രവർത്തനം നടക്കണമെങ്കിൽ നിരവധി മണ്ണുമാന്തി യന്ത്രങ്ങൾ എത്തിക്കേണ്ടതുണ്ട്. കുത്തി ഒലിക്കുന്ന പുഴക്ക് കുറുകെ താത്കാലിക പലം വന്നാൽ മാത്രമേ യന്ത്രസാമഗ്രികൾ എത്തിക്കാൻ കഴിയു. ഇന്ന് വൈകുന്നേരത്തോടെ ബൈലി പാലത്തിന്റെ പണി പൂർത്തിയായൽ മാത്രമേ നാളെ രാവിലെയോടെ കൂടുതൽ മണ്ണുമാന്തി യന്ത്രങ്ങൾ എത്തിക്കാനാകുവെന്നതാണ് വസ്തുത. എന്നാൽ പാലത്തിന്റെ പണി ഇന്ന് പൂർത്തിയാകുമോയെന്ന കാര്യത്തിലും ആശങ്കയുണ്ട്. തോരതെ പെയ്യുന്ന കനത്ത മഴയും മൂടൽമഞ്ഞും രക്ഷാപ്രവർത്തനത്തിന് വെല്ലുവിളി സൃഷ്ടിക്കുന്നുണ്ട്. ഇന്നലെ വൈകുന്നേരം അഞ്ച് മണിയോട്കൂടിയുണ്ടായ കനത്ത മഴയിൽ പുഴയിൽ മലവെള്ള പാച്ചിലുണ്ടായി. താത്കാലിക പാലം മുങ്ങി. രക്ഷാപ്രവർത്തകരും മാധ്യമപ്രവർത്തകരുമടക്കം മറുകരയിൽ കുടുങ്ങി. ഏറെ സാഹസികമായാണ് ഇവരെ മറുകരയിൽ എത്തിച്ചത്. ബൈലി പാലത്തിന്റെ പണിയും താത്കാലികമായി നിർത്തിവെക്കേണ്ട സാഹചര്യമുണ്ടായി.

വി ഐ പി സന്ദർശനവും രക്ഷാപ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. വി ഐ പികളും ഇവരുടെ എസ്കോർട്ട് വാഹനങ്ങളുടേയും നീണ്ടനിരയാണ് പ്രദേശത്തുള്ളത്. ഇത് പൊതുവെ വീതികുറഞ്ഞ ഇവിടത്തെ റോഡിൽ ഗതാഗത തടസ്സം സൃഷ്ടിക്കുന്നുണ്ട്. വി ഐ പി സന്ദർശനം കാരണം ഭക്ഷണവുമായി വരുന്ന വാഹനങ്ങൾ പോലും തടഞ്ഞ്നിർത്തേണ്ട സാഹചര്യം ഇന്നലെയുണ്ടായി,. ചൂരൽ മലയിലേക്കുള്ള റോഡിന്റെ ഇരുവശങ്ങളിലും വാഹനങ്ങൾ പാർക്ക് ചെയ്തത് സേനയുടെ വരവിനും സാധന സാമഗ്രികൾ എത്തിക്കുന്നതിനും തടസ്സം സൃഷ്ടിച്ചു. കൂടാതെ ചൂരൽമലയിലേക്കുള്ള റോഡ് പൊട്ടിപൊളിഞ്ഞതും പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. രണ്ട് വാഹനങ്ങൾ പസ് ചെയ്ത് പോകുമ്പോൾ ഒരു വാഹനം റോഡിൽ ഇറക്കി നിർത്തേണ്ട അവസ്ഥയാണ് പലയിടത്തും.



ദുരന്ത ഭൂമിയിൽ നിന്ന് പിഞ്ചു കുഞ്ഞിനെ രക്ഷപ്പെടുത്തുന്ന സൈനികർ



ദുരന്ത ഭൂമിയിൽ നിന്ന് രക്ഷാപ്രവർത്തനം നടത്തുന്ന സൈനികൻ

### അട്ടമലയിൽ കുടുങ്ങിയ നൂറിലധികം അതിഥി സംസ്ഥാന തൊഴിലാളികളെ രക്ഷപ്പെടുത്തി

## പേടിയുടെ പാടിയിൽ നിന്ന് കരുതലിന്റെ ക്യാമ്പുകളിലേക്ക്

ചൂരൽമല: രാപ്പകൽ നീണ്ട ആശങ്കകൾക്കും ആധിക്കും വിട, പേടിയുടെ പാടിയിൽ നിന്ന് അവർ നൂറിലധികം പേർ കരുതലിന്റെ ക്യാമ്പുകളിലേക്ക് നീങ്ങി. ചൂരൽമലയിലെ ഉരുൾപൊട്ടലിൽ അട്ടമലയിലെ തോട്ടം പാടികളിൽ ഒറ്റപ്പെട്ടുപോയ അതിഥി സംസ്ഥാന തൊഴിലാളികളാണ് ഭയാശങ്കകളുടെ ഒരു രാവും പകലും കടന്ന് സുരക്ഷിതത്വത്തിലേക്കെത്തിയത്. മധ്യപ്രദേശിലെ ഗുണ ജില്ലക്കാരായ നൂറിലധികം പേരാണ് ഉരുൾപൊട്ടലിനെതുടർന്ന് പാടികളിൽ പെട്ടുപോയത്. കുതിച്ചെത്തിയ മലവെള്ളത്തിൽ ചൂരൽമല പാലം ഒലിച്ചുപോയതോടെ ഇവർക്ക് പുറം ലോകത്തേക്ക് കടക്കാനുള്ള വാതിലടയുകയായിരുന്നു. വൈദ്യുതിയും ഭക്ഷണവുമില്ലാതിരുന്ന പാടികളിൽ വെള്ളംമാത്രം കുടിച്ചാണ് ഒരു പകലിന്റെയും രാത്രിയുടെയും ആധികളെ മറികടന്നത്. അറിയാത്ത ഭാഷയും മറുകരയിൽ പരിചയക്കാരില്ലാത്തതും ഇവരുടെ പ്രതിസന്ധി വർധിപ്പിക്കുകയും ചെയ്തു. ദുരന്തത്തിന്റെ ആദ്യദിനം ചൂരൽമലയിലും ചുറ്റുവട്ടത്തുമായി മണ്ണിനടയിൽപെട്ടവർക്ക് വേണ്ടി തിരച്ചിൽ നടത്തുകയായിരുന്ന സുരക്ഷാസേനക്ക്മലവെള്ളം മറികടന്ന് അട്ടമലയിലെത്താൻ കഴിഞ്ഞിരുന്നില്ല. ഇന്നലെ രാവിലെയാണ് കേന്ദ്ര സേനാംഗങ്ങൾ പാടിയിലെത്തി തൊഴിലാളികളെ സുരക്ഷിതമായി മറുകരയിലെത്തിച്ചത്.

നാല് വയസ്സ് മുതൽ പ്രായമുള്ളവർ ഇവരുടെ കൂട്ടത്തിലുണ്ടായിരുന്നു. കയ്യിൽ കിട്ടിയ വസ്ത്രങ്ങൾ മാത്രമെടുത്ത് താൽക്കാലികമായി കെട്ടി നിർത്തിയ പാലത്തിലൂടെ ഇവർ കാമ്പിലേക്ക് മടങ്ങി. ജീവിതത്തിൽ ഒരിക്കലും മറക്കാത്ത ഒരു ദിവസമാണ് കഴിഞ്ഞപോയതെന്ന്തൊഴിലാളികളിലൊരാളായ ഗുണ ജില്ലയിലെ സമ്മേലി സ്വദേശി പ്രിയം ഭായ് ചന്ദ്രികയോട് പറഞ്ഞു. "കനത്ത മഴയായിരുന്നു. ഭക്ഷണം വെളിച്ചവുമുണ്ടായിരുന്നില്ല. ഞങ്ങളെ രക്ഷിക്കാൻ ആരെങ്കിലും വരുമെന്ന പ്രതീക്ഷയിലായിരുന്നു. ചൊവ്വാഴ്ച രാത്രിയായതോടെ ഭയം കൂടി. എന്നാൽ ഇന്നലെ രാവിലെ ആൾക്കാരെത്തി ഞങ്ങളെ പാലം കടത്തുകയായിരുന്നു". അവർ കൂട്ടിച്ചേർത്തു.

ഭർത്താവും മക്കളുമൊത്ത് നാല് വർഷം മുമ്പാണ് പ്രിയം ഭായ് അട്ടമല എസ്റ്റേറ്റിലെത്തിയത്. നാട്ടിൽ ജോലിയില്ലാതായതും കുറഞ്ഞവേതനവുമാണ് ഇവരെ കുടുംബത്തോടൊപ്പം നാടുവിടാൻ പ്രേരിപ്പിച്ചത്. നിലവിൽ കുടുംബത്തോടൊപ്പം മേപ്പാടിയിലെ ക്യാമ്പിൽ കഴിയുകയാണിവർ.

തുടർന്ന് ജോലിയിലേക്ക് മടങ്ങുന്ന കാര്യം ഭർത്താവിനോടും നാട്ടുകാരോടും കൂടിയാലോചിച്ച് തീരുമാനിക്കുമെന്നും അവർ പറഞ്ഞു.

## ദുരന്തം ആവർത്തിക്കാതിരിക്കാൻ സാങ്കേതിക സംവിധാനം രൂപപ്പെടുത്തണം: ഹാരിസ് ബീരാൻ

ന്യൂഡൽഹി: ആധുനിക സംവിധാനത്തോടുകൂടിയുള്ള ദുരന്ത മുന്നറിയിപ്പ് സംവിധാനം പശ്ചിമഘട്ടത്തിന്റെ മുഴുവൻ ഭാഗങ്ങളുമായി ബന്ധിപ്പിച്ച് അവിടെയുള്ള സാധാരണക്കാരുടെ ജീവിതം സുരക്ഷിതമാക്കണമെന്ന് അഡ്വ. ഹാരിസ് ബീരാൻ എം.പി രാജ്യസഭയിൽ ആവശ്യപ്പെട്ടു. കാലാവസ്ഥാ നിരീക്ഷണ കേന്ദ്രവും ഭൗമ ശാസ്ത്ര സമുദ്ര ശാസ്ത്ര, ജലശാസ്ത്ര വിഭാഗങ്ങളെ സംയോജിപ്പിച്ച് പർവതം, കാറ്റ് തുടങ്ങിയ ഘടകങ്ങളെകൂടി പരിശോധിച്ച് രാജ്യത്തെ ഏറ്റവും ഉയർന്ന ശാസ്ത്ര സാങ്കേതിക വിഭാഗങ്ങളുടെയും ഐ.ഐ.ടി പോലുള്ള സാങ്കേതിക പഠന ഗവേഷണ കേന്ദ്രങ്ങളുടെയും സഹായത്തോടെ ദുരന്തത്തെക്കുറിച്ചുള്ള കൃത്യമായ മുന്നറിയിപ്പ് നൽകുന്ന പ്രത്യേകമായി മേഘവിസ്ഫോടനത്തേക്കുറിച്ചും ഉരുൾപൊട്ടൽ മണ്ണിടിച്ചിൽ എന്നിവയെക്കുറിച്ചു മുൻകൂട്ടിയുള്ള വിവരങ്ങൾ നൽകുന്ന നൂതന വിദ്യ എത്രയും വേഗം രൂപപ്പെടുത്തി മേഖലകളിൽ സംവിധാനിക്കണെമെന്നാണ് ഹാരിസ് ബീരാൻ ആവശ്യപ്പെട്ടത്. വയനാട് ദുരന്തത്തെക്കുറിച്ച് രാജ്യസഭയിൽ നടന്ന പ്രത്യേക ചർച്ചയിലാണ് എം.പി ആവശ്യങ്ങൾ മുന്നോട്ടു വച്ചത്. വയനാട് ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിച്ച് ആവശ്യമായ സാമ്പത്തിക സൈനിക സഹായം എത്രയും വേഗം നടപ്പിലാക്കണമെന്നും ബജറ്റിൽ ഒരുതരത്തിലും പരിഗണിക്കാതെപോയ കേരളത്തിന്റെ ദുരന്ത നിവാരണ മേഖലയെ ഇനിയെങ്കിലും പരിഗണിച്ച് സാധ്യമായത് ചെയ്യണമെന്നും എം.പി കൂട്ടിചേർത്തു. തുടർച്ചയായ ദിവസങ്ങളിലെ ശക്തമായ മഴയിൽ മണ്ണ് ദുർബലമാവുകയും അതുമൂലം മലയിടിഞ്ഞ് അപകടമുണ്ടാവുകയുമാണുണ്ടായത്. രാവിലെ രണ്ടുമണിക്കുണ്ടായ ഉരുൾപൊട്ടലിനേക്കാളും വലിയത് പുലർച്ചെ നാലുമണിക്ക് സംഭവിക്കുകയും അത് വലിയ ദുരന്തത്തിലേക്ക് വഴിവെക്കുകയും ചെയ്തു. വരാൻ പോകുന്ന ദുരന്തത്തെക്കുറിച്ചോ അതിന്റെ വ്യാപ്തിയെക്കുറിച്ചോ മുന്നറിയിപ്പ് നൽകാവുന്ന സംവിധാനം നമുക്കില്ലാത്തതാണ് ഇത്രയും വലിയ അപകടത്തിന് വഴിവച്ചതെന്നും മുസ്‌ലിം ലീഗ് രാജ്യസഭാ കക്ഷി ലീഡർ പി.വി അബ്ദുൽ വഹാബ് എം.പി ഡൽഹിയിൽനിന്നും ദുരന്ത മേഖലയിലേക്ക് പുറപ്പെട്ടിട്ടുണ്ടെന്നും എം.പി അറിയിച്ചു.

# താൽക്കാലിക പാലം നിർമാണം തുടങ്ങി

കൽപ്പറ്റ: സൈന്യത്തിന്റെ നേതൃത്വത്തിൽ താൽക്കാലികമായി ബെയ്‌ലി പാലം നിർമ്മാണം തുടങ്ങി. പാലം നിർമ്മാണം ഇന്നലെ പൂർത്തിയാക്കാനായില്ല. നിലവിൽ ചൂരൽമല പാലം ഉണ്ടായിരുന്ന സ്ഥലത്താണ് ബെയ്‌ലി പാലവും നിർമ്മിക്കുന്നത്. ഈ പാലം നിർമ്മാണം പൂർത്തിയായാൽ മാത്രമേ ദുരന്ത ഭൂമിയായ മുണ്ടക്കൈയിലെ രക്ഷാപ്രവർത്തനം പൂർണ്ണ തോതിൽ കാര്യക്ഷമമാക്കാൻ സാധിക്കുകയുള്ളു.

ഹിറ്റാബി, മണ്ണുമാന്തി ഉൾപ്പെടെയുള്ളവ മുണ്ടക്കൈയിലേക്ക് എത്തിക്കണമെങ്കിൽ പാലം അനിവാര്യമാണ്. ഇന്നലെ അതിരാവിലെ മുതൽ തന്നെ മുണ്ടക്കൈയിൽ രക്ഷാപ്രവർത്തനങ്ങൾക്കായി വിവിധ മേഖലകളിലെ പ്രവർത്തകർ എത്തിയെങ്കിലും ഉപകരണങ്ങളുടെ അഭാവം ഏറെ പ്രതിസന്ധിയിലാക്കുകയുണ്ടായി. മുണ്ടക്കൈ അടക്കമുള്ള പ്രദേശങ്ങളിൽ തെരച്ചിൽ അതീവ ദുഷ്കരമാക്കുന്നത് ചെളി മണ്ണും കൂറ്റൻ പാറക്കെട്ടുകളുമാണ്. ചെളി നിറഞ്ഞതിനെ തുടർന്ന് മണ്ണിൽ കാലുറപ്പിക്കാൻ പോലും കഴിയാത്ത സ്ഥിതിയാണുള്ളത്. വീടുകൾക്ക് മുകളിൽ വൻതോതിൽ ചെളിയും, കൂറ്റൻപാറകളും അടിഞ്ഞതിനാൽ പ്രവർത്തകർക്ക് പരിശോധിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. തെരച്ചിൽ ഫലപ്രദമാക്കാൻ യന്ത്രങ്ങൾ അനിവാര്യമാണ്. ഇതിനായി ബെയ്‌ലി പാലം നിർമ്മാണം പൂർത്തിയാക്കൽ നിർബന്ധമായിരിക്കയാണ്.

## എന്താണ് ബെയ്‌ലി പാലം

വലിയ ചരിവുള്ള ദുർഘടമായ പ്രദേശങ്ങളിൽ അടിയന്തരമായി പണിയുന്ന പാലമാണ് ബെയ്‌ലി പാലം. ദുരന്തനിവാരണത്തിനും സൈനികാവശ്യങ്ങൾക്കുമാണ് ഇന്ന് ഇത്തരം പാലം നിർമ്മിക്കുന്നത്. മുമ്പുതന്നെ നിർമ്മിച്ചുവച്ച ഭാഗങ്ങൾ പെട്ടെന്നുതന്നെ ഇതു നിർമ്മിക്കേണ്ട സ്ഥലത്തെത്തിച്ച് കൂട്ടിച്ചേർത്താണിതു നിർമ്മിക്കുന്നത്. ഇന്ത്യയിൽ ആദ്യമായി സിവിലിയൻ ആവശ്യങ്ങൾക്കായി ബെയ്‌ലി പാലം നിർമ്മിച്ചത് പമ്പാ നദിക്കു കുറുകെ കേരളത്തിലെ പത്തനംതിട്ട ജില്ലയിലെ റാന്നിയിലാണ്. റാന്നിയിലെ പമ്പാനദിക്കു കുറുകെയുള്ള 36 വർഷം പഴക്കമുള്ള റാന്നി പാലം തകർന്നപ്പോഴാണ് പാലത്തിനു പകരം ഇത്തരം താത്കാലിക പാലം സൈന്യം നിർമ്മിച്ചത്. അടുത്ത രണ്ടു മാസത്തേയ്ക്ക് ഈ പാലത്തിലൂടെയാണ് ഭാരം കുറഞ്ഞ വാഹനങ്ങൾ നദി കുറുകെക്കടന്നത്. 1996 നവംബർ എട്ടിനാണ് റാന്നിയിൽ സൈന്യം ബെയിലി പാലം നിർമ്മിച്ചത്. ഏറ്റവും ഉയരത്തിൽ നിർമ്മിക്കുന്ന ഉരുക്കുകൊണ്ടുള്ള സവിശേഷമായ പാലമാണിത്. ആദ്യമായി സൈനികാവശ്യത്തിനായി ഇത്തരം പാലം നിർമ്മിച്ചത് കശ്മീരിലാണ്. ലഡാക്കിലെ ദ്രാസ് നദിക്കും സുറു നദിക്കുമിടയിൽ ആണിതു നിർമ്മിച്ചത്. അതിനു 30 മീറ്റർ (98 അടി) നീളമുണ്ടായിരുന്നു. സമുദ്രനിരപ്പിൽനിന്നും 5,602 മീറ്റർ ഉയരത്തിലാണ് സ്ഥിതിചെയ്യുന്നത്. ഇന്ത്യൻ ആർമിയാണ് ഇത് സ്ഥാപിച്ചത്. 1942ൽ രണ്ടാം ലോകമഹായുദ്ധസമയത്ത്, ബ്രിട്ടിഷ് കാരനായ ഡൊണാൾഡ് ബെയിലിയാണ് ആദ്യമായി ഇത്തരമൊരു പാലം ഉണ്ടാക്കിയത്. ഉത്തര ആഫ്രിക്കയിലാണിത് ബ്രിട്ടിഷ് സൈന്യത്തിനായി നിർമ്മിച്ചത്. ബ്രിട്ടിഷുകാർ രണ്ടാം ലോകമഹായുദ്ധസമയത്ത് രൂപപ്പെടുത്തിയതാണ്, ഇത്തരം പാലങ്ങൾ. ബ്രിട്ടിഷ്, കനേഡിയൻ, അമേരിക്കൻ കരസേനയാണിന്ന് ഇത്തരം പാലങ്ങൾ കൂടുതലായി ഉപയോഗിച്ചുവരുന്നത്.





## പാലക്കാട് നിന്ന് ഡോക്ടർമാരും സംഘവും

കൽപ്പറ്റ: പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പാലക്കാട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്ന് 25 അംഗ മെഡിക്കൽ സംഘം മരുന്നുകളുമായി വയനാട്ടിലേക്ക്. ഫോറൻസിക് മെഡിസിൽ വിഭാഗം അസോസിയറ്റ് പ്രൊഫ.കെ.കെ അബിമോന്റെ നേതൃത്വത്തിൽ സൂപ്രണ്ട് ശ്രീറാം, ജയകൃഷ്ണൻ (ഓർത്തോ വിഭാഗം), ഹരി (സർജറി), ഫവാസ് (ഫോറൻസിക്), സിദ്ധു (സർജറി) എന്നിവരും ഒമ്പത് ഹൗസ് സർജന്മാർ, ഏഴ് നഴ്സുമാർ, രണ്ട് നഴ്സിങ് അസിസ്റ്റന്റുമാർ എന്നിവരാണ് സംഘത്തിലുള്ളത്. സംഘം കൽപ്പറ്റയിലെത്തിയശേഷം ജില്ലാ ഭരണകൂടവുമായി കൂടിയാലോചിച്ച് മേപ്പാടിയിൽ താൽക്കാലിക ആശുപത്രി തുറക്കും.

## ഉരുൾപൊട്ടൽ സാധ്യതാ പ്രദേശങ്ങളിൽ നിന്നും മാറിത്താമസിക്കണം: ജില്ലാ കലക്ടർ

കൽപ്പറ്റ: ജില്ലയിൽ അതിതീവ്ര മഴ പെയ്യുന്ന സാഹചര്യത്തിൽ ഉരുൾപൊട്ടൽ സാധ്യതാ പ്രദേശങ്ങളിലും മുൻ വർഷങ്ങളിൽ ഉരുൾപൊട്ടിയ പ്രദേശങ്ങളിലുമുള്ളവർ ജാഗ്രത പുലർത്തണമെന്ന് ജില്ലാ കലക്ടർ ഡി.ആർ മേഘശ്രീ അറിയിച്ചു. കുറുമ്പാലക്കോട്ട, ലക്കിടി മണിക്കുന്നു മല, മുട്ടിൽ കോൽപ്പാറ കോളനി,കാപ്പിക്കളി, സുഗന്ധഗിരി, പൊഴുതന പ്രദേശങ്ങളിൽ അതീവ ജാഗ്രത പുലർത്തണം. അപകട ഭീഷണി നില നിൽക്കുന്നതിനാൽ ക്യാമ്പിലേക്ക് മാറാൻ ആവശ്യപ്പെട്ടിട്ടുള്ളവർ എത്രയും വേഗം താമസസ്ഥലത്തു നിന്നും ക്യാമ്പുകളിലേക്ക് മാറണമെന്നും കളക്ടർ അറിയിച്ചു.

**കേരള വാർത്തകൾ**

# ദുരന്ത ബാക്കി...



ഇരുന്നൂറ്റമ്പതിലധികം പേരുടെ മരണത്തിനിടയാക്കിയ മുണ്ടക്കൈ ഉരുൾപൊട്ടലിന്റെ ഇന്നലത്തെ കാഴ്ച



*അട്ടമലയിൽ കുടുങ്ങിയ അതിഥി സംസ്ഥാനത്തെ കുട്ടിയെ എൻ.ഡി.ആർ.എഫ് സംഘം കരക്കെത്തിക്കുന്നു*

# ഹൃദയം നുറുങ്ങും വേദനകൾ

**ജെ സി ബി ഉൾപ്പെടെയുള്ള യന്ത്രങ്ങളും മറ്റു സാമഗ്രികൾ എത്തിക്കാൻ സാധിക്കാത്തത് പ്രതിസന്ധി കൂട്ടി**

മേപ്പാടി: ഹൃദയം നുറുക്കുന്ന കാഴ്ചകളാണ് ദുരന്തഭൂമിയായ മുണ്ടക്കൈയിൽ നിന്നും കാണാനാവുന്നത്. തകർന്നു കിടക്കുന്ന വീടുകൾക്കും കെട്ടിടാവശിഷ്ടങ്ങൾക്കുമിടയിൽ ആരെങ്കിലും കുടുങ്ങി കിടക്കുന്നുണ്ടോയെന്നറിയാൻ നടത്തിയ തിരിച്ചിലിൽ രാവിലെ തന്നെ കാണാനായത് ജീവനറ്റ ശരീരങ്ങളായിരുന്നു. ഇവിടുത്തെ വീടുകൾക്കിടയിൽ ജീവന്റെ തുടിപ്പുകൾ അവശേഷിക്കുന്നുണ്ടെങ്കിൽ അവരെ രക്ഷിക്കാൻ അതിരാവിലെ തന്നെ നാല് സംഘങ്ങളായി 150 ഓളം രക്ഷാപ്രവർത്തകരാണ് മുണ്ടക്കൈയിലെത്തിയത്. പക്ഷേ, മതിയായ സാധനസാമഗ്രികൾ ഇല്ലാത്തതിനാൽ രക്ഷാപ്രവർത്തനം സാഹസികവും ദുഷ്ക്കരമായിരുന്നു. ജെ സി ബി ഉൾപ്പെടെയുള്ള യന്ത്രങ്ങളും മറ്റു സാമഗ്രികളും എത്തിക്കാൻ സാധിക്കാത്തതാണ് പ്രതിസന്ധി കൂട്ടിയത്. വീടിനുള്ളിൽ ഇരിക്കുന്ന നിലയിൽ മൂന്നു മൃതദേഹങ്ങൾ കണ്ടെത്തിയിട്ടും കോൺക്രീറ്റ് പൊളിച്ച് അകത്ത് കയറാൻ കഴിയാനാവാത്തത് സഹിക്കാനാവാത്ത കാഴ്ചയായി. വീട് പൊളിച്ച് അകത്തുകയറുന്നതിനായി കോൺക്രീറ്റ് കട്ടറും, ഹാമറും ഉൾപ്പെടെയുള്ള സാധന സാമഗ്രികൾ ഇല്ലാത്തതാണ് പ്രതിസന്ധിയായത്. പരിശീലനം സിദ്ധിച്ച ഡോഗുകളെ അടക്കം പ്രയോജനപ്പെടുത്തി കെ 9 സ്ക്വാഡ് കെട്ടിട അവശിഷ്ടങ്ങൾക്കിടയിൽ മൃതദേഹങ്ങൾ തിരയുന്ന കാഴ്ചയും മുണ്ടക്കൈയിൽ നിന്നും കാണാമായിരുന്നു. വീടുകൾക്ക് അടുത്തെത്തുമ്പോൾ കിട്ടുന്ന മൃതദേഹത്തിന്റെ മണം പിടിച്ചാണ് രക്ഷാപ്രവർത്തകർ അകത്തുകയറി പരിശോധന നടത്തുന്നത്. കട്ടിലിൽ കിടക്കുന്നവരും, രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടെ മരിച്ചു വീണവരും, പുതച്ചു കിടക്കുന്നവരുമെല്ലാം മുണ്ടക്കൈയിലെ ദുരന്തഭൂമിയിലെ മനസ് വിങ്ങുന്ന കാഴ്ചയായിരുന്നു. രക്ഷാപ്രവർത്തനത്തിനിടെ കുട്ടികളടക്കം അഞ്ചും ആറും മൃതദേഹങ്ങൾ കെട്ടിപ്പിടിച്ചു കിടക്കുന്നത് അടക്കമുള്ള ഹൃദയഭേദകമായ കാഴ്ചകളും രക്ഷാപ്രവർത്തനത്തിനിടയിൽ പലർക്കും കാണേണ്ടി വന്നു. മുണ്ടക്കൈയിൽ ഇപ്പോഴും മണ്ണിനും മരങ്ങൾക്കുമിടയിൽ കുടുങ്ങി കിടക്കുന്നവരുണ്ടെന്നാണ് പലരും പറയുന്നത്. എന്നാൽ മുണ്ടക്കൈയിൽ രക്ഷാപ്രവർത്തനം കൂടുതൽ വേഗത്തിലാക്കണമെങ്കിൽ ബെയ്‌ലിപാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കേണ്ടതുണ്ട്. പാലം പൂർത്തിയായാൽ രക്ഷാപ്രവർത്തനത്തിന് കൂടുതൽ ജെ സി ബികളും, ഹിറ്റാച്ചികളും ഉൾപ്പെടെ മുണ്ടക്കൈയിലെത്തിക്കാം. എന്നാൽ പാലം നിർമ്മാണം ഇന്ന് മാത്രമെ പൂർത്തിയാക്കാനാവൂ എന്നാണ് ഒടുവിൽ ലഭിക്കുന്ന വിവരം. പ്രദേശത്ത് പെയ്യുന്ന കനത്തമഴയാണ് രക്ഷാപ്രവർത്തനങ്ങൾക്കടക്കം വിഘ്നാതമായി നിൽക്കുന്നത്. ദുരന്തത്തിൽ നിന്നും രക്ഷപ്പെട്ട് ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവരിൽ പലരും ഉറ്റവരും ഉടയവരും നഷ്ടപ്പെട്ടതിന്റെ വേദനയും ഞെട്ടലിലുമാണുള്ളത്. പലർക്കും സ്വന്തം കൂടപിറപ്പുകൾ ജീവനോടെ ഉണ്ടോയെന്ന് പോലും അറിയാൻ സാധിക്കാത്ത അവസ്ഥ. എല്ലാം നഷ്ടപ്പെട്ട് എന്ത് ചെയ്യണമെന്നറിയാത്ത അവസ്ഥയിലാണ് പലരും. ക്യാമ്പുകളിൽ ദുരന്തരാത്രിയെ കുറിച്ച് പറഞ്ഞുതുടങ്ങിയവർ നഷ്ടപ്പെട്ട ഉറ്റവരുടെ ഓർമ്മകളിൽ വിങ്ങിപ്പൊട്ടുമ്പോൾ ആശ്വസിക്കാൻ പോലും സാധിക്കാത്ത അവസ്ഥയാണുള്ളത്.

# തകർന്നടിഞ്ഞ് മുണ്ടക്കൈ

ചൂരൽമല: ഉരുൾപൊട്ടലിൽ വീടുകൾക്കുപുറമെ മുണ്ടെക്കയിലെ കച്ചവട സ്ഥാപനങ്ങളെല്ലാം തകർന്നു. പ്രധാനപാതയിൽ നിന്നും നൂറടിയോളം ഉയരത്തിലുള്ള മുസ്‌ലിം പള്ളിയുടെ രണ്ടാംനിലയുടെ ഉയരത്തിൽ വരെയും വെള്ളവും ചെളിയും വൻമരങ്ങളുമെത്തി. രണ്ട് കിലോ മീറ്ററോളം അകലത്തിലുള്ള പുഞ്ചിരിമട്ടം മുതൽ പാതയോരങ്ങളിലുണ്ടായിരുന്ന നിരവധി വീടുകൾ പൂർണമായും കാണാനില്ല. ഇപ്പോൾ ഇവിടെ ശേഷിക്കുന്നത് നാമമാത്രമായ വീടുകൾ മാത്രമാണ്. കുട്ടികൾ, മുതിർന്നവർ, പ്രായമുള്ളവർ തുടങ്ങി മരിച്ചവരുടെയും കാണാതായവരുടെയും എണ്ണം ഉയർന്നതോടെ കണ്ണീരിൽ കുതിർന്നിരിക്കുകയാണ് ഇവിടം. കനത്തമഴ രക്ഷാപ്രവർത്തനത്തിന് കടുത്ത പ്രതിസന്ധിയാണുണ്ടാക്കുന്നത്.



*തകർന്നടിഞ്ഞ് മുണ്ടക്കൈയിൽ നടക്കുന്ന തിരച്ചിൽ*

# സ്വർഗീയ പ്രാർത്ഥനകളിലേക്ക് മടങ്ങി മുണ്ടക്കൈയുടെ ഇമാം



ചൂരൽമല: മുണ്ടക്കൈ മഹല്ലിൽ ആത്മീതയതുടെ പ്രഭ ചൊരിഞ്ഞും നാട്ടുകാരുടെ ക്ഷേമൈശ്വര്യങ്ങളിൽ ഇടപെട്ടും നാടിന്റെ ഇമാമായി മാറിയ ശിഹാബ് ഫൈസി (36) സ്വർഗീയ പ്രാർത്ഥനകളിലേക്ക് മടങ്ങി. നാടിനും നാട്ടുകാർക്കും ലോകത്തിനാകെയും വേണ്ടി പച്ചച്ചായം തേച്ച മുണ്ടക്കൈ പള്ളിയിൽ നിന്ന് മുഴങ്ങിയ പ്രാർത്ഥനാ ഗീതങ്ങൾ ഇനിയെന്നും നാട്ടുകാരുടെ തൊണ്ടയിൽ ഇടറുന്ന ആമീൻ വിളികളാവും. തിങ്കളാഴ്ച അർധരാത്രി പൊട്ടിയൊലിച്ച പ്രളയത്തിൽ ഒരു ദേശമൊന്നാകെ ചിതറിത്തെറിച്ചപ്പോൾ അക്കൂട്ടത്തിൽപെടുകയായിരുന്നു ചേരമ്പാടിയിൽ നിന്നെത്തി മുണ്ടക്കൈക്കാരനായി മാറിയ ശിഹാബ് ഫൈസി. ചൊവ്വാഴ്ച രാവിലെ മുതൽ കാത്തിരിക്കുന്നവർക്ക് മുന്നിൽ ഇന്നലെ രാവിലെയാണ് ഉസ്താദിന്റെ മരണവിവരമെത്തിയത്.

നാട്ടിലെ നന്മകളിലെല്ലാം ഇടപെട്ടിരുന്ന ഉസ്താദ് സമസ്തയുടെയും എസ്.കെ.എസ്.എസ്.എഫിന്റെ സജീവപ്രവർത്തകൻ കൂടിയായിരുന്നു. എസ്കെഎസ്എസ്എഫ് ദേവാല ക്ലസ്റ്റർ പ്രസിഡണ്ട്, ചേരമ്പാടി സ്വദേശി റെയിഞ്ച് ജോയിന്റ് കൺവീനർ. തുടങ്ങി വിവിധ സ്ഥാനങ്ങളിൽ സംഘടനാ രംഗത്ത് സജീവമായിരുന്നു. മേപ്പാടി പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നിന്ന് നടപടി ക്രമങ്ങൾ നടത്തി വൻജനാവലിയുടെ സാനിധ്യത്തിൽ മണ്ണാത്തിവയൽ ജുമാ മസ്ജിദ് ഖബർസ്ഥാനിൽ ഫൈസി അന്ത്യവിശ്രമത്തിലേക്ക് നീങ്ങി. ചേരമ്പാടി മണ്ണാത്തിവയൽ സൂറത്ത് തോണിക്കടവൻ മുസ്തഫയുടെയും കുൽസുവിന്റെയും മകനാണ്. ഭാര്യ: സൽമ. സഹോദരൻ: ശമീർ. മുണ്ടക്കൈയിൽ ഇനി ബാക്കിയുള്ളത് ഉസ്താദിനെക്കുറിച്ചുള്ള നനവൂറുന്ന ഓർമ്മകളും പാതിയിലധികവും തകർന്ന പള്ളിയും മാത്രം.

## ആംബുലൻസുകൾക്ക് നിയന്ത്രണം

കൽപ്പറ്റ: ചൂരൽമല പ്രദേശത്ത് ആംബുലൻസുകളുടെ എണ്ണം പരിമിതപ്പെടുത്താൻ തീരുമാനിച്ചതായി ജില്ലാ കളക്ടർ ഡി.ആർ മേഘശ്രീ അറിയിച്ചു. ചൂരൽമലയിലും സമീപത്തും ആവശ്യത്തിൽ കൂടുതൽ ആംബുലൻസുകൾ ഉള്ളത് രക്ഷാപ്രവർത്തനത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. രക്ഷാപ്രവർത്തനത്തിന് 25 ആംബുലൻസുകൾ മാത്രമേ ദുരന്ത സ്ഥലത്ത് ആവശ്യമുള്ളൂ. ബാക്കി 25 ആംബുലൻസുകൾ പോളിടെക്നിക് കോളേജ് ഗ്രൗണ്ടിൽ പാർക്ക് ചെയ്യണം. ഫയർഎഞ്ചിൻ ദുരന്ത സ്ഥലത്ത് മൂന്നും പോളിടെക്നിക് കോളേജ് ഗ്രൗണ്ടിൽ രണ്ടെണ്ണവുമാണ് പാർക്ക് ചെയ്യേണ്ടത്. ബാക്കിയുള്ളവ അകലെ സൗകര്യപ്രദമായ സ്ഥലത്ത് പാർക്ക് ചെയ്യണം.

## ഗവർണർമാരും മന്ത്രിമാരും ദുരന്തമേഖലയിൽ

കൽപ്പറ്റ: കേരളം കണ്ട ഏറ്റവും വലിയ ദുരന്തമുഖത്ത് ആശ്വാസമായും രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ഗവർണർമാരും മന്ത്രിമാരും രാഷ്ട്രീയ നേതാക്കളും. സംസ്ഥാന ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, ഗോവ ഗവർണർ പി എസ് ശ്രീധരൻപിള്ള, പശ്ചിമബംഗാൾ ഗവർണർ സി വി ആനന്ദബോസ് എന്നിവർ ബുധനാഴ്ച ദുരന്ത സ്ഥലങ്ങളും ക്യാമ്പുകളും ആരോഗ്യ കേന്ദ്രങ്ങളും സന്ദർശിച്ചു.



# ഇടമുറിയാത്ത രക്ഷാദൗത്യം; രക്ഷിച്ചത് 1500 ലേറെ പേരെ

കൽപ്പറ്റ: രണ്ട് ദിവസമായി നടന്ന രക്ഷാ പ്രവർത്തനത്തിൽ രക്ഷിക്കാനായത് 1592 പേരെ. ഒരു രക്ഷാ ദൗത്യത്തിൽ ഇത്രയധികം പേരെ ചുരുങ്ങിയ സമയത്തിനുള്ളിൽ രക്ഷിക്കാനായത് ഏകോപിതവും അതിവിപുലവുമായ ദൗത്യത്തിന്റെ ഫലം. ആദ്യ ഘട്ടത്തിൽ തന്നെ ദുരന്ത മുണ്ടായത്തിന്റെ സമീപസ്ഥലങ്ങളിലെ 68 കുടുംബങ്ങളിലെ 206 പേരെ മൂന്ന് ക്യാമ്പുകളിലേക്ക് മാറ്റി. ഇതിൽ 75 പുരുഷന്മാർ 88 സ്ത്രീകൾ, 43 കുട്ടികൾ എന്നിവരാണ്. ഉരുൾപൊട്ടലിനെ തുടർന്ന് ഒറ്റപ്പെട്ടു പോയവരും വീടുകളിൽ കുടുങ്ങി പോയവരുമായ 1386 പേരെ രണ്ട് ദിവസത്തെ രക്ഷാ ദൗത്യത്തിന്റെ ഫലമായി രക്ഷിക്കാനായി. 528 പുരുഷന്മാർ, 559 സ്ത്രീകൾ, 299 കുട്ടികൾ എന്നിവരെ ഏഴ് ക്യാമ്പുകളിലേക്ക് മാറ്റി. 201 പേരെ രക്ഷിച്ചു ആശുപത്രിയിലെത്തിക്കാനായി. ഇതിൽ 90 പേരാണ് ഇപ്പോൾ ചികിത്സയിലുള്ളത്.



ഉൾപ്പൊട്ടൽ മേഖലയിൽ കാണാതായവർക്കായി തിരച്ചിൽ നടത്തുന്ന രക്ഷാപ്രവർത്തകർ

## ദുരന്തബാധിതർക്ക് സാന്ത്വനമായി കുടുംബശ്രീ

കൽപ്പറ്റ: വയനാട് മുണ്ടക്കൈ-ചൂരൽമലയിലുണ്ടായ ഉരുൾപൊട്ടലിൽ അകപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് സാന്ത്വനമായി കുടുംബശ്രീയും. ഉരുൾപൊട്ടലിൽ നിന്നും രക്ഷപ്പെട്ടവരെ താമസിപ്പിക്കുന്ന ജി.എച്ച്.എസ്.എസ് മേപ്പാടി, മേപ്പാടി സെന്റ് ജോസഫ് ഹയർ സെക്കണ്ടറി സ്കൂൾ, സെന്റ് ജോസഫ് സ്കൂൾ മേപ്പാടി, കോട്ടനാട് ജി.യു.പി സ്കൂൾ, നെല്ലിമുണ്ട അമ്പലം ഹാൾ, ജി.എച്ച്.എസ്.എസ് തൃക്കൈപ്പറ്റ, കാപ്പംകൊല്ലി അരോമ ഇൻ ദുരിതാശ്വാസ ക്യാമ്പുകളിലായി രൂപീകരിച്ച ഏഴ് ഹെൽപ് ഡെസ്കുകളുടെ ചുമതല കുടുംബശ്രീ സി.ഡി.എസ് പ്രവർത്തകർക്കാണ്. ഉറ്റവരെ നഷ്ടപ്പെട്ട വേദനയോടെ വിവിധ ക്യാമ്പുകളിൽ കഴിയുന്നവർക്കാവശ്യമായ മാനസിക പിന്തുണ നൽകുന്നതിനും കുടുംബശ്രീയുണ്ട്.

കേന്ദ്രങ്ങളും ചുമതല വഹിക്കുന്നവരും:

ജി.എച്ച്.എസ്.എസ് മേപ്പാടി (രേഷ്മ-99475 49727, സൈനബ 96053 94283), സെന്റ് ജോസഫ് ഹയർ സെക്കണ്ടറി സ്കൂൾ മേപ്പാടി( ബിന്ദു ജയൻ -80866 53422, വിനീത ശശി-94470 81314), സെന്റ് ജോസഫ് സ്കൂൾ മേപ്പാടി(റഫീന-99476 77513), കോട്ടനാട് ജി.യു.പി സ്കൂൾ (ഓമന-96056 27288), നെല്ലിമുണ്ട അമ്പലഹാൾ (സുനീറ-80865 69833), ജി.എച്ച്.എസ്.എസ് തൃക്കൈപ്പറ്റ (ശോഭന, 97453 67148 ), കാപ്പംകൊല്ലി അരോമ ഇൻ ( ബിന്ദു -71566 30323).

# ഉരുൾപൊട്ടൽ കേന്ദ്രത്തിൽ നിന്നും 4 കി. മീ വരെ വൈദ്യുതിബന്ധം പുനഃസ്ഥാപിച്ചു

കൽപ്പറ്റ: ചൂരൽമല ടെലിഫോൺ എക്സ്ചേഞ്ച് വരെയും ഉരുൾപൊട്ടലിനെ തുടർന്ന് പാലം ഒലിച്ചുപോയ ചൂരൽമല ടൗൺ വരെയും വൈദ്യുതി ശൃംഖല പുനർനിർമ്മിച്ച് അവിടങ്ങളിൽ വൈദ്യുതിബന്ധം പുനഃസ്ഥാപിച്ചതായി കെഎസ്ഇബി അറിയിച്ചു.

ബുധനാഴ്ച പുലർച്ചെയോടുകൂടി തന്നെ ഉരുൾപൊട്ടൽ കേന്ദ്രത്തിൽ നിന്നും നാല് കിലോമീറ്റർ വരെയുള്ള പ്രദേശത്ത് വൈദ്യുതി ബന്ധം പുനസ്ഥാപിച്ചിരുന്നു.

പ്രാഥമിക വിവരം അനുസരിച്ച് ഏകദേശം മൂന്നു കോടി രൂപയുടെ നഷ്ടമാണ് ചൂരൽമല, മുണ്ടക്കൈ പ്രദേശത്തുമാത്രം കെഎസ്ഇബിയ്ക്ക് ഉണ്ടായതായി കണക്കാക്കുന്നത്. മേപ്പാടി ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന ഏകദേശം മൂന്നര കിലോമീറ്റർ ഹൈ ടെൻഷൻ ലൈനുകളും 8 കിലോമീറ്റർ ലോ ടെൻഷൻ ലൈനുകളും പൂർണമായും തകർന്നു. രണ്ടു ട്രാൻസ്ഫോമറുകൾ കാണാതാവുകയും 6 ട്രാൻസ്ഫോമറുകൾ നിലംപൊത്തുകയും ചെയ്തു.

ആയിരത്തോളം ഉപഭോക്താക്കളുടെ സർവീസ് പൂർണമായും തകർന്നിട്ടുണ്ട്. പ്രാഥമിക ജോലികൾ നിർവഹിക്കുന്നതിനും രക്ഷാപ്രവർത്തനത്തിന് വേണ്ട സഹായങ്ങൾ നൽകുന്നതിനും സബ് എൻജിനീയർമാരുടെ നേതൃത്വത്തിൽ രണ്ട് ടീമുകളെ വാഹനങ്ങൾ സഹിതം സ്ഥലത്ത് തയ്യാറാക്കി നിർത്തിയിട്ടുണ്ട്.

വൈദ്യുതി പുന:സ്ഥാപനത്തിന് ആവശ്യമായ എബിസി കേബിളുകളും ട്രാൻസ്ഫോമറുകളും അനുബന്ധ സാമഗ്രികളും ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യം വേണ്ട തൊഴിലാളികളെയും ജീവനക്കാരെയും നിയോഗിച്ചിട്ടുണ്ട്. വെള്ളം കയറിയതിനാൽ കൽപ്പറ്റ 33 കെവി സബ്സ്റ്റേഷൻ നിന്ന് വൈദ്യുതി വിതരണം തടസ്സപ്പെട്ടത് ഇപ്പോൾ പുന:സ്ഥാപിച്ചു.

കൽപ്പറ്റ ടൗണിലും പ്രധാനപ്പെട്ട ആശുപത്രികളിലും ബാക്ക് ഫീഡിങ്ങിലൂടെ വൈദ്യുതി എത്തിച്ചിട്ടുണ്ട്.

ദുരന്തഭൂമിയോട് ചേർന്നുള്ള മേപ്പാടി ടൗണിലും മേപ്പാടി ഗവ. ആശുപത്രി, വിംസ് മെഡിക്കൽ കോളജ് എന്നിവിടങ്ങളിലും വൈദ്യുതി ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. ഉരുൾപൊട്ടൽ നടന്ന സ്ഥലത്ത് പാലവും റോഡുകളും ഒലിച്ചുപോയതിനാലും പ്രാഥമിക രക്ഷാപ്രവർത്തനങ്ങൾ നടക്കുന്നതിനാലും അവിടേക്ക് കടന്ന് വൈദ്യതി പുന:സ്ഥാപന ശ്രമങ്ങൾ തുടങ്ങാൻ സാധിച്ചിട്ടില്ല.



ഉരുൾപ്പൊട്ടലിൽ പൂർണ്ണമായും തകർന്ന വീടിന്റെ ഭാഗം

## ദുരിതബാധിതർക്കും കുടുംബാംഗങ്ങൾക്കും കൗൺസിലിംഗ് നൽകും

കൽപ്പറ്റ: ഉരുൾപൊട്ടൽ ബാധിതപ്രദേശങ്ങളിൽ നിരവധി ആളുകളാണ് മരണപ്പെട്ടത്. ഒട്ടനവധി വീടുകൾ പൂർണ്ണമായി തകരുകയും കടകൾ, സ്കൂളുകൾ തുടങ്ങി പ്രധാന ഇടങ്ങളെല്ലാം പൂർണ്ണമായി അപ്രത്യക്ഷമാവുകയും ചെയ്തു. ഉറ്റവരെയും തങ്ങൾ ജീവിച്ച ഇടങ്ങളെയും പൂർണമായും നഷ്ടപ്പെട്ട മനുഷ്യർ കടന്നുപോകുന്നത് കടുത്ത മാനസിക പ്രശ്നങ്ങളിലൂടെയാണ്. ഇത് ദീർഘകാല അടിസ്ഥാനത്തിൽ അവരുടെ വ്യക്തി ജീവിതത്തെയും സാമൂഹ്യ ജീവിതത്തിൽ ബാധിക്കുന്ന സാഹചര്യമുണ്ട്. ഈ അപകടകരമായ സാഹചര്യം പ്രതിരോധിക്കാൻ ശാസ്ത്രീയമായ ഇടപെടലുകൾ മാനസികാരോഗ്യ മേഖലയിൽ ആവശ്യമാണ്. ദുരന്ത പ്രദേശങ്ങളിൽ ശേഷിക്കുകയും പരിക്കുകളോടെ രക്ഷപ്പെടുകയും ഉറ്റവരെ നഷ്ടപ്പെടുകയും അത്തരം ആഘാതങ്ങളിൽ മാനസിക പ്രയാസങ്ങൾ നേരിടുന്ന എല്ലാവരെയും ശാസ്ത്രീയമായ കൗൺസിൽ, തെറാപ്പി, മെഡിക്കേഷൻ എന്നിവയിലൂടെ മാനസികമായി ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് യുവജന കമ്മീഷൻ കൗൺസിലിംഗ് പദ്ധതികൾ ആരംഭിക്കുന്നത്.

## ക്യാമ്പുകളിൽ അവശ്യ സാധനങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചതായി ഭക്ഷ്യമന്ത്രി

കൽപ്പറ്റ: ദുരന്തബാധിത സ്ഥലത്തെ റിലീഫ് ക്യാമ്പുകളിൽ ഭക്ഷ്യവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും പെട്രോൾ, ഡീസൽ പമ്പുകളിൽ ആവശ്യത്തിന് ഇന്ധന ലഭ്യത ഉറപ്പുവരുത്തുന്നതിനും ദുരന്തമേഖലയിൽ മണ്ണെണ്ണയുടെ ലഭ്യത ഉറപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചതായി ഭക്ഷ്യ മന്ത്രി ജി ആർ അനിൽ അറിയിച്ചു. ചൂരൽമലയും ദുരിതബാധിതരെ താമസിപ്പിച്ച ക്യാമ്പുകളും സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. ദുരന്തസാഹചര്യത്തെ നേരിടാൻ അടിയന്തര നടപടികൾ സ്വീകരിക്കാൻ ബുധനാഴ്ച ചേർന്ന യോഗത്തിൽ മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വയനാട് ജില്ലാ സപ്ലൈ ഓഫീസർ ജയദേവ് ടി ജെ യെ ഭക്ഷ്യവകുപ്പിന്റെ നോഡൽ ഓഫീസറായി നിയമിച്ചു.

## ചികിത്സയിലുള്ളവരെ ആശ്വസിപ്പിച്ച് ഗവർണർ

കൽപ്പറ്റ: ചൂരൽമല ദുരന്ത പ്രദേശം സന്ദർശനത്തിനു ശേഷം ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ മേപ്പാടി വിംസ് ആശുപത്രി സന്ദർശിച്ചു. രോഗികളോടും കൂടെയുള്ളവരോടും സംസാരിച്ചു. ദുരന്തവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചോദിച്ചറിഞ്ഞു. ചികിത്സയിലുള്ള കുട്ടികളെ ആശ്വസിപ്പിച്ചു.
ദുഃഖത്തിൽ പങ്കുചേരുന്നതായി ഗവർണർ പറഞ്ഞു. മേപ്പാടി കുടുംബരോഗ്യ കേന്ദ്രവും ഗവർണർ സന്ദർശിച്ചു.
ഡീൻ ഡോക്ടർ ഗോപകുമാരൻ കർത്ത, എക്സിക്യൂട്ടീവ് ട്രസ്റ്റി ബഷീർ, മെഡിക്കൽ സൂപ്രണ്ടന്റ് ഡോക്ടർ മനോജ് നാരായണൻ, അഡീഷണൽ മെഡിക്കൽ സൂപ്രണ്ടന്റ് ഡോക്ടർ അനീഷ് ബഷീർ. ഡി.ജി.എം ഓപ്പറേഷൻ ഡോക്ടർ ഷഹനവാസ് പള്ളിയാൽ,ഡി.ജി.എം സൂപ്പി കല്ലങ്കോടൻ, ജില്ലാ മെഡിക്കൽ ഓഫിസർ ആരോഗ്യം ഡോ.പി.ദിനീഷ്, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. പ്രിയ സേനൻ എന്നിവർ സന്നിഹിതരായിരുന്നു.

## ചൂരൽമലയിലെ കൺട്രോൾ റൂം കേന്ദ്രീകരിച്ച് മെഡിക്കൽ പോയിന്റ്, ഓക്സിജൻ ആംബുലൻസ് ഒരുക്കും

കൽപ്പറ്റ: രക്ഷപെട്ടു വരുന്നവർക്ക് അടിയന്തരമായി വൈദ്യസഹായം ലഭ്യമാക്കാൻ ചൂരൽമലയിലെ കൺട്രോൾ റൂം കേന്ദ്രീകരിച്ച് ഓക്സിജൻ ആംബുലൻസ് ഉൾപ്പെടെ മെഡിക്കൽ പോയിന്റ് സൗകര്യമൊരുക്കാൻ ബുധനാഴ്ച രാവിലെ വയനാട് കലക്ടറേറ്റിൽ ചേർന്ന മന്ത്രിതല യോഗത്തിൽ തീരുമാനം. ഇവിടെ കാര്യങ്ങൾ ഏകോപിപ്പിക്കാൻ മുതിർന്ന ഉദ്യോഗസ്ഥനെ നിയമിക്കും. കൂടാതെ ആവശ്യത്തിന് ഡോക്ടർമാരെയും മറ്റ് ആരോഗ്യപ്രവർത്തകരെയും നിയോഗിക്കും. കോഴിക്കോട്, തലശ്ശേരി ഉൾപ്പെടെ നാല് സഹകരണ ആശുപത്രിയിൽ നിന്നുള്ള ഡോക്ടർമാരുടെ സംഘം വരാൻ തയ്യാറാണെന്ന് സഹകരണ മന്ത്രി വി എൻ വാസവൻ അറിയിച്ചു. കുടുങ്ങിക്കിടന്നവരെ രക്ഷപ്പെടുത്തി പാലത്തിലൂടെ കൊണ്ടുവരുന്ന പോയിന്റിൽ വെള്ളം വിതരണം ചെയ്യാൻ സജ്ജീകരണം ഏർപ്പെടുത്തുമെന്ന് റവന്യൂ മന്ത്രി കെ രാജൻ അറിയിച്ചു. ഇവിടെയും ആരോഗ്യ ടീമിനെ നിയോഗിക്കും. ചൊവ്വാഴ്ച രക്ഷാപ്രവർത്തനത്തിനായി കോഴിക്കോട് നിന്നും മറ്റും അസ്ക വിളക്കുകൾ ഉടനടി എത്തിച്ചത് വളരെയധികം ഉപകാരപ്രദമായതായി മന്ത്രി കൂട്ടിച്ചേർത്തു. യോഗത്തിൽ മന്ത്രിമാരായ പി എ മുഹമ്മദ് റിയാസ്, എ കെ ശശീന്ദ്രൻ, വി അബ്ദുറഹ്മാൻ, കെ കൃഷ്ണൻകുട്ടി, ജി ആർ അനിൽ, രാമചന്ദ്രൻ കടന്നപ്പള്ളി, ഒ ആർ കേളു, രക്ഷപ്രവർത്തനം ഏകോപിപ്പിക്കുന്ന പ്രത്യേക ഉദ്യോഗസ്ഥൻ സീരാം സാംബശിവറാവു, ലാന്റ് റവന്യു കമ്മീഷണർ എ കൗശികൻ, എഡിഎം കെ ദേവകി പങ്കെടുത്തു.



ഉരുൾപ്പൊട്ടലിൽ ഒലിച്ച് വന്ന ഇരുചക്ര വാഹനം

# മേപ്പാടി പഞ്ചായത്ത് അടിയന്തര അവലോകന യോഗം ചേർന്നു

കൽപ്പറ്റ: വെള്ളരിമല വില്ലേജിലെ മുണ്ടകൈ-ചൂരൽമല ഉരുൾപ്പൊട്ടലിന്റെ പശ്ചാത്തലത്തിൽ മേപ്പാടി പഞ്ചായത്ത് ഭരണസമിതി അടിയന്തിര അവലോകന യോഗം ചേർന്നു.

ദുരന്തത്തിൽ മരിച്ചവർക്കുള്ള അനുശോചനം രേഖപ്പെടുത്തിക്കൊണ്ടാണ് യോഗം ആരംഭിച്ചത്. ഏറ്റവും മെച്ചപ്പെട്ട പുനരധിവാസ പദ്ധതി ദുരന്തത്തിൽപ്പെട്ടവർക്ക് നൽകാനും, അവരെ ജീവിതത്തിലേക്ക് തിരിച്ച് കൊണ്ടുവരുവാനും എല്ലാ ശ്രമങ്ങൾക്കും കൂട്ടായ നേതൃത്വം നൽകുമെന്നും ജീവിതകാലത്തെ ഏറ്റവും വലിയ പ്രതിസന്ധിയെ അതിജീവിക്കാൻ എന്തെല്ലാം ചെയ്യേണ്ടതുണ്ടോ ആ നടപടികൾക്ക് മുഴുവൻ നേതൃത്വം കൊടുക്കാൻ തയ്യാറാകുമെന്നും കൽപ്പറ്റ നിയോജകമണ്ഡലം എം. എൽ.എ അഡ്വ.ടി.സിദ്ധിഖ് യോഗത്തിൽ പറഞ്ഞു. നാടിന്റെ മഹാദുരന്തത്തിൽ എല്ലാം മറന്ന് ഒന്നിച്ച് നിന്ന് മനുഷ്യ സാധ്യമായ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കാൻ വിവിധ സർക്കാരുകൾക്കൊപ്പം ഉദ്യോഗസ്ഥർ, വ്യക്തികൾ, ജീവകാരുണ്യ പ്രവർത്തകർ, വിവിധ സംഘടനകളേയും ഏകോപിപ്പിച്ച് ഈ ദൗത്യം നിർവ്വഹിക്കാനും നടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മേപ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ബാബുവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തുടർ പ്രവർത്തനങ്ങളെ കുറിച്ച് അഡ്വ.ടി.സിദ്ധിഖ് എം.എൽ.എ വിശദീകരിച്ചു. സർക്കാർ സ്പെഷ്യൽ ഓഫീസർ സാമ്പശിവ റാവു, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാൻ, മെമ്പർമാർ ഉൾപ്പെടെ യോഗത്തിൽ പങ്കെടുത്തു.



തലപ്പാലി ഭാഗത്ത് നിന്നും കിട്ടിയ മൃതദേഹവുമായി രക്ഷാ പ്രവർത്തകർ വാഹനസൗകര്യമുള്ളിടത്തേക്ക് പോകുന്നു



ജില്ലാ ആശുപത്രിയിൽ നിന്ന് മൃതദേഹം വയനാട്ടിലേക്ക് കൊണ്ടുപോകുന്നു



ചാലിയാർ പുഴയിൽ നിന്ന് കണ്ടെത്തിയ മൃതദേഹം രക്ഷാപ്രവർത്തകർ കരക്കെത്തിക്കുന്നു

# മരണപ്പുഴ






നിലമ്പൂർ മുത്തേടം ചാലിയാർ പുഴയിൽ രക്ഷാ പ്രവർത്തനം നടത്തുന്ന സന്നദ്ധ പ്രവർത്തകർ

ചാലിയാർ പുഴയിൽ നിന്ന് കണ്ടെത്തിയ മൃതദേഹം രക്ഷപ്രവർത്തകർ നിലമ്പൂർ ജില്ലാ ആശുപത്രിയിലേക്ക് കൊണ്ടുവരുന്നു

# ചാലിയാറിൽ നിന്ന് ഇന്നലെ ലഭിച്ചത് 70 മൃതദേഹങ്ങൾ

സുനിൽ ബാബു
എടക്കര

ചൂരൽമല മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ ഉൾപ്പെട്ടവർക്കായി രണ്ടാംദിനവും അഗ്നിരക്ഷാ സേനയും സന്നദ്ധ പ്രവർത്തകരും നാട്ടുകാരും ചാലിയാർ പുഴയുടെ വിവിധ ഭാഗങ്ങളിൽ രാവിലെ മുതൽ നടത്തിയ തിരച്ചിലിൽ 20 മൃതദേഹങ്ങളും 59 മൃതദേഹ ഭാഗങ്ങളും കണ്ടെടുത്തു. ഏഴരയോടെ മൂന്ന് മൃതദേഹങ്ങൾ തലപ്പാലി ഭാഗത്ത് നിന്നും കണ്ടെടുക്കാനായി. കൂടുതൽ രക്ഷാ പ്രവർത്തകരെത്തി തലപ്പാലിക്ക് മുകളിൽ ചാലിയാർ പുഴയുടെ പ്ലാന്റേഷൻ കോർപറേഷൻ, കുമ്പളപ്പാറ ഭാഗങ്ങളിൽ പരിശോധന നടത്തി കരക്കടിഞ്ഞതും ചളിയിൽ പുതഞ്ഞതുമായ കൂടുതൽ മൃതദേഹങ്ങൾ കണ്ടെടുത്തു. ചാലിയാറിന്റെ മറ്റ് ഭാഗങ്ങളിൽ പരിശോധനകൾ നടത്തിയ രക്ഷാ പ്രവർത്തകരും പലയിടങ്ങളിൽ നിന്നായി മൃതദേഹങ്ങളും മൃതദേഹ ഭാഗങ്ങളും കണ്ടെടുത്തു. ഇതുവരെയായി ചാലിയാർ പുഴയുടെ പോത്തുകൽ ഭാഗത്തുനിന്നും 28 പുരുഷന്മാരുടെയും 21 സ്ത്രീകളുടെയും രണ്ട് ആൺകുട്ടികളുടെയും സ്ത്രീയോ, പുരുഷനോ എന്ന് തിരിച്ചറിയാത്ത വ്യക്തിയുടെയും മൃതദേഹങ്ങളാണ് ലഭിച്ചത്. ഇത് കൂടാതെ 75 ശരീര ഭാഗങ്ങളും ഇവിടെ നിന്നും കണ്ടെടുത്തു. ചൊവ്വാഴ്ച 32 മൃതദേഹങ്ങളും, 25 മൃതദേഹ ഭാഗങ്ങളുമാണ് ചാലിയാറിൽ നിന്നും കണ്ടെടുത്തത്. ഇന്ധനം ഇല്ലാത്തതിനെത്തുടർന്ന് ചാലിയാറിന്റെ മറുകരയിൽ നിന്നും ലഭിച്ച മൃതദേഹങ്ങൾ ഡിങ്കി ബോട്ടുകളിൽ ഇക്കരയെത്തിക്കാൻ ഇന്നലെ വൈകിയിരുന്നു. മഴ മാറി നിന്നതിനാൽ ഉച്ചവരെ തിരച്ചിലിന് അനുകൂലമായ കാലാവസ്ഥയായിരുന്നു. വെള്ളം കുറഞ്ഞതോടെ പുഴയിലിറങ്ങി തിരച്ചിൽ നടത്താൻ രക്ഷാപ്രവർത്തകർക്ക് സാധിച്ചു. അഗ്നിരക്ഷാ സേനയുടെ രണ്ട് ഡിങ്കി ബോട്ടുകളും പുഴയുടെ വിവിധ ഭാഗങ്ങളിൽ തിരച്ചിലിൽ ഏർപ്പെട്ടു. വെള്ളം ഇറങ്ങിയതോടെ തെളിഞ്ഞ ഭാഗങ്ങളിൽ ഉരുൾപൊട്ടലിൽ ഉൾപ്പെട്ട വീടുകളിലെ പാത്രങ്ങളും, വസ്ത്രങ്ങളും, ഫർണിച്ചറുകളും, ടൂത്ത് ബ്രഷ്, ചീർപ്പുകൾ, ബ്ലാങ്കറ്റുകൾ, യൂണിഫോമുകൾ, ജഴ്സികൾ, ബൈക്കിന്റെ ഭാഗങ്ങൾ, ബാഗുകളുടെ അവശിഷ്ടങ്ങൾ, വീടുകളിലെ മറ്റ് വസ്തുക്കളും തകർന്നടിഞ്ഞ് കിടക്കുന്നത് കാണാമായിരുന്നു. വലുതും ചെറുതുമായ ധാരാളം മത്സ്യങ്ങൾ തെളിഞ്ഞ ഭാഗങ്ങളിൽ ചത്ത് അടിഞ്ഞിരുന്നു. മനുഷ്യ ശരീരവും, മരങ്ങളും, മത്സ്യങ്ങളും അഴുകിയ ദുർഗന്ധമാണ് ചാലിയാറിന്റെ തീരങ്ങളിൽ വമിക്കുന്നത്. ഉച്ചയോടെ മേപ്പാടി, ചൂരൽമല ഭാഗങ്ങളിൽ കനത്ത മഴയും മലയിടിച്ചിലുമുണ്ടായതായ വിവരം രക്ഷാപ്രവർത്തകരെ ആശങ്കയിലാഴ്ത്തി. ഉച്ചക്ക് ശേഷം മേഖലയിലും ശക്തമായ മഴ തുടരുകയാണ്. വൈകീട്ട് അഞ്ച് മണിയോടെ രണ്ടാം ദിനത്തിലെ തിരച്ചിൽ അവസാനിപ്പിച്ച് രക്ഷാ പ്രവർത്തകരും ഉദ്യോഗസ്ഥരും മടങ്ങി.

## നിലമ്പൂരിലെ നടപടികൾക്ക് യുദ്ധവേഗം

### ജില്ലാ പഞ്ചായത്തും ആരോഗ്യ വകുപ്പും പൊലീസും കൈകോർത്തു



നിലമ്പൂർ ജില്ലാ ആശുപത്രിയിൽ നിന്നും മൃതദേഹങ്ങൾ ആംബുലൻസിൽ കയറ്റുന്നതിന് മുമ്പ് ഡ്രൈവർമാർക്കും സന്നദ്ധ പ്രവർത്തകർക്കും ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഇസ്മായിൽ മൂത്തേടം നിർദേശങ്ങൾ നൽകുന്നു

നിലമ്പൂർ: വയനാടിനെ നെഞ്ചിലേറ്റി നിലമ്പൂർ. ഒഴുകിയെത്തിയ ചേതനയറ്റ ശരീരങ്ങൾ വാരിയെടുത്ത് ജില്ലാ ആശുപത്രിയിലെത്തിച്ച് നടപടികൾ വേഗത്തിലാക്കിയത് ജില്ലാ പഞ്ചായത്തും ആരോഗ്യ വകുപ്പും പൊലീസും ഒറ്റ മനസ്സായി കൈകോർത്തതോടെ. അവരുടെ ആഗ്രഹത്തിനൊത്ത് സന്നദ്ധ പ്രവർത്തകരും ചേർന്നതോടെ വയനാടിനായി നിലമ്പൂരിന്റെ കണ്ണീരും സ്നേഹവും. ചാലിയാർ പുഴയിലൂടെ ഒഴുകിവന്ന ചേതനയറ്റ ശരീരങ്ങളും ശരീരാവശിഷ്ടങ്ങളും പുഴയിൽ നിന്നും ശേഖരിച്ച് ആംബുലൻസിൽ നിലമ്പൂർ ജില്ലാ ആശുപത്രിയിലെത്തിച്ച് എല്ലാ നടപടികളും പൂർത്തിയാക്കി മൃതദേഹങ്ങൾ ബന്ധുക്കൾക്ക് അതിവേഗത്തിൽ കൈമാറുകയെന്നതായിരുന്നു പ്രധാന വെല്ലുവിളി.

നടപടികൾ ലഘൂകരിക്കുന്നതിനും മൃതദേഹങ്ങൾ വേഗത്തിൽ തന്നെ വയനാട്ടിൽ എത്തിക്കുന്നതിനും ഇടയായത് ആശുപത്രി മാനേജ്മെന്റായ മലപ്പുറം ജില്ലാ പഞ്ചായത്ത് അധികൃതരുടെ ഇടപെടൽ. എല്ലാറ്റിനും നേതൃത്വം നൽകി മുഴുവൻ സമയവും ആശുപത്രിയിൽ തന്നെ ചെലവഴിച്ച് ജില്ലാ പഞ്ചായത്ത് ഉപാധ്യക്ഷൻ ഇസ്മായിൽ മൂത്തേടം. വയനാട്ടിൽ ഉരുൾപൊട്ടൽ നടന്ന് മണിക്കൂറുകൾക്കകം തന്നെ ചാലിയാർ പുഴയുടെ നിലമ്പൂർ മേഖലയിൽ മൃതദേഹങ്ങൾ ഒഴുകിയെത്തിയിരുന്നു. ചൊവ്വാഴ്ച രാവിലെ ഏഴ് മണിയോടെ പോത്തുകല്ലിൽ നിന്നും ആദ്യ മൃതദേഹം കണ്ടെടുത്തു. മൃതദേഹങ്ങളും ശരീരാവശിഷ്ടങ്ങളും കൂടുതലായി വരുന്നുണ്ടെന്നറിഞ്ഞതോടെ മഞ്ചേരി മെഡിക്കൽ കോളജിലേക്ക് മാറ്റുന്നതിനെ കുറിച്ച് ആലോചന വന്നു. എന്നാൽ ഇവിടെ തന്നെ സംവിധാനം ഒരുക്കണമെന്നും ജില്ലാ പഞ്ചായത്ത് എല്ലാ സഹായവും നൽകാമെന്നും ഇസ്മായിൽ മൂത്തേടം ഉറപ്പു നൽകിയതോടെ ഡി.എം.ഒയും ജില്ലാ ആശുപത്രി സൂപ്രണ്ട് ഡോ. ഷിനാസ് ബാബുവും ഒരുക്കങ്ങളുമായി മുന്നോട്ടുപോയി. ആശുപത്രിയിലെത്തുന്ന മൃതദേഹങ്ങൾ കിടത്താൻ ഫ്രീസർ സംവിധാനങ്ങളുടെ കുറവായിരുന്നു നേരിട്ട ആദ്യത്തെ പ്രശ്നം. അതുപോലെ പുഴയിൽ നിന്നും ലഭിക്കുന്ന മൃതദേഹങ്ങൾ അതാത് സമയത്ത് തന്നെ നിലമ്പൂരിലെത്തിക്കുവാൻ ആവശ്യമായ ആംബുലൻസുകളും വേണം. ഉടനെ ജില്ലാ പഞ്ചായത്ത് അംഗങ്ങളെയും വിവിധ പഞ്ചായത്ത് പ്രസിഡന്റുമാരെയും ബന്ധപ്പെട്ട് ജില്ലയിൽ നിന്നും പുറത്തു നിന്നും ആംബുലൻസുകൾ എത്തിക്കാനുള്ള നടപടിയെടുത്തു. സാമൂഹ്യ മാധ്യമങ്ങളിലൂടെ ഫ്രീസറിനുള്ള അഭ്യർഥന നടത്തി. മണിക്കൂറുകൾക്കള്ളിൽ ഫ്രീസറുകളും അവ പ്രവർത്തിപ്പിക്കാനാവശ്യമായ ജനറേറ്റർ സംവിധാനവും ആംബുലൻസുകളും നിലമ്പൂരിലെത്തി. മുസ്ലിം യൂത്ത് ലീഗ് വൈറ്റ് ഗാർഡ്, നിലമ്പൂർ സി.എച്ച്.സെന്റർ വളണ്ടിയർമാർ എന്നിവർ സഹായത്തിന് നിലമ്പൂർ ജില്ലാ ആശുപത്രി മുറ്റത്ത് നിലയുറപ്പിച്ചു. ഇരു സമസ്തകളുടെയും വിഖായ, സാന്ത്വനം വളണ്ടിയർമാരും അവർക്കൊപ്പം കൂടി. ആശുപത്രിയിലുള്ള സന്നദ്ധ പ്രവർത്തകർക്കും ഡോക്ടർമാർക്കും പൊലീസിനും മറ്റു ജീവനക്കാർക്കും ഭക്ഷണം നിലമ്പൂർ സി.എച്ച്.സെന്റർ ഒരുക്കി. മൃതദേഹം പുതപ്പിക്കുന്നതിനും മറ്റുമുള്ള തുണി അടക്കമുള്ള സാധനങ്ങൾ ജില്ലാ പഞ്ചായത്ത് അധികൃതർ അതിവേഗതയിലാണ് എത്തിച്ചത്. ആംബുലൻസിലും മറ്റു സന്നദ്ധ പ്രവർത്തനത്തിന് എത്തിയ വാഹനങ്ങളിലും ഇന്ധനം നിറക്കാൻ ജില്ലാ പഞ്ചായത്ത് നടപടി സ്വീകരിച്ചു.

ഓരോ മൃതദേഹവും പോസ്റ്റ്മോർട്ടം ചെയ്ത ശേഷം വയനാട്ടിലേക്ക് കൊണ്ടുപോകുന്നതിലും നടപടികൾ ലഘൂകരിക്കാനും നിലമ്പൂർ ജില്ലാ ആശുപത്രിക്കായി. മഞ്ചേരി, തൃശൂർ മെഡിക്കൽ കോളജുകളിലെ ഡോക്ടർമാരുടെ സാന്നിധ്യവും പോസ്റ്റ്മോർട്ടം വേഗത്തിൽ പൂർത്തിയാക്കുവാൻ സഹായകമായി. ജില്ലയിലെ രണ്ട് ഡിവൈ.എസ്.പിമാരുടെ നേതൃത്വത്തിലായിരുന്നു രണ്ട് ദിവസവും പൊലീസ് നടപടികൾ പൂർത്തിയാക്കിയത്. ഡെപ്യൂട്ടി കലക്ടറും നിലമ്പൂരിൽ ക്യാമ്പ് ചെയ്തു. പൊലീസിനും റവന്യൂ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്കും ഒരു പ്രയാസവുമില്ലാതെ അതിവേഗതയിൽ മൃതദേഹം ഇൻക്വസ്റ്റ് നടത്തുവാനും പോസ്റ്റ്മോർട്ടം ചെയ്യുവാനും അവസാനം വയനാട്ടിലേക്ക് കൊണ്ടുപോകുവാനുമെല്ലാം ജില്ലാ പഞ്ചായത്ത് ഇസ്മായിൽ മൂത്തേടത്തിന്റെ നേതൃത്വത്തിൽ ശക്തമായാണ് പ്രവർത്തിച്ചത്. ഓരോ ആംബുലൻസിലും രണ്ട് സന്നദ്ധ പ്രവർത്തകർ പോകുന്നതിന് തീരുമാനിച്ചത് പൊലീസിന് സഹായകമായി. 10 ആംബുലൻസിന് ഒരു സി.ഐയുടെ നേതൃത്വത്തിലുള്ള പൊലീസ് സംഘമാണ് വയനാട്ടിലേക്ക് മൃതദേഹങ്ങൾ കൊണ്ടുപോയത്.



നിലമ്പൂർ താലൂക്ക് ആശുപത്രിയിൽ മൃതദേഹങ്ങൾ സന്ദർശിക്കാനെത്തിയ മുസ്ലിംലീഗ് ജില്ലാ പ്രസിഡന്റ് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങളും ജനറൽ സെക്രട്ടറി പി.അബ്ദുൽ ഹമീദ് എം.എൽ.എയും

## പരപ്പൻപാറ ഉൾവനത്തിൽ രണ്ട് മൃതദേഹങ്ങൾ കണ്ടെത്തി

### പുറത്തെടുക്കുന്നത് വനം ഉദ്യോഗസ്ഥർ തടഞ്ഞു

എടക്കര: മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ അകപ്പെട്ട രണ്ട് പേരുടെ മൃതദേഹങ്ങൾ മലപ്പുറം-വയനാട് ജില്ലകളുടെ അതിർത്തിയായ പരപ്പൻപാറയിൽ കണ്ടെത്തിയതായി വിവരം. മുണ്ടേരിയിൽ നിന്നും പോയ രക്ഷാപ്രവർത്തകരാണ് മൃതദേഹങ്ങൾ കണ്ടെത്തിയത്. ചാലിയാർ പുഴയുടെ മുകൾ ഭാഗമാണിത്. മുണ്ടേരിയിൽ നിന്നും എട്ട് കിലോമീറ്റർ അകലെ ഉൾവനത്തിലാണ് പരപ്പൻപാറ. മൃതദേഹങ്ങളെടുക്കാൻ ശ്രമിച്ചപ്പോൾ വനം ഉദ്യോഗസ്ഥർ തടഞ്ഞെന്ന് ചിലർ പറയുന്നു. എന്നാൽ മണ്ണിൽ നിന്ന് മൃതദേഹങ്ങളെടുക്കാൻ ശ്രമിച്ചപ്പോൾ പുഴയിൽ വെള്ളമുയരുകയും ശ്രമം ഉപേക്ഷിച്ചു മടങ്ങുകയുമായിരുന്നുവെന്ന് പറയുന്നു. പരപ്പൻപാറക്ക് മുകളിലും സൂചിപ്പാറ വെള്ളച്ചാട്ടത്തിന് താഴെയുമായി നിരവധി മൃതദേഹങ്ങൾ കിടപ്പുണ്ടെന്നാണ് സൂചന. വയനാടിന്റെ മുണ്ടക്കൈയിൽ നിന്നും ഈ ഭാഗത്തേക്ക് തിരച്ചിലിനെത്തുക അസാധ്യമാണ്.

## വാഴക്കാട് മണന്തലക്കടവിൽ കുട്ടിയുടെ മൃതദേഹം

എടവണ്ണപ്പാറ: മണന്തലക്കടവിൽ 10 വയസ് തോന്നിക്കുന്ന പെൺകുട്ടിയുടെ മൃതദേഹം കണ്ടെത്തി. എളമരം പാലത്തിന് മുകളിൽ നിന്നും കണ്ടവർ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ ചാലിയാർ പുഴയിലൂടെ ഒഴുകിവരുന്ന മൃതദേഹം ചീരക്കുന്നത്ത് റഷീദിന്റെ സഹായത്തോടെ കരക്ക് അടുപ്പിക്കുകയായിരുന്നു. വയനാട് ദുരന്തത്തിൽപെട്ടതാകാമെന്ന് കരുതുന്നു.

പൊലീസ്, റെസ്ക്യൂ ടീം തുടങ്ങിയവരും നാട്ടുകാരായ ടി. ബഷീർ, അജയ്കുമാർ, നൗഷാദ് ചെറുവട്ടൂർ, മുസ്തഫ വാഴക്കാട്, സിദ്ദീഖ് പള്ളിപ്പറമ്പൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ മഞ്ചേരി മെഡിക്കൽ കോളജിലേക്ക് കൊണ്ട് പോയി. ചാലിയാറിൽ ജലവിതാനം താഴ്ന്നതിനാൽ ഇന്നലെ രാവിലെ 10 മണിയോടുകൂടി വാഴക്കാട് വഴി കോഴിക്കോട്ടേക്കുള്ള ഗതാഗതം പുനഃസ്ഥാപിച്ചു.



വാഴക്കാട് മണന്തലക്കടവിൽ നിന്ന് കിട്ടിയ കുട്ടിയുടെ മൃതദേഹം കരക്കെത്തിക്കുന്നു

### തിരിച്ചറിയാൻ ബന്ധുക്കളാരുമില്ല

## സുഹൃത്തിനെ തേടി ഹനീഫ നിലമ്പൂരിൽ

ഷഹബാസ് വെള്ളില
നിലമ്പൂർ

നിലമ്പൂർ ജില്ലാ ആശുപത്രിയുടെ മോർച്ചറിക്ക് മുന്നിൽ ചാലിയാർ പുഴയിൽ നിന്നും വാരിയെടുത്ത് കൊണ്ടുവരുന്ന മൃതദേഹങ്ങളിലേക്ക് പ്രതീക്ഷയോടെ നോക്കി നിൽക്കുന്നൊരു ചെറുപ്പക്കാരനെ കാണാമായിരുന്നു. മാസ്ക് ധരിച്ചിട്ടുണ്ടായിരുന്നെങ്കിലും അദ്ദേഹത്തിന്റെ മുഖത്തെ വെപ്രാളവും സങ്കടവും ആകാംശയുമെല്ലാം കൂടിനിന്നവരെല്ലാം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഒരുമിച്ച് കളിച്ചുവളർന്ന കളിക്കൂട്ടുകാരെയും വീട്ടുകാരെയും തേടി വയനാട്ടിൽ നിന്ന് നിലമ്പൂരിലെത്തിയ ചൂരൽമല സ്വദേശി ഹനീഫയായിരുന്നു അത്. ഇന്നലെ രാത്രിയാണ് ഉരുൾപൊട്ടലിൽ സുഹൃത്തും കുടുംബവും ഒലിച്ചുപോയത്.

നിലമ്പൂരിൽ ആരുടെയൊക്കെയോ മൃതദേഹങ്ങൾ കിട്ടിയിട്ടുണ്ടെന്ന് അറിഞ്ഞതോടെ ഹനീഫ മറ്റൊന്നും ചിന്തിക്കാതെ മലയിറങ്ങി. ഉറ്റവരെ തിരിച്ചറിയാൻ അടുത്ത കുടുംബക്കാർ ആരും ബാക്കിയുണ്ടായിരുന്നില്ല. തന്റെ സുഹൃത്തിന്റെയും ഉറ്റവരുടെയും മൃതദേഹമെങ്കിലും കണ്ടെത്തണം. അതുമായി നാട്ടിലേക്ക് മടങ്ങണം എന്നതായിരുന്നു ഹനീഫയുടെ മനസിൽ. ചെറുപ്പം മുതൽ കണ്ട് വളർന്ന ആത്മ സുഹൃത്തുക്കളെയും കുടുംബത്തെയും ഒരു രാത്രിയുടെ ദൈർഘ്യത്തിൽ നഷ്ടപ്പെട്ടതിന്റെ ഞെട്ടൽ ഇപ്പോഴും മാറിയിട്ടില്ല ഹനീഫക്ക്. തൊട്ടടുത്ത പ്രദേശത്തുണ്ടായ ദുരന്തം കവർന്നെടുത്ത മനുഷ്യ ജീവനുകൾ കിലോമീറ്ററുകൾക്കപ്പുറത്ത് ചാലിയാറിന്റെ തീരത്ത് കരക്കടിയുന്നുവെന്ന വാർത്തയറിഞ്ഞ് ആ കൂട്ടത്തിൽ തന്റെ സുഹൃത്തുക്കളായ ഷമീറിനെയും, മുനീറിനെയും തിരഞ്ഞാണ് അദ്ദേഹം നിലമ്പൂരിലെത്തുന്നത്.

ബുധനാഴ്ച അർധരാത്രിയിലും സുഹൃത്തിനെ കണ്ടെത്താനായില്ലെങ്കിലും വിതുമ്പലടക്കി ഇന്ന് രാവിലെ കണ്ടെത്തുന്ന ഓരോ മൃതദേഹത്തിലും പ്രതീക്ഷയോടെ തന്റെ സുഹൃത്തിന്റെ മുഖം തിരയുകയായിരുന്നു ഹനീഫ. നിലമ്പൂർ ആശുപത്രിയിലേക്ക് നിരനിരയായെത്തുന്ന ആംബുലൻസുകളിലൊന്നിൽ ഉച്ചക്ക് ശേഷമാണ് ഷമീറിന്റെ ചേതനയറ്റ ശരീരം ഹനീഫ തിരിച്ചറിഞ്ഞത്. താങ്ങാനാവാത്ത വ്യഥയോടെ ഇരിക്കുമ്പോൾ ഷമീറിന്റെ സഹോദരൻ മുനീറിന്റെ ശരീരം വയനാട്ടിൽ നിന്നും കണ്ടെത്തിയിരിക്കുന്നുവെന്ന വാർത്ത കൂടിയെത്തി. ഇവരുടെ കുടുംബത്തെ ഇനിയും കണ്ടെത്താനായിട്ടില്ല. സുഹൃത്തിനെയും കൊണ്ട് നാട്ടിലേക്ക് തിരിക്കുമ്പോഴും അവന്റെ കുടുംബത്തെ കണ്ടെത്താനായില്ലെന്ന ദുഃഖം ഹനീഫയെ അലട്ടുന്നുണ്ട്.

നിലമ്പൂർ ആശുപത്രിക്ക് മുന്നിലും ചാലിയാറിലെ വിവിധ കടവുകളിലുമെല്ലാം ഇത്തരം ഒരുപാട് ഹനീഫമാരെ കാണാമായിരുന്നു. സുഹൃത്തുക്കളെയും ബന്ധുക്കളെയുമെല്ലാം തിരഞ്ഞ് പ്രതീക്ഷയോടെ നിൽക്കുന്നവർ. വലിയൊരു ദുരന്തം അവരുടെ ജീവനെടുത്തെങ്കിലും അവസാനമായി ഒരു നോക്കുകാണാൻ മൃതദേഹമെങ്കിലും കിട്ടണമെന്ന വാശിയിലാണ് അവരെല്ലാം. വയനാട്ടിൽ നിന്നും കാണാതായ മൃതദേഹങ്ങൾ നിലമ്പൂർ ചാലിയാർ പുഴയിൽ നിന്നും കിട്ടുന്നുവെന്ന വാർത്ത പരന്നതുമുതൽ മറ്റൊന്നും ചിന്തിക്കാതെ ചാടി പുറപ്പെട്ടവരാണ് ഇവരെല്ലാം.



നിലമ്പൂർ ജില്ലാ ആശുപത്രി മോർച്ചറിക്ക് മുന്നിൽ ഹനീഫ

# വീണ്ടും അർജന്റീന-ഫ്രാൻസ് ഫുട്ബോൾ പോരാട്ടം

പാരീസ്: ലോകകപ്പ് ഫൈനലിന്റെ തനിയാവർത്തനത്തിന് ഒരുങ്ങി ഒളിംപിക്സ് ഫുട്ബോളിൽ അർജന്റീന-ഫ്രാൻസ് ക്വാർട്ടർ ഫൈനൽ പോരാട്ടം. മൂന്നിന് ഇന്ത്യൻ സമയം രാത്രി 12.30നാണ് അർജന്റീന-ഫ്രാൻസ് ക്വാർട്ടർ പോരാട്ടം. രണ്ടിന് മൊറോക്കോ-അമേരിക്കയെയും, സ്പെയിൻ- ജപ്പാനെയും, ഈജിപ്ത്-പരാഗ്വേയെയും നേരിടും.

ഗ്രൂപ്പിൽ മൂന്ന് കളികളും ജയിച്ച് ഒരു ഗോൾ പോലും വഴങ്ങാതെയാണ് തിയറി ഹെൻറി പരിശീലിപ്പിക്കുന്ന ഫ്രാൻസ് ക്വാർട്ടറിലെത്തിയതെങ്കിൽ ആദ്യ മത്സരത്തിൽ മൊറോക്കോയോട് അപ്രതീക്ഷിത തോൽവി വഴങ്ങിയശേഷം തുടർ ജയങ്ങളുമായാണ് ഹാവിയർ മഷരാനോ പരിശീലിപ്പിക്കുന്ന അർജന്റീന ക്വാർട്ടറിലെത്തിയത്. ഗ്രൂപ്പിലെ അവസാന മത്സരത്തിൽ ഫ്രാൻസ് ന്യൂസിലൻഡിനെ എതിരില്ലാത്ത മൂന്ന് ഗോളിന് തകർത്തപ്പോൾ അർജന്റീന യുക്രെയ്നെ മറുപടിയില്ലാത്ത രണ്ട് ഗോളിന് വീഴ്ത്തി.

കോപ അമേരിക്ക കിരീടം നേടിയ ശേഷം അർജന്റീന താരങ്ങൾ ഫ്രാൻസിന്റെ താരങ്ങൾക്കെതിരെ വംശീയ പരാമർശങ്ങളുള്ള പാട്ടപുപാടി നൃത്തം ചെയ്യുന്നതിന്റേയും ഫ്രഞ്ച് സൂപ്പർ താരം കിലിയൻ എംബാപ്പെയുടെ ആഫ്രിക്കൻ പാരമ്പര്യത്തിനെ കളിയാക്കുന്നതിന്റേയും വീഡിയോ അർജന്റീന താരം എൻസോ ഫെർണാണ്ടസ് ഇൻസ്റ്റഗ്രാമിൽ പോസ്റ്റ് ചെയ്തത് വിവാദമായിരുന്നു. ഫ്രഞ്ച് ഫുട്ബോൾ ഫെഡറേഷൻ ഫിഫക്ക് പരാതി നൽകുകയും ചെയ്തിരുന്നു.

## ബ്ലാസ്റ്റേഴ്സ് ഇറങ്ങുക കറുത്ത ബാൻഡ് ധരിച്ച്

കൊച്ചി: ഡ്യൂറൻഡ് കപ്പിൽ കേരള ബ്ലാസ്റ്റേഴ്സ് ഇന്ന് ആദ്യ മത്സരത്തിനിറങ്ങും. വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മരിച്ചവരോടുള്ള ആദരസൂചകമായി കറുത്ത ബാൻഡ് ധരിച്ചാണ് ബ്ലാസ്റ്റേഴ്സ് താരങ്ങൾ കളത്തിലിറങ്ങുക. ഇന്ന് മുംബൈ സിറ്റി എഫ്സിക്കെതിരെയാണ് ആദ്യ മത്സരം. ഓഗസ്റ്റ് 4ന് പഞ്ചാബ് എഫ്സിയെയും 10ന് സിഐഎസ്എഫ് പ്രൊട്ടക്ടേഴ്സ് എഫ്ടിയെയും നേരിടും. തായ്‌ലാൻഡിലെ പ്രീസീസൺ കഴിഞ്ഞ് കേരള ബ്ലാസ്റ്റേഴ്സ് കഴിഞ്ഞ ദിവസം കൊൽക്കത്തയിൽ എത്തിയിരുന്നു. കൊൽക്കത്തയിലാണ് കേരള ബ്ലാസ്റ്റേഴ്സിന്റെ ഡ്യൂറണ്ട് കപ്പിലെ ഗ്രൂപ്പ് മത്സരങ്ങൾ നടക്കുന്നത്. പുതിയ പരിശീലകൻ മൈക്കിൾ സ്റ്റാറയുടെ കേരള ബ്ലാസ്റ്റേഴ്സിന്റെ ആദ്യ ആദ്യ ടൂർണമെന്റാകും ഇത്.

*രണ്ട് താരങ്ങളെയാണ് നിങ്ങൾ കളത്തിൽ കണ്ടത്. എന്നാലവർ മൂന്ന് പേരുണ്ടായിരുന്നു. അത് ഞാനും, എന്റെ എതിരാളിയായ താരവും, ലോകത്തേക്ക് കടന്നുവരാനിരിക്കുന്ന എന്റെ കുഞ്ഞുമായിരുന്നു. ഞാനും കുഞ്ഞും ശാരീരികവും മാനസികവുമായി പോരാടി. ഗർഭകാലം വളരെ വെല്ലുവിളികൾ നിറഞ്ഞതാണ്. എന്നാൽ ജീവിതത്തിന്റെയും സ്പോർട്സിന്റേയും സന്തുലിതാവസ്ഥ കാത്തുസൂക്ഷിക്കുക ആയാസമെങ്കിലും മഹനീയമാണ്. ഈ ഒളിംപിക്സ് വളരെ പ്രത്യേകതകളുള്ളതാണ്. ഒരു ലിറ്റിൽ ഒളിംപ്യനും കൂടെയുണ്ട്.*

–നദ ഹാഫിസ്



ചന്ദ്രിക
സ്പോർട്സ്

www.chandrikadaily.com

**BREAKING** ഇന്ത്യ-ബെൽജിയം ഒളിംപിക് ഹോക്കി ഉച്ചയ്ക്ക് 1.30

# ഇന്ത്യക്ക് നല്ല നാൾ



**ഇന്ന്**

പാരീസ് ഒളിംപിക്സ്
രാവിലെ 11 മുതൽ






### മെഡൽ പട്ടിക

*(സ്വർണം, വെള്ളി, വെങ്കലം, ആകെ)*

1. ചൈന 8, 6, 2, 16
2. ജപ്പാൻ 7, 2, 4, 13
3. ഫ്രാൻസ് 6, 9, 5, 20
4. ബ്രിട്ടൻ 6, 5, 5, 16
5. ഒസ്ട്രേലിയ 6, 4, 2, 12
6. ദ.കൊറിയ 5, 3, 3, 11
7. യു.എസ്.എ 4 , 12, 11, 27
7. ഇറ്റലി 3, 5, 4, 12
35. ഇന്ത്യ 0, 0, 2, 2

## കൊക്കോ ഗോഫ് പുറത്ത്

പാരിസ്: ഒളിംപിക് ടെന്നിസ് വനിതാ സിംഗിൾസിൽ നാടകീയ രംഗങ്ങൾക്കൊടുവിൽ യുഎസ് താരം കൊക്കോ ഗോഫ് പുറത്ത്.

മൂന്നാം റൗണ്ടിൽ ക്രൊയേഷ്യയുടെ ഡോണ വെകിച്ചിനോടു പരാജയപ്പെട്ട ഇരുപതുകാരി ഗോഫ് കണ്ണീരോടെയാണ് കളം വിട്ടത്. സ്കോർ: 7-6, 6-2. ഒരു ലൈൻ കോളിന്റെ പേരിൽ അംപയറോടു ദീർഘനേരം തർക്കിച്ചതിനു പിന്നാലെയാണ് രണ്ടാം സീഡായ ഗോഫിന്റെ തോൽവി. ചെയർ അംപയറുടെ അടുത്തെത്തിയ ഗോഫ് മിനിറ്റുകളോളം തർക്കിച്ചെങ്കിലും ഫലമുണ്ടായില്ല.

## പാരീസിൽ നിന്നും കമാൽ വരദൂർ

ഒളിംപിക്സ് മൽസരങ്ങളുടെ അഞ്ചാം ദിനം ഇന്ത്യൻ താരങ്ങളുടെ കുതിപ്പ്. വനിതാ ബോക്സിംഗിൽ ലവ് ലിന ബോർഗഹെയിൻ, ആർച്ചറിയിൽ ദീപികാ കുമാരി, ബാഡ്മിന്റണിൽ പി.വി സിന്ധു, പുരുഷ ബാഡ്മിന്റണിൽ ലക്ഷ്യാസെൻ, ഷൂട്ടിംഗിൽ സ്വപ്നിൽ കുസാലേ എന്നിവരെല്ലാം മെഡൽ സാധ്യത നിലനിർത്തി വിജയം നേടി. 50 മീറ്റർ റൈഫിൾ 3 പൊസിഷനിലാണ് സ്വപ്നിൽ കുസാലേ കരുത്ത് കാട്ടി ഫൈനലിൽ എത്തിയത്.

യോഗ്യതാ റൗണ്ടിൽ ഏഴാം സ്ഥാനത്തായിരുന്നു സ്വപ്നിൽ. വനിതാ വിഭാഗം ഇതേ ഇനത്തിൽ ഇന്ത്യയുടെ ഐശ്വര്യ തോമാർ ഫൈനൽ കാണാതെ പുറത്തായി. വനിതകളുടെ ബോക്സിംഗ് 75 കിലോഗ്രാം വിഭാഗത്തിൽ ലവ്ലിനക്ക് നോർവെക്കാരി സുന്നിവ ഹോഫ്സ്റ്റാഡ് പ്രതിയോഗി ആയിരുന്നില്ല. 5-0 ത്തിനായിരുന്നു ലവ്ലിന മൽസരം നേടിയത്. അടുത്ത റൗണ്ടിൽ ചൈനക്കാരി ലി കിയാനാണ് പ്രതിയോഗി. ഞായറാഴ്ച നടക്കുന്ന മൽസരത്തിൽ ജയിക്കാനായാൽ ലവ്ലിനക്ക് മെഡലുറപ്പിക്കാം. അമ്പെയ്ത്ത് വനിതാ വിഭാഗത്തിൽ ഇന്ത്യയുടെ പ്രധാന താരം ദീപികാ കുമാരി വനിതകളുടെ വ്യക്തിഗത വിഭാഗത്തിൽ പ്രീ ക്വാർട്ടർ ബെർത്ത് നേടി.

എസ്തോണിയ, നെതർലൻഡ്സ് എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിയോഗികളെയാണ് ദീപിക തോൽപ്പിച്ചത്. പി.വി സിന്ധു എസ്തോണിയയിൽ നിന്നുള്ള ക്രിസ്റ്റിൻ കുബയെയാണ് തോൽപിച്ചത്. ലക്ഷ്യാസെൻ ജോനാഥൻ ക്രിസ്റ്റിയെയും നേരിട്ടുള്ള സെറ്റുകളിൽ കീഴടക്കിയാണ് പ്രിക്വാർട്ടർ ഫൈനലിലെത്തിയത്. മെഡൽപ്പട്ടികയിൽ ഏഷ്യൻ ആധിപത്യമാണ്. ചൈനയും ജപ്പാനുമാണ് ആദ്യ രണ്ട് സ്ഥാനങ്ങളിൽ. രണ്ട് വെങ്കലങ്ങളുമായി ഇന്ത്യ 35-ാം സ്ഥാനത്താണ്.

## ഇന്ന് മുതൽ ട്രാക്കുണരുകയാണ്

പാരീസ്:സ്റ്റഡെ ഡി ഫ്രാൻസ്പാരീസ് നഗരപ്രാന്തത്തിലെ സോക്കർ കൊട്ടക. ഇന്ന് മുതൽ ആഗോള കായിക ലോകത്തിൻറെ കണ്ണും കാതുമെല്ലാം 1998 ലെ ഫിഫ ലോകകപ്പ് ഫൈനലിൽ ബ്രസീലിനെ 13ന് തകർത്ത് സിനദിൻ സിദാനും സംഘവും കപ്പ് ഉയർത്തിയ ഈ വേദിയിലേക്കാവും. ഒളിംപിക്സിലെ ജനപ്രിയ മൽസരങ്ങൾ എന്നും ട്രാക്കിലാണ്. ലോകത്തെ അതിവേഗക്കാരനെ അറിയണം, അതിവേഗക്കാരിയെ അറിയണം..!!.

ട്രാക്കുണരുന്ന ദിവസമായ ഇന്ന് രണ്ട് ഫൈനലുകളാണ്. പ്രാദേശിക സമയം രാവിലെ 7.30ന് പുരുഷന്മാരുടെ 20 കിലോമീറ്റർ നടത്തം. ഇന്ത്യൻ താരങ്ങളായ അക്ഷദിപ് സിംഗ്, വികാഷ് സിംഗ്, പരംജിത് സിംഗ് ബിഷ്ത് എന്നിവർ കളത്തിലുണ്ട്. അതിന് ശേഷം വനിതകളുടെ 20 കിലോമീറ്റർ നടത്തം. പ്രിയങ്കാ ഗോ സ്വാമിയാണ് ഈ ഇനത്തിലെ ഇന്ത്യൻ സാന്നിദ്ധ്യം. നാളെ കൂടുതൽ മൽസരങ്ങളുണ്ട്. പുരുഷ വിഭാഗത്തിൽ 100 മീറ്റർ ഡെക്കാത്ത്ലൺ, ഹാമർത്രോ യോഗ്യതാ റൗണ്ട്, ഡെക്കാത്ത്ലണിൽ ലോംഗ്ജമ്പ്, ഹൈജമ്പ്, ഷോട്ട്പുട്ട് മൽസരങ്ങൾ, 1500 മീറ്ററിൽ ആദ്യറൗണ്ട്,ഹാമർ ത്രോയിൽ യോഗ്യതാ റൗണ്ട്,10,000 മീറ്റർ ഫൈനൽ, വനിതാ വിഭാഗത്തിൽ ഹൈജമ്പ് യോഗ്യതാ റൗണ്ട്, 100 മീറ്റർ ആദ്യറൗണ്ട്,ഡിസ്ക്കസ് ത്രോ യോഗ്യതാ റൗണ്ട് മൽസരങ്ങളും അരങ്ങേറും. നാലാം തിയ്യതിയാണ് അതിവേഗക്കാരെ അറിയുന്ന ഫൈനൽ.

### നീരജും സംഘവും

ട്രാക്കിലും ഫീൽഡിലും ഇന്ത്യയെ പ്രതിനിധീകരിക്കുന്നത് 29 അംഗ സംഘമാണ്. സൂപ്പർ താരം നീരജ് ചോപ്രയാണ് ഇന്ത്യൻ സംഘത്തിലെ സ്വർണ പ്രതീക്ഷ. പുരുഷ ജാവലിനിൽ നിലവിലെ ഒളിംപിക്ലോക ജേതാവാണ് അദ്ദേഹം. ഇതേ ഇനത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് കിഷോർ ജേനയും മൽസരിക്കുന്നു. ഏഷ്യൻ ഗെയിംസ് വെള്ളി മെഡൽ ജേതാവാണ് കിഷോർ. വനിതാ ജാവലിനിലും ഇന്ത്യക്ക് പ്രതീക്ഷയുണ്ട്. ഏഷ്യൻ ഗെയിംസ് സ്വർണ മെഡൽ ജേതാവായ അന്നുറാണിക്ക് ഇവിടെയും പ്രതീക്ഷകളുണ്ട്. സ്റ്റീപിൾ ചേസിൽ അവിനാഷ് സാബ് ലേ,ഷോട്ട് പുട്ടിൽ തേജിന്ദർ പാൽ സിംഗ്,ഹർഡിൽസിൽ ജ്യോതി യരാജി,സ്റ്റീപ്പിൾ ചേസിൽ പാറുൽ ചൗധരി, ട്രിപ്പിൾ ജമ്പിൽ അബ്ദുല്ല അബുബക്കർ, ഹൈജമ്പിൽ സർവേഷ് കുശാരേ, പുരുഷന്മാരുടെ 400 മിറ്റർ റിലേയിൽ മുഹമ്മദ് അനസ്,മുഹമദ് അജ്മൽ, അമോജ് ജേക്കബ്, സന്തോഷ്കുമാർ തമിരഴശൻ,വനിതാ റിലേ സംഘം എന്നിവരെലാം ഇന്ത്യക്കായി മൽസരക്കളത്തിലുണ്ട്.

### ഇന്ത്യ ഇന്ന്

12.30 ഗോൾഫ് പുരുഷൻമാരുടെ വ്യക്തിഗത ഫീറ്റിൽ ഇന്ത്യയുടെ ജി ബുള്ളാർ
1.30 ഹോക്കി: ഇന്ത്യ-ബെൽജിയം
ടേബിൾ ടെന്നീസ്
വനിത സിംഗിൾസ് പ്രീ ക്വാർട്ടർ ശ്രീജ അകുല-വൈ.എസ് സൺ ചൈന
ഷൂട്ടിങ്: 2.31 പുരുഷൻമാരുടെ എലിമിനേഷൻ ജാദവ് -ഡബ്ല്യു.സി കാവു ചൈന
2.30 ബോക്സിങ് റൗണ്ട് 16 നിഖത്ത് സറീൻ-വു യി ചൈന
1.30 ഹോക്കി ഇന്ത്യ-ബെൽജിയം
1.00 പുരുഷൻമാരുടെ 50 മീറ്റർ റൈഫിൾ ത്രീ പൊസിഷൻ സ്വപ്നിൽ കുസാലെ
രാവിലെ 11. പുരുഷൻമാരുടെ 20 കി.മീറ്റർ റേസ് വാക്
12.50 വനിതാ വിഭാഗം 20 കി.മീറ്റർ റേസ് വാക്
12. ബാഡ്മിന്റൺ വനിതാ സിംഗിൾസ് പ്രീക്വാർട്ടർ

# ഹോക്കിയിൽ ഇന്ത്യക്കിന്ന് കഠിന പരീക്ഷണം

പാരീസ്: ആദ്യമൽസരത്തിൽ ന്യൂസിലൻഡിനെതിരെ 3-2 വിജയം. രണ്ടാം മൽസരത്തിൽ അർജന്റീനക്കെതിരെ 1-1 സമനില. മൂന്നാം മൽസരത്തിൽ അയർലൻഡിനെതിരെ 2-0 വിജയം. ഒളിംപിക്സ് പുരുഷ ഹോക്കിയിൽ ഇന്ത്യ ഇത് വരെ വെല്ലുവിളി നേരിട്ടിട്ടില്ല.

പക്ഷേ ഇന്ന് ഗ്രൂപ്പിലെ നാലാം മൽസരം വെല്ലുവിളിയാണ്. പ്രതിയോഗികൾ മൂന്ന് വർഷം മുമ്പ് ടോക്കിയോവിൽ നടന്ന ഒളിംപിക്സിൽ സ്വർണം സ്വന്തമാക്കിയ ബെൽജിയം. പൂൾ ബിയിൽ കഴിഞ്ഞ ദിവസം നടന്ന മൽസരത്തിൽ കരുത്തരായ ഓസ്ട്രേലിയക്കാരുടെ വലയിൽ ആറ് ഗോളുകൾ അടിച്ചു കയറ്റിയവരാണ് ബെൽജിയം. നിലവിൽ ഗ്രൂപ്പിൽ ഒന്നാം സ്ഥാനക്കാർ. കളിച്ച മൂന്ന് മൽസരങ്ങളിലും ഏകപക്ഷിയ വിജയം സ്വന്തമാക്കി 09 പോയൻറുമായി കരുത്ത് തെളിയിച്ച് നിൽക്കുന്നവർ. ഇന്ത്യ കളിച്ച മൂന്ന് മൽസരങ്ങളിൽ നിന്നായി ഏഴ് പോയൻറുമായി രണ്ടാമത്. ഗ്രൂപ്പിലെ ആദ്യ നാല് സ്ഥാനക്കാർക്ക് ക്വാർട്ടർ ബെർത്ത് ഉണ്ടെന്നിരിക്കെ ഹർമൻപ്രീതിനും സംഘത്തിനും പേടിക്കാനില്ല. പക്ഷേ ഗ്രൂപ്പിൽ ആദ്യ സ്ഥാനങ്ങളിൽ വരാത്തപക്ഷം ക്വാർട്ടർ കാഠിന്യമേറിയതാവും. ഓസ്ട്രേലിയ (6), അർജന്റീന (4) എന്നിവരാണ് പൂൾ ബിയിൽ മൂന്നും നാലും സ്ഥാനത്തുള്ളത്. കീവിസിനും അയർലൻഡിനും ഇത് വരെ വിജയങ്ങളില്ല. പൂൾ എയിൽ നെതർലൻഡ്സ് (7), ജർമനി (6), ബ്രിട്ടൻ (5), സ്പെയിൻ (4) എന്നിവരാണ് ആദ്യ നാല് സ്ഥാനങ്ങളിൽ. ദക്ഷിണാഫ്രിക്ക (1), ആതിഥേയരായ ഫ്രാൻസ് (1) എന്നിവർ പുറത്തേക്കുള്ള വഴിയിലാണ്.



കഴിഞ്ഞ മൂന്ന് മൽസരങ്ങളിലെ ഇന്ത്യൻ പ്രശ്നം പെനാൽറ്റി കോർണറുകൾ എളുപ്പം വഴങ്ങുന്നതും,പെനാൽറ്റി കോർണറുകൾ ഉപയോഗപ്പെടുത്താൻ കഴിയാത്തതുമാണ്. കിവീസിനെതിരായ ആദ്യ മൽസരത്തിൽ തുടക്കത്തിൽ തന്നെ ഇന്ത്യ പിറകിൽ പോവാൻ കാരണം വെറുതെ വഴങ്ങിയ പെനാൽട്ടി കോർണറായിരുന്നു.

പിന്നിട് മൽസരം ജയിക്കാൻ അവസാന മിനിറ്റിലെ പെനാൽറ്റി സ്ട്രോക്ക് വേണ്ടി വന്നു. അർജന്റീനക്കെതിരായ മൽസരത്തിലും ഇത് തന്നെയായിരുന്നു അവസ്ഥ. അവസാനത്തിൽ ലഭിച്ച പെനാൽറ്റി കോർണറാണ് സമനിലയായത്. ഇന്ത്യയുടെ പെനാൽറ്റി കോർണർ വിദഗ്ധൻ നായകൻ ഹർമൻ പ്രീതാണ്. അദ്ദേഹത്തെ പ്രതിരോധിക്കാനുള്ള തന്ത്രങ്ങൾ മറുഭാഗത്തിനുണ്ട്.

മുന്ന് കളികളിലായി ലഭിച്ച പെനാൽട്ടി കോർണറുകളുടെ എണ്ണം 17 ആണെങ്കിൽ ഗോളായവ അഞ്ച് മാത്രമാണ്. ഫീൽഡ് ഗോളുകളും കുറവാണ്. ടോക്കിയോവിൽ സ്വന്തമാക്കിയ മെഡൽ നിലനിർത്താൻ ഇന്ത്യക്ക് ബെൽജിയം, ഓസ്ട്രേലിയ എന്നിവർക്കെതിരെ കരുത്ത് പ്രകടിപ്പിക്കേണ്ടി വരും.

# റോളണ്ട് ഗാരോസ് എന്ന ചരിത്ര ഭൂമി




കമാൽ വരദൂർ

ഈ ഡയറിക്കുറിപ്പെഴുതുന്നത് ചരിത്ര പ്രസിദ്ധമായ റോളണ്ട് ഗാരോസിലെ കോർട്ട് ഫിലിപ്പ് ചാട്ട്ലർ മൈതാനത്ത് നിന്നാണ്. ലോക ഒന്നാം നമ്പർ താരമായ നോവാക് ദ്യോകോവിച്ച് എന്ന സെർബുകാരൻ സിംഗിൾസ് കളിക്കുകയാണ്. ടെന്നിസ് എന്ന ഗെയിമിനെ അറിയാൻ തുടങ്ങിയ കാലം മുതൽ പരിചിതമാണ് പാരീസും ഫ്രഞ്ച് ഓപ്പണും റോളണ്ട് ഗാരോസും. ലോക ടെന്നിസിൽ ആകെ നാല് ഗ്രാൻഡ്സ്ലാമുകളാണ്.

ജനുവരിയിൽ മെൽബണിൽ ഓസ്ട്രേലിയൻ ഓപ്പണിൽ തുടക്കം. ജൂണിൽ പാരീസിൽ ഫ്രഞ്ച് ഓപ്പൺ. ജൂലൈയിൽ ലണ്ടനിൽ വിംബിൾഡൺ, ഒടുവിൽ ന്യൂയോർക്കിൽ യു.എസ് ഓപ്പൺ. ഇതിൽ ഫ്രഞ്ച് ഓപ്പണിനുള്ള സവിശേഷത മറ്റ് ഗ്രാൻഡ്സ്ലാമുകൾ പുൽതകിടിയിൽ നടക്കുമ്പോൾ ഫ്രഞ്ച് ഓപ്പൺ കളിമൺ കോർട്ടിലാണ്. ഗ്രാസിൽ മികവ് പുലർത്തുന്നവർക്ക് ക്ലേ പ്രശ്നമാവാറുണ്ട്. റഫേൽ നദാൽ എന്ന സ്പാനിഷ് താരമാണ് വർത്തമാനകാല പുരുഷ ടെന്നിസ് താരങ്ങളിൽ കളിമൺ കോർട്ടിലെ മുടിചൂടാമന്നൻ. അദ്ദേഹവും നിലവിലെ ലോക ഒന്നാം നമ്പർ പുരുഷതാരം കാർലോസ് അൽകാറസും ഒളിംപിക്സ് പുരുഷ ഡബിൾസിൽ സ്പെയിനിന് വേണ്ടി ഒരുമിച്ച് കളിക്കുന്നത് കാണാൻ കഴിഞ്ഞ ദിവസം ഭാഗ്യമുണ്ടായിരുന്നു.

ഫ്രഞ്ചുകാർക്ക് ഇഷ്ടപ്പെട്ട കായിക വിനോദം ഫുട്ബോളാണ്. അത് കഴിഞ്ഞാൽ റഗ്ബി, പിന്നെ ഹാൻഡ്ബോൾ. ജനപ്രീതിയിൽ നാലാം സ്ഥാനമാണ് ടെന്നിസിന്. പക്ഷേ ടെന്നിസ് കാണികളാണ് അച്ചടക്കത്തിലും മാന്യതയിലും ഒന്നാമന്മാർ. ലണ്ടനിലെ ലോർഡ്സിൽ ക്രിക്കറ്റ് കാണുന്ന ഇംഗ്ലീഷുകാരെക്കുറിച്ച് പറയാറുള്ളത് അവരാണ് തറവാടികൾ എന്നാണ്. ഇംഗ്ലീഷ് ബാറ്റർ ബൗണ്ടറി അടിച്ചാലും എതിർ നിരയിലെ കളിക്കാരൻ പന്തിനെ അതിർത്തി കടത്തിയാലും ഇംഗ്ലീഷ് കാണികൾ കൈയ്യടിക്കും. അതിനെ ഗ്യാലറിയിലെ ജെന്റിൽമാനിസം എന്ന് വിശേഷിപ്പിക്കുന്നത് പോലെയാണ് റോളണ്ട് ഗാരോസിലെ ഫ്രഞ്ച് കാണികൾ. നല്ല സർവ്വിന്, റിട്ടേണിന്, ഫോർഹാൻഡ് റിട്ടേണിന്, ലോംഗ് റാലികൾക്ക് അവർ നിരന്തരം കൈയ്യടിക്കുന്നു. പൊരിവെയിലിലാണ് മൽസരങ്ങൾ. ഫ്രഞ്ചുകാർക്ക് വെയിലിനെ ഇഷ്ടമാണ്. കാഠിന്യം കുറവാണ് വെയിലിന്. കുടുംബ സമേതമാണ് ഭൂരിപക്ഷവും കളി കാണാൻ വരുക. കൈവശം അത്യാവശ്യ ഭക്ഷണ സാധനങ്ങൾ, പിന്നെ മാന്യമായ ആസ്വാദനമാണ്. ഭക്ഷണ പദാർത്ഥങ്ങളുടെ ഒരവശിഷ്ടവും പുറത്തേക്ക് വലിച്ചെറിയില്ല. ചോക്ലേറ്റ് റാപ്പർ പോലും സ്വന്തം ബാഗിലേക്ക് മാറ്റും. യൂജിൻ അഡ്രിയാൻ റോളണ്ട് ജോർജ് ഗാരോസ് എന്ന ഫ്രഞ്ച് വ്യോമയാന വിദഗ്ദ്ധന്റെ സ്മരണക്കായാണ് ഇരുപതിലധികം കളിമുറ്റങ്ങളുള്ള വിശാല ടെന്നിസ് വേദിക്ക് ആ പേര് നൽകിയത്. ആധുനിക ഫ്രഞ്ച് ചരിത്രത്തിൽ വലിയ സ്ഥാനമുണ്ട് അദ്ദേഹത്തിന്. 1913 ൽ ആദ്യമായി മെഡിറ്ററേനിയൻ കടലിന് മുകളിലൂടെ ആദ്യമായി വിമാനം പറത്തിയത് ഗാരോസായിരുന്നു. ഒന്നാം ലോക യുദ്ധ വേളയിൽ അദ്ദേഹം ഫ്രഞ്ച് സൈന്യത്തിൽ ചേർന്നു. 1918 ൽ യുദ്ധവേളയിൽ അദ്ദേഹം കൊല്ലപ്പെടുകയായിരുന്നു. തുടർന്നാണ് ഫ്രഞ്ച് ഓപ്പൺ വേദിക്ക് അദ്ദേഹത്തിന്റെ പേര് നൽകിയത്. ഫ്രഞ്ച് ഓപ്പൺ മൽസരങ്ങളുടെ ചരിത്രത്തിന് 133 വർഷത്തെ ചരിത്രമുണ്ട്. 1891 മുതലാണ് ഫ്രഞ്ച് ഓപ്പൺ ആരംഭിക്കുന്നത്. റഫേൽ നദാൽ എന്ന സ്പാനിഷ് സൂപ്പർ താരത്തിനാണ് കളിമൺ കോർട്ടിൽ നിറഞ്ഞ ആരാധകർ.



റൊളണ്ട് ഗാരോസ്

14 തവണയാണ് അദ്ദേഹം ഇവിടെ സിംഗിൾസ് ചാമ്പ്യനായത്. ലോക വനിതാ ടെന്നിസിലെ ഇതിഹാസങ്ങളായ ക്രിസ് എവർട്ടും മാർട്ടിന നവരത്‌ലോവയുമെല്ലാം അരങ്ങ് തകർത്ത വേദിയെ സാക്ഷിയാക്കി ഈ കുറിപ്പ് അവസാനിപ്പിക്കുമ്പോൾ അഭിമാനമാണ് തോന്നുന്നത്. 90 വർഷത്തെ മഹത്തായ പാരമ്പര്യമുള്ള മലയാള പത്രത്തിലേക്കുള്ള വരികൾ പിറവിയെടുക്കുന്നത് കായിക ലോകത്തെ മഹത്തായ വേദിയിൽ നിന്നാണല്ലോ....!!

**സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ**
അംഗീകൃത ഏജൻസിയായ അൽഹിന്ദ് കൂടെയുണ്ട്
- HRD/Home Attestation
- MEA Attestation
- Apostille Attestation
- All Embassy Attestation

alhind ATTESTATION
+91 9496 06 8888 www.alhindattestation.com

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ആഗസ്റ്റ് 01 വ്യാഴം
ഗൾഫ് ചന്ദ്രിക

## 'മുലപ്പാൽ ആവശ്യമുണ്ടെങ്കിൽ വിളിക്കണം' ഹൃദയത്തിൽ തൊടുന്ന വാക്കുകളുമായി പൊതുപ്രവർത്തകൻ

കൽപ്പറ്റ: 'ചെറിയ കുട്ടികൾക്ക് മുലപ്പാൽ ആവശ്യമുണ്ടെങ്കിൽ അറിയിക്കണേ.. എന്റെ വൈഫ് റെഡിയാണ്'... മനസ് മരവിക്കുന്ന മരണക്കാഴ്ചകളുടെ ദുരന്തഭൂമിയിൽ സേവനസന്നദ്ധത കൊണ്ട് ഹൃദയം കീഴടക്കുന്നവരേറെയാണ്. ഭക്ഷണവും അവശ്യവസ്തുക്കളും സഹായഹസ്തങ്ങളുമായി വിവിധ സംഘടനകളുടെ ബാനറിലും അല്ലാതെയും നൂറുകണക്കിന് മനുഷ്യരാണ് ദുരന്തഭൂമിയിൽ നിറയെ. അവർക്കിടയിൽ വേറിട്ടൊരു വാഗ്ദാനവുമായെത്തിയ പൊതുപ്രവർത്തകന്റെ കുറിപ്പ് സോഷ്യൽമീഡിയ കീഴടക്കുകയാണ്. വയനാട് ജില്ലയിലെ മുസ്‌ലിംലീഗ് പ്രവർത്തകരുടെ ഗ്രൂപ്പിലാണ് യൂത്ത് ലീഗ് പ്രവർത്തകന്റെ കുറിപ്പ്. ദുരന്തഭൂമിയിലകപ്പെട്ടവരെ സ്വന്തമായി കരുതുന്നവരുള്ളിടത്തോളം കാലം നമ്മൾ തോറ്റുപോകില്ലെന്നാണ് ഈ കുറിപ്പിന് സോഷ്യൽ മീഡിയ നൽകുന്ന മറുപടി.

## തീവ്രമഴക്ക് സാധ്യതയില്ലെന്ന് കാലാവസ്ഥാകേന്ദ്രം

കോഴിക്കോട്: അഞ്ച് ദിവസത്തേക്ക് ശക്തമായ മഴയുണ്ടാകുമെന്ന് പ്രചാരണങ്ങൾക്ക് അടിസ്ഥാനമില്ലെന്ന് കാലാവസ്ഥാകേന്ദ്രം. വടക്കൻ കേരളത്തിൽ ഒറ്റപ്പെട്ട മഴ ഇടവേളകളോടെ തുടരും. സമൂഹമാധ്യമങ്ങളിലും മറ്റും ഇനിയുള്ള അഞ്ചുദിവസം തീവ്രമഴ തുടരും എന്ന റിപ്പോർട്ടുകൾ പ്രചരിച്ചിരുന്നു. കേന്ദ്ര കാലാവസ്ഥാ വകുപ്പും സ്വകാര്യ കാലാവസ്ഥ ഏജൻസികളും ഇത്തരത്തിൽ ഒരു മുന്നറിയിപ്പ് നൽകിയിട്ടില്ല. മലപ്പുറം, വയനാട്, കണ്ണൂർ, കാസർകോട്, കോഴിക്കോട് ജില്ലകളിലാണ് ഇന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചത്. ഒരു ജില്ലയിലും നിലവിൽ റെഡ് അലർട്ട് ഇല്ല. നാളെ 2 ജില്ലകളിലാണ് ഓറഞ്ച് അലർട്ട് ഉള്ളത്. അഞ്ചുദിവസം തീവ്രമായ മഴ ഉണ്ടെങ്കിൽ അഞ്ചു ദിവസവും റെഡ് പ്രഖ്യാപിക്കും. ഏതോ തെറ്റായ സോഴ്സിൽ നിന്ന് ലഭിച്ച വിവരമായിരിക്കാം മാധ്യമങ്ങൾ ഉൾപ്പെടെ ഷെയർ ചെയ്യുന്നത്.കേരളതീരത്ത് മഴക്ക് അനുകൂലമായി തുടരുന്നത് ന്യൂനമർദ്ദ പാത്തി മാത്രമാണ്. ഇതിനാൽ വടക്കൻ കേരളത്തിൽ ഇടവിട്ട മഴ തുടരും. കേരളത്തിൽ കാറ്റ് കുറഞ്ഞിട്ടുണ്ടാകും.

### കേരള വാർത്തകൾ



ഉരുൾപൊട്ടൽ ദുരന്തമുണ്ടായ സ്ഥലത്തുനിന്നും രക്ഷപ്പെടുത്തിയ കുട്ടിയെ തോളിലേറ്റി സുരക്ഷിത സ്ഥാനത്തേക്ക് കൊണ്ടുപോകുന്നു
സി.കെ. തൻസീർ



ദുരന്തഭൂമിയിൽ രക്ഷാപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു



അട്ടമല എസ്റ്റേറ്റിലെ അതിഥി തൊഴിലാളികളെ സൈന്യം സുരക്ഷിത സ്ഥാനത്തെത്തിക്കുന്നു

# ചാലിയാറിൽ നിന്നു ലഭിച്ചത് 127 മൃതദേഹങ്ങൾ

സി. ജമാൽ
നിലമ്പൂർ

വയനാട് മുണ്ടക്കൈ ഉരുൾപൊട്ടലിനെ തുടർന്ന് മലപ്പുറം ജില്ലയിലെ ചാലിയാർ പുഴയിൽ നിന്നും കണ്ടെടുത്ത മൃതദേഹങ്ങളുടെ എണ്ണം 127 ആയി. ഇന്നലെ മാത്രം ശരീരാവശിഷ്ടങ്ങൾ ഉൾപ്പടെ 70 മൃതദേഹങ്ങളാണ് കണ്ടെടുത്തത്. 28 പുരുഷൻമാരും 21 സ്ത്രീകളും 2 ആൺകുട്ടികളും പുരുഷനോ, സ്ത്രീയോ എന്ന് തിരിച്ചറിയാൻ കഴിയാത്ത ഒരാളുടെയും 75 ശരീരാവശിഷ്ടങ്ങളുമാണ് ഇതുവരെ ലഭിച്ചത്. എല്ലാ മൃതദേഹങ്ങളും നിലമ്പൂർ ജില്ലാ ആശുപത്രിയിലെത്തിച്ചാണ് നടപടികൾ പൂർത്തീകരിക്കുന്നത്. ഇതിൽ ഇൻക്വസ്റ്റും പോസ്റ്റ്മോർട്ടവും പൂർത്തിയാക്കിയ മൃതദേഹങ്ങളിൽ പൂർണ ശരീരമുള്ളവ വയനാട് മേപ്പാടി സാമൂഹ്യാരോഗ്യ കേന്ദ്രത്തിലേക്കും ശരീരാവശിഷ്ടങ്ങൾ വൈത്തിരി മെഡിക്കൽ കോളജിലേക്കും മാറ്റി.

തിരിച്ചറിഞ്ഞ മൂന്ന് മൃതദേഹങ്ങൾ ബന്ധുക്കൾക്ക് വിട്ടുനൽകി. തലശ്ശേരി, മൊറയൂർ, മുണ്ടക്കൈ സ്വദേശികളുടേതാണ് വിട്ടുനൽകിയ മൂന്ന് മൃതദേഹങ്ങൾ. ഇന്നലെ 11 മണിയോടെയാണ് മൃതദേഹങ്ങൾ വയനാട്ടിലേക്ക് കൊണ്ടുപോകുവാൻ തീരുമാനമായത്. ബന്ധുക്കളെല്ലാം മേപ്പാടിയിലാണുള്ളത്. മൃതദേഹങ്ങൾ ഉടനെ മേപ്പാടിയിലെത്തിക്കണമെന്നും തിരിച്ചറിയാൻ ബന്ധുക്കളെ കാണിക്കണമെന്നും ചൊവ്വാഴ്ച രാത്രിതന്നെ വയനാട് ജില്ലാ ഭരണകൂടത്തിന്റെ നിർദേശമുണ്ടായിരുന്നു. തുടർന്ന് മലപ്പുറം ജില്ലാ ഡെപ്യൂട്ടി കലക്ടറുടെയും ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഇസ്മായിൽ മൂത്തേടത്തിന്റെയും ഡി.എം.ഒ ഡോ.രേണുക ഡിവൈ.എസ്.പിമാർ അടക്കമുള്ള ഉന്നത ഉദ്യോഗസ്ഥരും യോഗം ചേർന്നാണ് ഫ്രീസർ സംവിധാനം ഒരുക്കി ആംബുലൻസിൽ നാടുകാണി വഴി കൊണ്ടുപോകുവാൻ തീരുമാനിച്ചത്. സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നുമെത്തിയ ആംബുലൻസുകളിൽ ഉച്ചക്ക് 2 മണിക്ക് ആദ്യ 10 ആംബുലൻസുകൾ പൊലീസ് അകമ്പടിയോടെ പുറപ്പെട്ടു. രണ്ട് സന്നദ്ധ സംഘടനാ പ്രവർത്തകരും പൊലീസും ആംബുലൻസിനെ അനുഗമിച്ചു. 10 ആംബുലൻസുകൾക്ക് ഒരു സി.ഐയുടെ നേതൃത്വത്തിൽ പൊലീസ് സംവിധാനമൊരുക്കിയാണ് മരണപ്പെട്ടവരെ സ്വന്തം മണ്ണിലേക്ക് തിരിച്ചുകൊണ്ടുപോയത്.

സമാനതകളില്ലാത്ത രക്ഷാ പ്രവർത്തനമായിരുന്നു ഇന്നലെയും ചാലിയാർ പുഴയുടെ വിവിധ കടവുകളിൽ നടത്തിയത്. അഴുകിയ നിലയിലായിരുന്നു മൃതദേഹങ്ങൾ. പലരുടെയും തലയോട്ടിയും മറ്റു ഭാഗങ്ങളും ചിന്നിച്ചിതറിയ നിലയിലാണ് ലഭിച്ചത്. തലയില്ലാത്ത ഉടലുകളും തലച്ചോറില്ലാത്ത തലയോട്ടിയും ഞെട്ടലുണ്ടാക്കുന്ന കാഴ്ചയായിരുന്നു. പുഴകളിൽ നിന്നും ലഭിക്കുന്ന മൃതദേഹങ്ങളും ശരീരാവശിഷ്ടങ്ങളും ലഭിച്ച ഉടൻ തന്നെ അതിവേഗതയിൽ നിലമ്പൂർ ജില്ലാ ആശുപത്രിയിലെത്തിക്കുവാൻ സംവിധാനം ഒരുക്കിയിരുന്നു. തൃശൂർ, മഞ്ചേരി മെഡിക്കൽ കോളജുകളിൽ നിന്നുള്ള ഫോറൻസിക് വിഭാഗവും പൊലീസിന്റെ വിരലടയാള വിദഗ്ധരും നിലമ്പൂരിലെത്തി. പോസ്റ്റ്മോർട്ടത്തിലും ഇൻക്വസ്റ്റിലും പങ്കെടുത്തു.

ഇന്നലെ രാവിലെ 6 മണിയോടെയാണ് രണ്ടാംദിനം ചാലിയാറിന്റെ വിവിധ കടവുകളിൽ തിരച്ചിൽ തുടങ്ങിയത്. അഗ്നിരക്ഷാ സേന, എൻ.ഡി.ആർ.എഫ്, ട്രോമാ കെയർ, വിവിധ സന്നദ്ധ സംഘടനാ പ്രവർത്തകർ, പോത്തുകൽ, മുണ്ടേരി, മരുത പ്രദേശങ്ങളിലെ നാട്ടുകാർ എന്നിവരാണ് തിരച്ചിൽ നടത്തിയത്.

മുണ്ടേരി കൃഷിത്തോട്ടത്തിന് സമീപം മുതൽ മേപ്പാടിവരെ വനമേഖലയും സ്വകാര്യ എസ്റ്റേറ്റുകളുമാണ്. കാട്ടാനകളുടെ സാന്നിധ്യം രൂക്ഷമായ പുഴയോരത്തിലൂടെയാണ് രക്ഷാ പ്രവർത്തകർ തിരച്ചിൽ നടത്തിയത്. പ്രദേശത്ത് മഴ തുടരുന്നതിനാൽ ചാലിയാർ പുഴയിലെ ജലവിതാനം ഉയർന്നു തന്നെ നിൽക്കുകയാണ്.

കൂടുതൽ മൃതദേഹങ്ങൾ ലഭിച്ചത് പോത്തുകൽ, മുണ്ടേരി ഫാം മേഖലകളിൽ നിന്നാണ്. മമ്പാട് ഓടായിക്കൽ കംബ്രിഡ്ജിൽ നിന്നും രണ്ട് മൃതദേഹങ്ങൾ രാവിലെ ലഭിച്ചു. നിലമ്പൂർ ടൗണിന് സമീപത്തുള്ള കോവിലകത്തുമുറി പാറക്കെട്ട് കടവിൽ നിന്നും ഒരു സ്ത്രീയുടെ തലയില്ലാത്ത മൃതദേഹം ലഭിച്ചു. ചാലിയാർ പുഴ കടന്നുപോകുന്ന വനമേഖലയിൽ ഡ്രോൺ ഉപയോഗിച്ച് തിരച്ചിൽ നടത്തുമെന്ന് മലപ്പുറം ജില്ലാ പൊലീസ് മേധാവി കഴിഞ്ഞ ദിവസം പറഞ്ഞിരുന്നുവെങ്കിലും അത്തരത്തിൽ ഒരു നീക്കവും ഇന്നലെയുണ്ടായില്ല. മുണ്ടേരിയിൽ നിന്നും സൂചിപ്പാറ വെള്ളച്ചാട്ടംവരെ മിക്ക പ്രദേശങ്ങളും നിബിഡമായ വനമേഖലയാണ്. ഇവിടെ തിരച്ചിൽ നടത്തുകയെന്നത് ഏറെ വെല്ലുവിളി നിറഞ്ഞതുമാണ്. വനപാലകരുടെയും പ്രദേശവാസികളുടെയും ആദിവാസികളുടെയും സഹായത്തോടെയാണ് ഈ ഭാഗങ്ങളിൽ തിരച്ചിൽ നടക്കുന്നത്. തിരച്ചിൽ ഇന്നും തുടരും.

## പാർലമെന്റിൽ ഉന്നയിച്ച് ഇ.ടി

ന്യൂഡൽഹി: രാജ്യം കണ്ടെതിൽ ഏറ്റവും വലിയ ദുരന്തങ്ങളിൽ ഒന്നാണ് വയനാട് ഉണ്ടായതെന്നും ഉരുളപൊട്ടലിൽ കാണാതായവരെ കണ്ടെത്തുന്നതിനു കൂടുതൽ സംവിധാനം ഒരുക്കണമെന്നും ദുരന്തത്തിൽ ഇരയായവർക്ക് സാമ്പത്തിക സഹായം ഉൾപ്പെടെ നൽകണമെന്നും മുസ്‌ലിം ലീഗ് പാർലമെന്ററി പാർട്ടി ലീഡറും ദേശീയ ഓർഗനൈസിംഗ് സെക്രട്ടറിയുമായ ഇ. ടി മുഹമ്മദ് ബഷീർ എംപി പാർലമെന്റിൽ പറഞ്ഞു. ശക്തമായ മഴയെ തുടർന്ന് ഉണ്ടായ ഉരുൾപൊട്ടലിൽ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങൾ ഇല്ലാതായി.

നൂറുകണക്കിന് ആളുകൾ മരണപ്പെട്ടു, നൂറോളം ആളുകളെ ഇനിയും കണ്ടെത്താനുണ്ട്, നിരവധി വീടുകളും സ്ഥാപനങ്ങളും നശിച്ചു. ആളുകളെ കണ്ടെത്താനുള്ള ശ്രമങ്ങൾ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. സർക്കാർ സംവിധാനങ്ങളും, സന്നദ്ധ പ്രവർത്തകരും നാട്ടുകാരും ഒരുമിച്ചു രക്ഷപ്രവർത്തങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. ഇരുന്നൂറിലേറെ പേർ ഇതിനകം മരണപ്പെട്ടു എന്നു പറയുന്നു. എത്ര പേർ മണ്ണിനടിയിൽ ഉണ്ടെന്ന് ആർക്കും പറയാൻ കഴിയാത്ത ഒരു അവസ്ഥ വിശേഷമാണ് അവിടെ ഉള്ളത്. അവരെ കണ്ടെത്തണം. അതിനായി കേന്ദ്ര, സംസ്ഥാന സർക്കാറുകൾ ഊർജിത പ്രവർത്തനം നടത്തണം. രാജ്യം ശാസ്ത്രീയമായി എത്ര മുന്നോട്ട് പോയി എന്ന് പറഞ്ഞാലും ഇതുപോലുള്ള മഹാദുരന്തങ്ങളെ മുൻകൂട്ടി മനസ്സിലാക്കാൻ സാധിക്കാത്തത് വലിയ പോരായ്മ തന്നെയാണ്. എത്രയെത്ര മനുഷ്യരാണ് ഇപ്പോഴും മണ്ണിനടയിൽ കുടുങ്ങിക്കിടക്കുന്നത്. വയനാടിന് അടിയന്തരമായി കേന്ദ്ര ധനസഹായം ലഭ്യമാക്കണമെന്നും അപകട മുന്നറിയിപ്പ് സംവിധാനങ്ങൾ കാര്യക്ഷമമാക്കണമെന്നും ഇ.ടി പാർലമെന്റിൽ ചൂണ്ടികാട്ടി.

## പുനരധിവാസ പദ്ധതി വിജയിപ്പിക്കുക: പി.എം.എ സലാം

കോഴിക്കോട്: ദുരന്തത്തിനിരയായ വയനാട്ടിലെ സഹോദരങ്ങളെ സഹായിക്കുന്നതിന് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ആഹ്വാനം ചെയ്ത പുനരധിവാസ പദ്ധതി വിജയിപ്പിക്കാൻ മുസ്‌ലിംലീഗിന്റെയും പോഷക ഘടകങ്ങളുടെയും നേതാക്കളും പ്രവർത്തകരും രംഗത്ത് വരണമെന്ന് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി.എം.എ സലാം അഭ്യർത്ഥിച്ചു. മുസ്‌ലിംലീഗ് സംസ്ഥാന നേതൃത്വത്തിന്റെ മേൽനോട്ടത്തിൽ രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളും നടന്നുവരികയാണ്. പാർട്ടി പ്രഖ്യാപിച്ച പുനരധിവാസ പദ്ധതി വിജയിപ്പിക്കുന്നതിന് ഓരോ ഘടകങ്ങളും പ്രാധാന്യം നൽകണം. കെ.എം.സി.സികൾ ഉൾപ്പെടെ പോഷക ഘടകങ്ങൾ പാർട്ടി അക്കൗണ്ടിലേക്കാണ് തുക അയയ്ക്കേണ്ടത്. ജില്ലാ കമ്മിറ്റികൾ കീഴ്ഘടകങ്ങളുമായി ബന്ധപ്പെട്ട് ഇത് സംബന്ധിച്ച കാര്യങ്ങൾ ക്രോഡീകരിക്കണം. പാർട്ടിയുടെ ദുരിതാശ്വാസ നിധിയായ പഞ്ചാബ് നാഷണൽ ബാങ്കിന്റെ അക്കൗണ്ടിലേക്ക് അതാത് കമ്മിറ്റികൾ ശേഖരിച്ച തുക അയയ്ക്കുകയും leaguehouse@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയച്ച തുകയുടെ വിവരങ്ങൾ സംസ്ഥാന കമ്മിറ്റിയെ അറിയിക്കുകയും വേണം. എല്ലാ പുനരധിവാസ പ്രവർത്തനങ്ങളും ഒരു കുടക്കീഴിലാക്കി പരമാവധി ആളുകൾക്ക് പ്രയോജനപ്പെടുത്തണമെന്നാണ് പാർട്ടി ആഗ്രഹിക്കുന്നതെന്നും പി.എം.എ സലാം പറഞ്ഞു.

## ബെയിലി പാലം നിർമാണ ഉപകരണങ്ങളുമായി വിമാനം

മട്ടന്നൂർ: വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ രക്ഷാപ്രവർത്തനത്തിനായി ബെയിലി പാലം നിർമാണത്തിനുള്ള ഭാഗങ്ങളും ഉപകരണങ്ങളുമായി വിമാനം എത്തി. ഡൽഹിയിൽ നിന്ന് ഇന്ത്യൻ വ്യോമസേനയുടെ വിമാനം ഇന്നലെ രാവിലെ 11.50 ഓടെയാണ് കണ്ണൂർ വിമാനത്താവളത്തിൽ എത്തിയത്.കണ്ണൂർ ഡിഎസ്‌സിയിലെ ക്യാപ്റ്റൻ പുരൻ സിംഗ് നഥാവതിന്റെ നേതൃത്വത്തിലാണ് പ്രവർത്തനം ഏകോപിപ്പിച്ചത്. നിർമാണത്തിനുള്ള ഭാഗങ്ങളും ഉപകരണങ്ങളും വയനാട് എത്തിക്കുന്നതിന് 17ചരക്ക് ലോറികൾ വിമാനത്താവളത്തിലെത്തിച്ചിരുന്നു. ലോറികൾ സിഐഎസ്എഫിന്റെയും ഡോഗ് സ്ക്വാഡിന്റെയും പരിശോധനക്ക് ശേഷമാണ് വിമാനത്താവളത്തിലേക്ക് കടത്തിവിട്ടത്.

## കർണാടക സ്വദേശികളുടെ കുടുംബങ്ങൾക്ക് ധനസഹായം

ബെംഗളൂരു: വയനാട് ഉരുൾപൊട്ടലിൽ മരിച്ച കർണാടക സ്വദേശികളുടെ കുടുംബങ്ങൾക്ക് സഹായം പ്രഖ്യാപിച്ച് കർണാടക സർക്കാർ. മരിച്ചവരുടെ കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം രൂപ വീതം നൽകുമെന്ന് മുഖ്യമന്ത്രി സിദ്ധരാമയ്യ അറിയിച്ചു. ഇതുവരെ ലഭിച്ച വിവരമനുസരിച്ച് ആറു കർണാടക സ്വദേശികളാണ് ദുരന്തത്തിൽ മരിച്ചതെന്നും അദ്ദേഹം പറഞ്ഞു. കോർപ്പറേറ്റ് കമ്പനികളടക്കം കർണാടകയിലെ കമ്പനികളോട് കേരളത്തിന് വേണ്ടി സർക്കാർ സഹായം തേടിയിട്ടുണ്ട്.

## തലശ്ശേരി സ്വദേശിയുടെ മൃതദേഹം സംസ്കരിച്ചു; ഭാര്യക്കായി തെരച്ചിൽ തുടരുന്നു



തലശ്ശേരി: വയനാട്ടിൽ ഉരുൾപൊട്ടലിൻ മരിച്ച തലശ്ശേരി ചേറ്റംകുന്ന്സ്വദേശിയും വയനാട്ടിൽ താമസക്കാരനുമായ പാർത്ഥന്റെ (75) മൃതദേഹം പോസ്റ്റ്മോർട്ടത്തിന് ശേഷം സംസ്കരിച്ചു. ഭാര്യ:നന്ദന(68)യെ കാണാതായിട്ടുണ്ട്. ഇവർക്കായി തെരച്ചിൽ തുടരുകയാണ്. കഴിഞ്ഞദിവസം പുലർച്ചെയുണ്ടായ ഉരുൾപ്പൊട്ടലിൽ ഇവരുടെ വീടടക്കം അപകടത്തിൽപ്പെടുകയായിരുന്നു. ഇന്നലെ രാവിലെയാണ് പാർത്ഥന്റെ മൃതദേഹം ദുരിതാശ്വാസ പ്രവർത്തകർ കണ്ടെത്തിയത്. നന്ദനയെ ഇനിയും കണ്ടെത്താനായിട്ടില്ല. പോസ്റ്റ്മോർട്ടത്തിന് ശേഷം ഇന്നലെ വൈകിട്ട് 3.45 ഓടെയാണ് മൃതദേഹം ചേറ്റംകുന്നിലെ തറവാട്ട് വിട്ടിലെത്തിച്ചത്. സമൂഹത്തിന്റെ നാനാതുറകളിലുള്ളവർ അന്തിമോപചാരമർപ്പിച്ചു. വളരെക്കാലമായി പാർത്ഥൻ കുടുംബസമേതം വയനാട്ടിലാണ് താമസം. അവിടെ സ്വന്തമായി എസ്റ്റേറ്റ് നടത്തിവരികയായിരുന്നു.മക്കൾ: ഹർഷ(എറണാകുളം), വൈഷ്ണ(കാനഡ).

## റെഡ് അലർട്ട് നൽകിയത് ദുരന്തം ഉണ്ടായശേഷം അമിത് ഷാക്ക് മുഖ്യമന്ത്രിയുടെ മറുപടി

തിരുവനന്തപുരം: വയനാട്ടിലുണ്ടായ ഉരുൾപൊട്ടലിന് കാരണക്കാർ കേരള സർക്കാരിന്റെ ജാഗ്രത കുറവാണെന്ന കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷായുടെ പാർലമെന്റിലെ പ്രസംഗത്തിന് മറുപടി നൽകി മുഖ്യമന്ത്രി പിണറായി വിജയൻ. കാലാവസ്ഥാ മുന്നറിയിപ്പ് നൽകിയിരുന്നെന്നും അതിനനുസരിച്ചുള്ള നടപടികൾ എടുക്കാൻ സംസ്ഥാന സർക്കാർ തയ്യാറായില്ലെന്നുമാണ് അമിത് ഷാ കുറ്റപ്പെടുത്തിയത്.

ഇതിനു മറുപടിയാണ് മുഖ്യമന്ത്രി വാർത്താ സമ്മേളനത്തിൽ നൽകിയത്. മുന്നറിയിപ്പ് കാലാവസ്ഥാ മുന്നറിയിപ്പാണ്. ആ കാലാവസ്ഥാ മുന്നറിയിപ്പ് എല്ലാകാലത്തും അതീവ ഗൗരവത്തോടെ പരിഗണിക്കപ്പെടാറുണ്ട് എന്നതാണ് വസ്തുത. പരസ്പരം പഴിചാരേണ്ട ഒരു സന്ദർഭമായി ഇതിനെ എടുക്കുന്നില്ല. വസ്തുതകൾ എല്ലാവർക്കും അറിയാവുന്നതാണ്. നിങ്ങൾക്ക് പ്രത്യേകിച്ചും. നിങ്ങളുടെ കൈയ്യിൽ തന്നെ അതിന്റെ റെക്കോഡുകൾ ഉണ്ടാവുമല്ലോ. അത് പരിശോധിച്ചാൽ മനസ്സിലാക്കാൻ പറ്റാവുന്നതേ ഉള്ളു. ദുരന്തം ഉണ്ടായ പ്രദേശങ്ങളിൽ ഓറഞ്ച് അലർട്ട് ആണ് ആ ഘട്ടത്തിൽ നിലനിന്നിരുന്നത്. 115 നും 204 മില്ലിമീറ്ററിനും ഇടയിൽ മഴ പെയ്യും എന്നായിരുന്നു കേന്ദ്ര കാലാവസ്ഥ കേന്ദ്രത്തിന്റെ മുന്നറിയിപ്പ്. എന്നാൽ എത്ര മഴയാണ് പെയ്തത്, ആദ്യത്തെ 24 മണിക്കൂറിനുള്ളിൽ 200 മില്ലി മീറ്ററും അടുത്ത 24 മണിക്കൂറിനുള്ളിൽ 372 മില്ലിമീറ്റർ മഴയാണ് ഈ പ്രദേശത്ത് ആകെ പെയ്തത്. 48 മണിക്കൂറിനുള്ളിൽ 572 മില്ലിമീറ്റർ മഴയാണ് ആകെ പെയ്തത്. മുന്നറിയിപ്പ് നല്കിയതിലും എത്രയോ അധികമായിരുന്നു അത്. ദുരന്തം ഉണ്ടാകുന്നതിന് മുമ്പ് ഒരുതവണ പോലും ആ പ്രദേശത്ത് റെഡ് അലർട്ട് നൽകിയിട്ടുണ്ടായിരുന്നില്ല. എന്നാൽ അപകടം ഉണ്ടായതിനുശേഷം രാവിലെ ആറുമണിയോടുകൂടിയാണ് റെഡ് അലർട്ട് ഈ പ്രദേശത്ത് മുന്നറിയിപ്പായി നൽകുന്നത്.

## ഇന്ന് സർവകക്ഷി യോഗം

തിരുവനന്തപുരം: വയനാട് ജില്ലയിൽ ഉരുൾപൊട്ടിയതുമായി ബന്ധപ്പെട്ട് ഇന്ന് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ സർവ്വകക്ഷിയോഗം ചേരും. വയനാട് കളക്ടറേറ്റിലെ എ.പി.ജെ ഹാളിൽ രാവിലെ 11.30ന് നടക്കുന്ന യോഗത്തിൽ വയനാട്ടിൽ ക്യാമ്പ് ചെയ്യുന്ന മന്ത്രിമാർ, ജില്ലയിലെ എം.എൽ.എമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, രാഷ്ട്രീയ പാർട്ടി നേതാക്കൾ എന്നിവർ പങ്കെടുക്കും. രാവിലെ 10.30ന് എപിജെ ഹാളിൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഉദ്യോഗസ്ഥരുടെ യോഗവും നടക്കും.

## മത സ്ഥാപനങ്ങൾ ഇല്ലാതാക്കുന്ന നടപടികളിൽ നിന്ന് ബി.ജെ.പി പിന്തിരിയണം: ഇ.ടി



ന്യൂഡൽഹി: ഉത്തർപ്രദേശ്, മധ്യപ്രദേശ് ഉൾപ്പെടെ ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങൾ മതപാഠശാലകളുടെ പദവിയും സ്വത്വവും തകർക്കാനുള്ള ശ്രമങ്ങളാണ് നടത്തുന്നതെന്നും സംസ്ഥാന സർക്കാറുകൾ അത്തരം നടപടികളിൽ നിന്ന് പിന്തിരിയാണമെന്നും മുസ്‌ലിം ലീഗ് പാർലമെന്ററി പാർട്ടി ലീഡറും ദേശീയ ഓർഗനൈസിങ് സെക്രട്ടറിയുമായ ഇ.ടി. മുഹമ്മദ് ബഷീർ എംപി പാർലമെന്റിൽ ആവശ്യപ്പെട്ടു. മദ്രസകളെ സംബന്ധിച്ച് ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിന്നുള്ള നിർദ്ദേശം തികച്ചും തെറ്റും നിയമവിരുദ്ധവും കമ്മീഷന്റെ പരിധിക്കപ്പുറവുമാണ്.

ഉത്തർപ്രദേശിലെ മദ്രസകളിൽ നടത്തിയ സർവേയിൽ അംഗീകാരമില്ലാത്ത മദ്രസകളിൽ നിന്ന് സർക്കാർ സ്കൂളുകളിലേക്ക് വിദ്യാർത്ഥികളെ മാറ്റാനുള്ള നിർദ്ദേശം നിയമവിരുദ്ധവുമാണ്. 8449 അംഗീകൃതമല്ലാത്ത മദ്രസകളിൽ ദാറുൽ ഉലൂം ദയൂബന്ദ് പോലെയുള്ള പ്രശസ്ത സ്ഥാപനങ്ങൾ ഉൾപ്പെടുന്നത് ഭയാനകമാണ്. വിദ്യാർത്ഥികളെ മാറ്റാൻ ജില്ലാ മജിസ്ട്രേറ്റുമാരുടെ മേലുള്ള സമ്മർദ്ദം, അമുസ്‌ലിം വിദ്യാർത്ഥികളെ പുറത്താക്കൽ, ആർ.ടി.ഇ നിയമത്തിന് അനുസൃതമായി മുസ്‌ലിം വിദ്യാർത്ഥികളെ നിർബന്ധിക്കുക എന്നിവയെ എതിർക്കും.അതുപോലെ, മദ്രസ വിദ്യാർത്ഥികൾ ദിവസവും സരസ്വതി വന്ദനം ചൊല്ലണമെന്ന മധ്യപ്രദേശ് സർക്കാരിന്റെ ഉത്തരവ് അവരുടെ അവകാശങ്ങളുടെ വ്യക്തമായ ലംഘനമാണ്. ന്യൂനപക്ഷങ്ങൾക്ക് ഭരണഘടനയുടെ ആർട്ടിക്കിൾ 30(1) പ്രകാരം സ്വന്തം വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാനും നിയന്ത്രിക്കാനും നടത്തുവാനുമുള്ള മൗലികാവകാശം ഉണ്ട്. മദ്രസകൾ ദശലക്ഷക്കണക്കിന് ആളുകൾക്ക് സൗജന്യ ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുകയും വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന മുസ്‌ലിം സമുദായത്തിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.ഇന്ത്യയുടെ സ്വാതന്ത്ര്യത്തിലും വികസനത്തിലും പ്രധാന പങ്ക് വഹിച്ചവരാണ് മുസ്‌ലിം സമുദായം. ഏകപക്ഷീയവും പൊടുന്നനെയുള്ളതുമായ ഈ നടപടി മദ്രസകളുടെ പ്രാചീനവും ചിട്ടയുമുള്ളതുമായ സമ്പ്രദായത്തെ തകർക്കാനും വിദ്യാഭ്യാസ നഷ്ടമുണ്ടാക്കാനുമുള്ള നിയമവിരുദ്ധമായ ശ്രമമാണെന്നും ഇ.ടി. പാർലമെന്റിൽ പറഞ്ഞു.

### തദ്ദേശ ഉപതിരഞ്ഞെടുപ്പിൽ യു.ഡി.എഫിന് ഉജ്ജ്വല വിജയം


## രണ്ട് പഞ്ചായത്തുകളുടെ ഭരണം പിടിച്ചെടുത്തു

തിരുവനന്തപുരം: സംസ്ഥാനത്ത് 49 തദ്ദേശ വാർഡുകളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ യു.ഡി.എഫിന് ഉജ്ജ്വല വിജയം. 23 സീറ്റുകളിലാണ് വിജയിച്ചത്. 19 ഇടങ്ങളിൽ യു.ഡി.എഫ് സ്ഥാനാർത്ഥികളും നാല് ഇടങ്ങളിൽ യു.ഡി.എഫ് സ്വതന്ത്രരുമാണ് വിജയിച്ചത്. ഉപതിരഞ്ഞെടുപ്പിലൂടെ കൊല്ലം ജില്ലയിലെ തൊടിയൂർ, പൂയപ്പള്ളി പഞ്ചായത്തുകളുടെ ഭരണവും യു.ഡി.എഫ് പിടിച്ചെടുത്തു. 18 സീറ്റുണ്ടായിരുന്ന യു.ഡി.എഫ് ഇക്കുറി അഞ്ച് സീറ്റുകളാണ് അധികമായി നേടിയത്. യു.ഡി.എഫിന് 23, എൽ.ഡി.എഫിന് 23, എൻ.ഡി.എ മൂന്ന് എന്നിങ്ങനെയാണ് വിജയിച്ച സീറ്റുകളുടെ എണ്ണം. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ യു.ഡി.എഫിന് ആകെ 18 സീറ്റുകളാണ് ഉണ്ടായിരുന്നത്. കാസർകോട് മൊഗ്രാൽ പുത്തൂരിൽ കല്ലങ്കൈ വാർഡ് എസ്ഡിപിഐയിൽ നിന്നും യു.ഡി.എഫ് പിടിച്ചെടുത്തു.

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന് 24, യു.ഡി.എഫിന് 18, എൻ.ഡി.എ നാല്, എസ്ഡിപിഐ ഒന്ന്, യു.ഡി.എഫ് വിമതൻ ഒന്ന് എന്നിങ്ങനെയായിരുന്നു സീറ്റുകളുടെ എണ്ണം. ഉപതിരഞ്ഞെടുപ്പ് ഫലം വന്നോതടെ കൊല്ലത്ത് തൊടിയൂർ പൂയപ്പള്ളി പഞ്ചായത്തുകളിൽ ഭരണം മാറും.

ഈ രണ്ടു പഞ്ചായത്തുകളും ഇനി യു.ഡി.എഫ് ഭരിക്കും. വാകത്താനത്ത് യു. ഡി.എഫ് സ്ഥാനാർത്ഥി തോറ്റത് വെറും രണ്ടുവോട്ടിനാണ്. ചിറ്റാറ്റുകരയിൽ 18 വോട്ടിന്റെയും രാമങ്കരി പഞ്ചായത്തിലെ വേഴപ്ര പടിഞ്ഞാറ് വാർഡിൽ 9 വോട്ടിന്റെയും വ്യത്യാസത്തിലാണ് യു.ഡി.എഫ് സ്ഥാനാർത്ഥികൾ പരാജയപ്പെട്ടത്.

### തൊടുപുഴ നഗരസഭയിൽ മുസ്‌ലിം ലീഗിന് വിജയം



തൊടുപുഴ : നഗരസഭാ ഒമ്പതാം വാർഡിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ യു ഡി എഫിന് വിജയം. മുസ്‌ലിം ലീഗ് സ്ഥാനാർഥിയായി മൽസരിച്ച ജോർജ്ജ് ജോൺ കൊച്ചുപറമ്പിൽ 126 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് വിജയിച്ചത്. ഇതോടെ നഗരസഭയിൽ യു ഡി എഫ് ഭരണത്തിന് വഴിയൊരുങ്ങി. യു.ഡി.എഫ് 390, ബി. ജെ. പിയിലെ രാജേഷ് പൂവാശേരി 264,എൽഡിഎഫിലെ ബാബു ജോർജ് 263, ആം ആദ്മി പാർടിയിലെ റൂബി വർഗീസ് 84 വോട്ടും നേടി. ഇതോടെ നഗരസഭയിൽ യു. ഡി .എഫ് 13 , എൽഡിഎഫ് 12, ബി ജെ പി 8, സ്വതന്ത്രൻ 1 എന്നിങ്ങനെയാണ് കക്ഷിനില.